ജ്യോതിഷമാർഗ്ഗദീപിക



ഗ്രന്ഥകർത്താ:

വടക്കെക്കര കരുണാകരമേനോൻ

ജ്യോതിഷമാൎഗ്ഗദീപിക

ഗ്രന്ഥകൎത്താ:

വടക്കെകര കരുണാകരമേനോൻ.



പ്രസാധകന്മാർ

വിദ്യാൎത്ഥി ബ്രദേൎസ്,

വിദ്യാരത്ന പ്രസ്സ് & ബുക്ക് ഡിപ്പോ,

തൃശ്ശിവപേരൂർ.

First Edition Copies 500.

PRICE 1—8—0

പ്രസ്താവന.

'ജ്യോതിഷം' എന്ന പദത്തിന്നു 'ജ്യോതി' അഥവാ പ്രകാശത്തിനെപ്പററിയ ജ്ഞാനം എന്നർത്ഥമാകുന്നു. ഈ ജ്യോതിസ്സൃഷ്ടിസ്ഥിതിസംഹാരകാരണമായ ജ്യോതിസ്സുതന്നെയാണു്. ഇംഗ്ലീഷിൽ Astrology എന്ന പദവും, Astro=നക്ഷത്രം. Logos=Logic, അഥവാ 'യുക്തി' എന്ന ധാതുക്കളിൽനിന്നും ഉണ്ടായതാകുന്നു. പൂർണ്ണചന്ദ്രൻ ഉദിച്ചുവരുമ്പോഴും കടലിൽ തിരമാലകൾ പൊങ്ങുന്നതും, നേരെ മറിച്ചു് കറുത്ത വാവുന്നാൾ കടലിന്റെ ശക്തി കുറയുന്നതും നമുക്കു് അനുഭവമാണല്ലോ. രോഗപീഡിതരായ പലർക്കും കറുത്ത വാവുന്നാൾ രോഗാധിക്യമുണ്ടാകുന്നതും, ചിലപ്പോൾ മരണം സംഭവിക്കുന്നതും നാം കാണുന്നുണ്ടു്. അതിൽനിന്നും ചന്ദ്രനു് ഭൂമിയെ സംബന്ധിച്ചും, ഭൂമിയിൽ വസിക്കുന്ന ജീവജാലങ്ങളെ സംബന്ധിച്ചും ചില ശക്തിവിശേഷങ്ങൾ ഉണ്ടെന്നു നമുക്കു് അറിയാകുന്നു. സൂര്യപ്രകാശം ജീവസന്ധാരണത്തിനു അവശ്യം ആവശ്യമാണെന്നും, ആ സൂര്യപ്രകാശത്തിന്റെ ആധിക്യവും അഭാവവും വരുമ്പോൾ ജീവജാലങ്ങളിൽ പല പല മാറ്റങ്ങളും ഉണ്ടാകുമെന്നും നമുക്കെല്ലാവർക്കും വിദിതമായ കാര്യമാണു്. നവഗ്രഹങ്ങളിൽ സൂര്യൻ, ചന്ദ്രൻ എന്നീ രണ്ടു ഗോളങ്ങൾക്കു് ലോകത്തിന്റേയും ലോകത്തിലെ ജീവജാലങ്ങളുടെയും മീതെ ഇത്രമാത്രം അധികാരമുണ്ടെങ്കിൽ മററു ഗ്രഹങ്ങൾക്കും അപ്രകാരമുള്ള ചില അധികാരങ്ങൾ ഉണ്ടായിക്കൂടെ? സാമാന്യമായി എല്ലാവരേയും സ്പർശിക്കുന്ന ഇത്തരം ശക്തിവിശേഷങ്ങൾ അവക്കുണ്ടെങ്കിൽ ഓരോരുത്തരേയും പ്രത്യേകം പ്രത്യേകം ഓരോവിധം സ്പർശിക്കുന്ന ചില ശക്തിവിശേഷങ്ങളും ഈ ഗ്രഹഗോളങ്ങൾക്കില്ലയോ? ഈ പ്രശ്നങ്ങൾ നമ്മുടെ ചിന്തക്കു് വിഷയീഭൂതമായാൽ തീർച്ചയായും, ജ്യോതിഷത്തിനെപ്പററി നമുക്കു് വിശ്വാസം ഉണ്ടാകാതിരിക്കാൻ തരമില്ല.

'ഡക്കൻറി', 'പിത്തഗോറസ്സു്', 'ബേക്കൺ', കെപ്ലർ 'ഡെമോക്രാറ്റിസ്സു്' എന്നീ പാശ്ചാത്യ ശാസ്ത്രജ്ഞന്മാരും പൌരസ്ത്യപണ്ഡിതന്മാരെപ്പോലെ ജ്യോതിശ്ശാസ്ത്രത്തിൽ വിശ്വാസമുള്ളവരാ

യിരുന്നു. കാലക്രമേണ ഹോരാശാസ്ത്രത്തിൽ പരാശരനും ജൈമിനിയും ആണ് ജ്യോതിശ്ശാസ്ത്രത്തിൽ പ്രാമുഖ്യം നേടിയവർ. അവരിൽ പരാശരന്റെ സംഹിതകളെ ആസ്പദമാക്കിയാണ് അനന്തരം ജാതകഗ്രന്ഥങ്ങൾ പിന്നീട് പലതും രചിച്ചിട്ടുള്ളത്. ജൈമിനിയുടെ ഗ്രന്ഥങ്ങൾ ഒട്ടധികവും നഷ്ടപ്പെട്ടുപോയിട്ടുണ്ട്. ''ജൈമിനി സൂത്രങ്ങൾ'' എന്ന പേരിൽ അപൂർണ്ണമായി ഒരു ഗ്രന്ഥം മാത്രമേ അദ്ദേഹത്തിന്റേതായിട്ട് ഇന്ന് പ്രചാരത്തിലുള്ളൂ. ബൃഹജ്ജാതകം ബൃഹത്സംഹിത എന്ന പേരുകളിൽ വരാഹമിഹിരൻ എഴുതിയിട്ടുള്ള രണ്ടു ഗ്രന്ഥങ്ങളും ജ്യോതിശ്ശാസ്ത്രത്തിന്റെ അടിസ്ഥാനശിലകളാണ്. ഗർഗ്ഗൻ, സത്യാചാര്യൻ, ഭട്ടോല്പലൻ, വെങ്കടേശൻ എന്നിവരുടെ ഗ്രന്ഥങ്ങളും അതുപോലെ ജ്യോതിഷത്തിൽ പലതും പ്രധാനഗ്രന്ഥങ്ങളായി പരിഗണിച്ചുവരുന്നു.

ജ്യോതിശ്ശാസ്ത്രം ശരിയായി പഠിച്ചിട്ടുള്ളവർക്ക് ഒരാളുടെ ഉല്പത്തിമുതൽ മരണംവരെയും അതിനുശേഷവും സംഭവിക്കുന്ന ഓരോ സംഭവങ്ങളെക്കുറിച്ചും അയാളുടെ പൂർവ്വജന്മത്തിലെ അവസ്ഥാന്തരങ്ങളെക്കുറിച്ചും, ശരിയായും പ്രത്യക്ഷമായും ഗ്രഹിക്കാൻ സാധിക്കുന്നതാണ്. എന്നാൽ ആ ശാസ്ത്രത്തിൽ ശരിയായ പരിജ്ഞാനവും പരിചയവും സിദ്ധിച്ചിട്ടില്ലാത്തവരാണ് ജ്യോത്സ്യന്മാരിൽ മിക്കപേരും. അതു മുഴുവൻ പഠിക്കാൻ ആജീവനാന്തം യത്നിച്ചാലും സാധിക്കുന്നതുമല്ല. പഠിച്ച സംഗതികൾതന്നെ ഓർമ്മിച്ച് ഗ്രഹങ്ങളുടെ വിവിധനിലകളെ സംബന്ധിച്ചും ശരിയായി മനസ്സിലാക്കി, കൃത്യമായും, പൂർണ്ണമായും ഒരു ജാതകം പരിശോധിക്കുക എന്നത് ആർക്കും അത്ര എളുപ്പമായ ഒന്നല്ല. അവനവനറിയേണ്ട ഒട്ടധികം സംഗതികൾമാത്രം ആധാരമാക്കിയേ മിക്കപേർക്കും ജാതകപരിശോധന നടത്തുവാൻ സാധിക്കാറുള്ളൂ. ജാതകം എഴുതാൻ എത്രമാത്രം ശരിയായി ഗണിച്ചിട്ടുള്ളതാണെന്നും, അതിൽ സമയഭേദമോ, ഗണിതപിഴകളോ വന്നിട്ടുണ്ടോ എന്നും നോക്കുവാനും അധികംപേർക്കും ക്ഷമയുണ്ടാകാറില്ല. അതുകൊണ്ടെല്ലാം ജ്യോത്സ്യന്മാർക്ക് തെറ്റുപറ്റുക സാധാരണയാണ്. നിരന്തരമായും ആത്മാർത്ഥമായും, ക്രമമായും ഈശ്വരസേവനംചെയ്യും പാവനമായ ആദർശങ്ങളെ അടിസ്ഥാനമാക്കിയും, ലോകോപകാരാർത്ഥം ജീവിക്കുന്ന ജ്യോത്സ്യന്മാർ മാത്രമേ

'ദൈവജ്ഞൻ' എന്ന പേരിനു് അർഹനാകുന്നുള്ളൂ. അങ്ങിനെയുള്ള ദൈവജ്ഞന്മാരു്, ജ്യോതിഷവിജ്ഞാനം നന്ന കുറവാണെങ്കിൽകൂടി അങ്ങേറ്റം ഫലം പറയുന്നതൊക്കെ അത്യത്ഭുതം സത്യമായി ഭവിക്കുന്നു. അതുകൊണ്ടു്, ആരെങ്കിലും ജ്യോതിഷം പഠിക്കുവാൻ താല്പര്യം പ്രദർശിപ്പിക്കുന്നുണ്ടെങ്കിൽ അവർ ആദ്യംതന്നെ ഈശ്വരസേവ ചെയ്യുകയും ശുദ്ധമായ ജീവിതം നയിക്കുകയും വേണ്ടതാണു്.

മഹാസമുദ്രംപോലെ അതിവിസ്തൃതവും, അത്യഗാധവുമായ ജ്യോതിശ്ശാസ്ത്രത്തിനെ സംബന്ധിച്ചു് ഒരു ഗ്രന്ഥം എഴുതുവാൻ ഒട്ടേറെയും ഉദ്ദേശമുണ്ടു് പ്രാപ്തിയില്ല. എന്നാൽ ജ്യോതിഷം എന്നാൽ എന്താണെന്നുപോലും അറിഞ്ഞിട്ടില്ലാത്ത അജ്ഞന്മാരിലെ ർക്കു് അതിനെപ്പറ്റി ഒരു ഏകദേശരൂപം ഒന്നു് ഉണ്ടാക്കണമെന്നു മാത്രം ഉദ്ദേശിച്ചു് എഴുതിയതാണു് ഈ പുസ്തകം. പല ജ്യോതിഷഗ്രന്ഥങ്ങളും വായിക്കുവാനും, ജ്യോതിശ്ശാസ്ത്രം ശരിയായി പഠിക്കുവാനും, ഈ ഗ്രന്ഥം വായിച്ചുകൊണ്ടു് ആർക്കെങ്കിലും ഉത്സാഹമുണ്ടാകുന്ന പക്ഷം, ഈയുള്ളവന്റെ ഉദ്ദേശം സഫലമാകുന്നതാണു്. ഇതിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികൾ കൂടി പണ്ഡിതന്മാർ പഠിപ്പിക്കുവാൻ വേണ്ടിയുള്ളതല്ല. നേരെമറിച്ചു് അഭിപ്രായഭേദം പറഞ്ഞിട്ടും ഉണ്ടാകുവാൻ പ്രേരണ നൽകുന്ന ഒരു 'വഴികാട്ടി' എന്ന നിലയിലുള്ളതാണു്. ആ ഉദ്ദേശത്തിൽനിന്നു അധികം വിസ്തരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടാണു് ഇതെഴുതിയിട്ടുള്ളതു്.

ഗ്രന്ഥകർത്താ.

ജ്യോതിഷമാൎഗ്ഗദീപിക.

അദ്ധ്യായം ൧.

ആകാശമണ്ഡലവും ഗ്രഹഗോളങ്ങളും.

അനാദ്യന്തമായ ആകാശമണ്ഡലത്തിൽ നിരവധി ഗോളങ്ങളുള്ളതിൽ ഒരു ഗോളം മാത്രമാണു് നാം നിവസിക്കുന്ന ഭൂമി. എല്ലാഗോളങ്ങളും സൂൎയ്യഗോളത്തിനോടു് ആകൎഷണബന്ധമുള്ളവയും, അവ എല്ലാം സൂൎയ്യനെ സമീപി വലയം ചെയ്തുകൊണ്ടിരിക്കുന്നവയുമാണു്. സപ്തഗ്രഹങ്ങളിൽ ഏററവും അധികം അകലത്തിൽ സ്ഥിതിചെയ്യുന്ന ഗ്രഹം ശനിയാണു്. ഗ്രഹഗോളങ്ങളിൽവെച്ചു് ഏററവും വലുപ്പം കൂടിയ വ്യാഴം ശനിക്കു താഴെ സ്ഥിതിചെയ്യുന്നു. വ്യാഴത്തിന്റെ താഴെ സ്ഥിതിചെയ്യുന്നതു ചൊവ്വയാണു്. ചൊവ്വ കഴിഞ്ഞാൽ പിന്നെ ആദിത്യൻ. ആദിത്യന്നു് 9 30,00,000 നാഴിക താഴെ ഭൂമി സ്ഥിതിചെയ്യുന്നു. ഭൂഗോളത്തെ വലയം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ഉപഗ്രഹമാണു ചന്ദ്രൻ. ചന്ദ്രൻ ഭൂമിയിൽനിന്നും 210,000 നാഴിക അകലെയാണു്. ഭൂഗോളത്തിന്റെ താഴെയുള്ള ഗ്രഹങ്ങൾ ശുക്രനും, അതു കഴിഞ്ഞാൽ ബുധനുമാണു്. ഗ്രഹങ്ങൾക്കെല്ലാം പ്രത്യേകം പ്രത്യേകം സഞ്ചാരവീഥികളുണ്ടു്. ആ സഞ്ചാരവീഥികളിലൂടെ അവയെല്ലാം സൂൎയ്യനെ പ്രദക്ഷിണം ചെയ്തുകൊണ്ടിരിക്കുന്നു. ഓരോ ഗ്രഹങ്ങളുടേയും ഗമനപഥങ്ങളെ അവരവരുടെ കക്ഷ്യാമാൎഗ്ഗങ്ങൾ എന്നു പറയുന്നു. ഗ്രഹങ്ങളുടെ സാക്ഷത്രങ്ങളെ രാശിചക്രത്തിൽ ഈപ്രകാരം കാണിക്കുന്നു.

ഗുരു (വ്യാഴം)	കുജൻ (ചൊവ്വ)	ശുക്രൻ	ബുധൻ
ശനി			ചന്ദ്രൻ
ശനി			രവി
ഗുരു	കുജൻ	ശുക്രൻ	ബുധൻ

ഗ്രഹങ്ങളെല്ലാം അവരവരുടെ പ്രത്യേകമായ ഗമനമാർഗ്ഗങ്ങളിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഭൂമിയിൽനിന്നുകൊണ്ടു് അവയെ നോക്കുന്ന നമുക്കു്, നോക്കുന്ന സമയത്തെയും സ്ഥലത്തെയും ആശ്രയിച്ചു അവയെ വ്യത്യസ്ത നിലകളിൽ കാണുന്നു.

ഓരോ സമയത്തുമുള്ള ഗ്രഹങ്ങളുടെ നിലകളെ 'ഡിഗ്രി' കണക്കാക്കി നമുക്കു് അറിയാവുന്നതാണു്. ഒരു വൃത്തത്തെ നാലായി വിഭജിച്ചാൽ അതിൽ നാലു ഖണ്ഡങ്ങളിരിക്കും വിധം നാലു സമമായ കോണുകളുണ്ടായിരിക്കുമല്ലോ. അതിൽ ഓരോ കോണും 90 ഡിഗ്രിയുണ്ടായിരിക്കും. ആ കോണുകളിൽ ഓരോന്നിനെയും മൂന്നായി വിഭജിച്ചാൽ 30 ഡിഗ്രി വീതമുള്ള മൂന്നു കോണുകൾ വീതം ഉണ്ടാകുമല്ലോ. അപ്രകാരം 30 ഡിഗ്രി വീതമുള്ള ഓരോ വിഭാഗത്തെയും ഒരു രാശിയെന്നു പറയുന്നു. ഇംഗ്ലീഷിൽ ഡിഗ്രി എന്നു പറയുന്നതിനെ ജ്യോതിശ്ശാസ്ത്രത്തിൽ "അംശ"മെന്നു പറയുന്നു. 30 അംശമാണു് ഒരു രാശി. ഓരോ രാശിയുടെയും ഡിഗ്രി അഥവാ അംശത്തെപ്പററിയും അവയുടെ പേ



330—360° മീനം	0—30° മേടം	30—60° ഇടവം	60°—90° മിഥുനം
300°—330° കുംഭം			90°—120° കർക്കിടകം
270—300° മകരം			120°—150° ചിങ്ങം
240—270° ധനു	210—240° വൃശ്ചികം	180°—210° തുലാം	150—180° കന്നി

ങ്ങളെപ്പററിയും മറുഭാഗത്തു ചേർത്തിരിക്കുന്ന ചിത്രത്തിൽനിന്നും മനസ്സിലാക്കാം.

ആദ്യത്തെ 30 ഭാഗമായതാണു് മേടം രാശി എന്നു പറയുന്നതു്. അതിനുശേഷം ഓരോ 30 ഭാഗവും (ഡിഗ്രി) ക്രമേണ ഇടവം, മിഥുനം, കർക്കിടകം, ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം എന്നിങ്ങനെയായി മീനം രാശി 330°—360° യിൽ അവസാനിക്കുന്നു.

അദ്ധ്യായം ൨.

രാശികൾ

ആകാശമണ്ഡലത്തെ പന്ത്രണ്ടായി വിഭജനം ചെയ്തിട്ടുള്ളതിൽ ഓരോ വിഭാഗത്തെയുമാണു് "രാശി"യായി പറയുന്നതു് എന്നു് നാം മനസ്സിലാക്കിയല്ലോ. വടക്കു് കിഴക്കു ഭാഗം മീനം രാശിയും, തെക്കു് കിഴക്കെഭാഗം മിഥുനം രാശിയും, തെക്കുപടിഞ്ഞാറെ ഭാഗം കന്നിരാശിയും, വടക്കുപടിഞ്ഞാറെ ഭാഗം ധനുരാശിയും, കിഴക്കു് ഭാഗത്തു് മീനത്തിനു് അടുത്തു് മേടവും, അടുത്തു് ഇടവവും, തെക്കെഭാഗത്തു് മിഥുനത്തിനടുത്തു് കർക്കിടകവും അടുത്തു് ചിങ്ങവും, പടിഞ്ഞാറുഭാഗത്തു് കന്നിക്കു് അടുത്തു് തുലാംരാശിയും, അടുത്തു് വൃശ്ചികവും, വടക്കെഭാഗത്തു് ധനുവിനടുത്തു് മകരവും അടുത്തു് കുംഭവുമിരിക്കുന്നു.

ഈ രാശികളെ ഓജരാശികളെന്നും യുഗ്മരാശികളെന്നും, ചരം, സ്ഥിരം, ഉഭയം രാശികളെന്നും, ജലം, അഗ്നി, ഭൂമി, വായു, രാശികളെന്നും തിരിച്ചിട്ടുണ്ടു്. മേടം മുതൽ ഒന്നിടവിട്ടു് മിഥുനം, ചിങ്ങം, തുലാം, ധനു, കും

ടം ആറുരാശികൾ ഓജരാശികളും, ശേഷം ആറു രാശികൾ യുഗ്മരാശികളുമാണ്. മേടം ചരരാശിയും, ഇടവം സ്ഥിരരാശിയും, മിഥുനം ഉഭയരാശിയുമാണ്.

മേടത്തിൽ നിന്ന് നാലാമതുവരുന്ന കർക്കിടകവും, കർക്കിടകത്തിൽനിന്ന് നാലാമതുവരുന്ന തുലാംരാശിയും, അവിടന്ന് നാലാമതുവരുന്ന മകരവും ചരരാശികളുമാണ്. കർക്കിടകത്തിന് ശേഷംവരുന്ന ചിങ്ങം സ്ഥിരരാശിയും, കന്നി ഉഭയരാശിയുമാണ്. അതുപോലെ തുലാത്തിന് ശേഷംവരുന്ന വൃശ്ചികം സ്ഥിരവും, ധനു ഉഭയവും, മകരത്തിന് ശേഷംവരുന്ന കുംഭം സ്ഥിരവും, മീനം ഉഭയവുമാണ്. മീനം ജലരാശിയും, മേടം അഗ്നിരാശിയും, ഇടവം ഭൂമിരാശിയും മിഥുനം വായുരാശിയുമാണ്. വൃശ്ചികം ജലരാശിയും, ധനു അഗ്നിരാശിയും, മകരം ഭൂമിരാശിയും, കുംഭം വായുരാശിയുമാകുന്നു. ഓജരാശികളെ പുരുഷരാശികളെന്നും, യുഗ്മരാശികളെ സ്ത്രീരാശികളെന്നും പറയാറുണ്ട്.

ഓജരാശികളിൽ ജനിക്കുന്നവർ ഉഗ്രചിത്തസ്വഭാവവും യുഗ്മരാശികളിൽ ജനിക്കുന്നവർ മനോധൈര്യംകുറവുള്ളവരായും സൗമ്യന്മാരായും കണ്ടുവരുന്നു. ചരരാശികളിൽ സ്ഥിതിചെയ്യുന്ന ഗ്രഹങ്ങളെക്കാൾ സ്ഥിരരാശികളിൽ സ്ഥിതിചെയ്യുന്ന ഗ്രഹങ്ങൾക്കും, സ്ഥിരരാശിയിൽ സ്ഥിതിചെയ്യുന്ന ഗ്രഹങ്ങളെക്കാൾ ഉഭയരാശിസ്ഥിതരായ ഗ്രഹങ്ങൾക്കും ശക്തി കൂടുതലാണ്. ആഗ്നേയരാശികളിൽ ജനിക്കുന്നവർ ധൈര്യം, ശക്തി, കോപം, അഹങ്കാരം മുതലായവ കൂടുതലുള്ളവരാണ്. അവർ യന്ത്രസംബന്ധമായ ജോലികൾക്കും, യുദ്ധസേവനത്തിനും പററിയവരായിരിക്കും. ഭൂമിരാശിയിൽ ജനിക്കുന്നവർ സ്വാർത്ഥികളും അല്പന്മാരും അത്യാഗ്രഹികളുമാണ്. അവർക്ക് ജോലികളിൽ കൂടുതൽ ഉത്സാഹം. കൃഷി മുതലായ മണ്ണിനോടിടപെട്ട ജോ

ഷികൾക്ക് ഇവർ പാത്രമാവരാണ്. വായുരാശിക്കാർ സത്യവാന്മാരും, സമാധാനപ്രിയന്മാരും, ഗവേഷണാദി ജോലികളിൽ വിദഗ്ദ്ധന്മാരും, ഐശ്വര്യസമ്പാദ്യമുള്ളവരുമായിരിക്കും. തത്ത്വപരവും, എഴുത്തുസംബന്ധവുമായ ജോലികളിൽ അവർ ഏർപ്പെടുന്നു. ജലരാശിക്കാർ സ്വന്തകാര്യങ്ങളിൽ മാത്രം ശ്രദ്ധാലുക്കളും, സ്വാർത്ഥമതികളും ആലോചന കൂടാതെ വരുമാണ്. അവർ കച്ചവടസംബന്ധമായും, കൃഷിപരമായും, ജോലിചെയ്തുകയും ധനം സമ്പാദിക്കുകയും ചെയ്യുന്നു. ഇവർ തീർത്ഥയാത്രകളിൽ ഉത്സുകരായിരിക്കും.

ഭൂഗോളം സമപാതനാക്ഷത്തിൽ തിരിഞ്ഞുകൊണ്ട് സൂര്യനെ വലംവെക്കുന്നു. അങ്ങിനെ വലംവെക്കുമ്പോൾ എപ്പോഴും സൂര്യാദിനവഗ്രഹങ്ങളുടെയും ഭൂമിയുടെയും സ്ഥിതി ഒരേനിലയിലായിരിക്കയില്ലല്ലോ. നവഗ്രഹങ്ങൾ എല്ലാം ഏതാനും നാഴികകൾകൊണ്ടും, ഏതാനും മാസങ്ങൾകൊണ്ടും ഏതാനും ദിവസങ്ങൾകൊണ്ടും രാശികൾ ഒന്നു കഴിഞ്ഞ് മറ്റൊന്നായി ക്രമത്തിൽ മാറിക്കൊണ്ടിരിക്കുന്നു. അതിൽ സൂര്യൻ ഓരോ രാശിയിലും കൃത്യം ഒരു മാസം വീതം നില്ക്കുന്നു. മേഷസംക്രമത്തിന് സൂര്യൻ മേഷം രാശിയിൽ പ്രവേശിക്കുകയും ആ മാസം ആ രാശിയിൽ നില്ക്കുകയും ചെയ്യുമ്പോൾ ആ മാസത്തെയാണ് നാം മേടമാസം എന്ന് പറയുന്നത്. മേടത്തിൽനിന്ന് ഇടവസംക്രമത്തിന് സൂര്യൻ ഇടവം രാശിയിലേക്ക് പ്രവേശിക്കുമ്പോൾ ആ മാസം ഇടവമാസമായി.

ജനിച്ച മാസത്തിന്റെ—അഥവാ ജാതകത്തിൽ സൂര്യൻ നില്ക്കുന്ന രാശിയുടെ സാമാന്യഫലങ്ങൾ.

മേഷത്തിൽ സൂര്യൻ നിന്നാൽ അഥവാ മേടം ജനിച്ചമാസമാണെങ്കിൽ:—

അപാരമായകീർത്തി, സഞ്ചാരപ്രിയം, അല്പധനം,— ആയുധങ്ങൾധരിക്കാൻ ആസക്തി.

ഇടവം:—വസ്ത്രാഭരണങ്ങളിൽ വ്യാപാരം. സ്ത്രീനിന്ദ, സംഗീതവൈദഗ്ദ്ധ്യം.

മിഥുനം:—വ്യാകരണ നൈപുണ്യം, ജ്യോതിഷജ്ഞാനം നല്ല ധനസ്ഥിതി.

കർക്കിടകം:—സ്വാതന്ത്ര്യപ്രിയം, കോപം, പരന്മാർക്ക് വേണ്ടി ക്ലേശിക്കുന്ന സ്വഭാവം അധികം അലഞ്ഞു നടക്കേണ്ടിവരും.

ചിങ്ങം:—വനവാസപ്രിയം, ശക്തി, വിസ്തൃതമായ പ്രവൃത്തികൾ.

കന്നി:—ലേഖനങ്ങൾ എഴുതുവാൻ സാമർത്ഥ്യം. ചിത്രകലാവൈദഗ്ദ്ധ്യം സാഹിത്യപരിജ്ഞാനം ഗണിതശാസ്ത്രരുചി — നല്ല ലോകപരിജ്ഞാനം, സ്ത്രീകളെ പോലെയുള്ള ദേഹപ്രകൃതി.

തുലാം:—മദ്യപാനാസക്തി, സഞ്ചാരപ്രിയം, ഭൃത്യന്മാർക്ക് വ്യസനം.

വൃശ്ചികം:—ഭയങ്കരപ്രകൃതി, ആലോചിക്കാതെ ജോലികൾ ആരംഭിക്കുന്ന സ്വഭാവം, ആയുധവിദ്യയിൽ സമർത്ഥത, വിഷമകരമായ പ്രയോഗത്തിൽകൗശലം.

ധനു:—സ്വാതന്ത്ര്യശീലം, വൈദ്യകലാവൈദഗ്ദ്ധ്യം നല്ല ധനസ്ഥിതി, ഈശ്വരഭക്തി.

മകരം:—തന്റെ നിലയ്ക്ക് ഉചിതമല്ലാത്ത ജോലികൾ ചെയ്യേണ്ടതായിവരുന്നയോഗം, അല്പവീര്യ, അല്പം അറിവ്, അല്പം ധനം, കവിതാകീർത്തി, അന്യധനം അപഹരിക്കാൻ യോഗം.

കുംഭം:—ദാരിദ്ര്യം, അല്പപുത്രയോഗം.

മീനം:—സ്ത്രീകൾ പൂജിക്കുന്ന പ്രകൃതി, അനല്പമായ ധനം.

ഭൂമിയെ വലംവെച്ചു കൊണ്ടിരിക്കുന്ന ചന്ദ്രൻ 2¼ നാളു് വീതം ഓരോ രാശിയിൽ നില്ക്കുന്നു. അശ്വതി, ഭരണി കാർത്തികക്കാൽ ഇങ്ങിനെ ആദ്യത്തെ 2¼ നാളുകൾ ചന്ദ്രൻ മേടം രാശിയിലും, അതിന്നു ശേഷം അടുത്ത 2¼ നാളുകൾ ഇടവം രാശിയിലും ഇങ്ങിനെ ക്രമമായി അവസാനത്തെ 2¼ നാളുകൾ മീനം രാശിയിലും ആയി ചന്ദ്രൻ ഭൂമിയെ ഒരു പ്രാവശ്യം ചുറ്റുന്നു. അശ്വതി, ഭരണി കാർത്തികക്കാൽ—മേഷക്കൂറ് എന്നു പറയുന്നതിന്റെ താല്പര്യം ഈ 2¼ നാളുകളിൽ ചന്ദ്രൻ മേടം രാശിയിൽ സ്ഥിതി ചെയ്യുന്നു എന്നാണ്. അതുകൊണ്ടു് ജനിച്ച നാളു നോക്കിയാൽ ചന്ദ്രൻ ഏതു് രാശിയിലാണ് സ്ഥിതിചെയ്യുന്നതെന്ന് മനസ്സിലാക്കാം. ജനനസമയത്തു് ചന്ദ്രൻ നില്ക്കുന്ന രാശിയുടെ ഫലങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ചന്ദ്രൻ നില്ക്കുന്ന രാശിയുടെ ഫലങ്ങൾ.

ചന്ദ്രൻ മേടം രാശിയിൽ നിന്നാൽ (അഥവാ ജനിച്ച പക്കം അശ്വതി ഭരണി കാർത്തികക്കാൽ ഇതിലേതെങ്കിലുമാണെങ്കിൽ ചുവപ്പുനിറംകലർന്ന കണ്ണുകൾ, സസ്യഭക്ഷണത്തിൽ അഭിരുചി, പെട്ടെന്ന് ശാന്തപ്പെടുന്ന സ്വഭാവം, സഞ്ചാരപ്രിയം, സംഭോഗാസക്തി, ബലം കുറഞ്ഞകാലിണകൾ, ധനം സ്ഥിരമായില്ലായ്മ, വികൃതമായ നഖങ്ങൾ, തിരക്കിൽ മുറിപറക, കോപസ്വഭാവം, അസ്ഥിരമായ മനസ്സ്, വെള്ളത്തിൽ ഇറങ്ങാൻ ഭയം.

ചന്ദ്രൻ ഇടവം രാശിയിലാണെങ്കിൽ—കാർത്തിക മുക്കാൽ, രോഹിണി, മകയിരത്തര:—

സൌന്ദര്യം, വലിയമുഖം, ദാനപ്രിയം, നിർഭയം, വലിയതുടയും അധികാരവും, കഴുത്തിൽമറു, സ്ത്രീസന്താന

ങ്ങൾ അധികം, കാമപ്രകൃതി, എല്ലാവരേയും സ്നേഹിക്കുന്നതിലും, ക്ഷണപ്രിയം, സ്നേഹിതന്മാരോട് അത്യധികമായ ഇഷ്ടം, ബാല്യത്തിൽ അസുഖങ്ങൾ.

മിഥുനം:— മകയിരത്തര, തിരുവാതിര, പുണർതത്തിൽ മുക്കാൽ:— സ്ത്രീകളോട് അനുരക്തി, മുഖസൗന്ദര്യം, കാര്യങ്ങളിൽ വൈദഗ്ദ്ധ്യം, ചുരുണ്ട തലമുടി, തീക്ഷ്ണബുദ്ധി, ഹാസ്യരസസംഭാഷണം, സംഗീതാഭിരുചി, നൃത്തപ്രിയം, ഉയർന്ന മൂക്ക്, മറ്റുള്ളവരുടെ ചിന്താഗതി അറിവാൻ പ്രത്യേകസാമർത്ഥ്യം.

കർക്കിടകം:— പുണർതത്തിൽ കാൽ, പൂയം, ആയില്യം. വേഗത്തിൽ നടക്കുന്ന പ്രകൃതി (നടക്കുമ്പോൾ തല കുനിച്ചു പിടിക്കും) ഉത്തമസ്നേഹിതന്മാരുണ്ടായിരിക്കും. സ്ത്രീകളുടെ വാശികൊണ്ട് വിഷയത്തിൽ കഷ്ടതയും, [illegible], അനവധി ഗൃഹങ്ങൾക്ക് അധിപനായിരിക്കും, ധനം ഏടക്ക് കൂടിയും ഏടക്ക് കുറഞ്ഞും ഇരിക്കും, കണക്കുകൂട്ടുക, നല്ലവാക്കുകൾ കൊണ്ട് ആരെയും വശീകരിക്കും, സ്നേഹിതന്മാരോട് വലിയ താല്പര്യം, വെള്ളം, വനപ്രദേശങ്ങൾ ഇവയോട് ഇഷ്ടം.

ചിങ്ങം:— മകം, പൂരം, ഉത്രത്തിൽകാൽ:— വലിയ കവിളിണകൾ, വലിയ മുഖം, പുത്രന്മാർ കുറവ്, സ്ത്രീകളോട് വെറുപ്പ്, മാംസാഹാരത്തിൽ താല്പര്യം, മലകളിലും കാടുകളിലും നടക്കാൻ ഇഷ്ടം, വയറ്റിൽ വേദന, പല്ലുവേദന, മനസ്സിന് എന്നും ആധികൾ. ദാനം കൊടുത്താൽ മതിയാകാത്ത സ്വഭാവം, ധീരത, സ്ഥിരസ്വഭാവം, ക്രൂരത, മാതാവിനോട് അധികം അടുപ്പം.

കന്നി:— ഉത്രത്തിൽ മുക്കാൽ, അത്തം, ചിത്തിര അര, ലജ്ജയുള്ള കണ്ണുകൾ, വിനയം, താഴ്ന്ന തോളുകൾ, സുഖി, മൃദുവായ ദേഹം, മൃദുവായ വാക്ക്, സത്യവാൻ, ശാസ്ത്രവൈദഗ്ദ്ധ്യം; സംഗീതം ചിത്രകല ഇവയിൽ അഭിരുചി, സൗന്ദ

പാരംഗതത്വം, ബുദ്ധിമാൻ, അന്യസ്വത്ത് അനുഭവിക്കാൻ യോഗം.

തുലാം:— ചിത്തിര അര, ചോതി, വിശാഖത്തിൽ മുക്കാൽ— ബ്രാഹ്മണരേയും, ദേവന്മാരേയും ബഹുമാനം; അന്യസ്വത്തിൽ ആശയില്ലായ്മ; വേദശാസ്ത്രാദികളിൽ വൈദഗ്ദ്ധ്യം; ഉയർന്ന നാസിക; വണ്ണം കൂടിയ കൈകൾ; സഞ്ചാരപ്രിയം; ധാരാളം ധനം; രോഗബാധിതമായ ശരീരം; ബന്ധുക്കളുടെ വെറുപ്പും ആക്ഷേപവും ഫലം.

വൃശ്ചികം:— വിശാഖത്തിൽ കാൽ, അനിഴം, തൃക്കേട്ട— വട്ടം കൂടിയ കണ്ണുകൾ; ഉന്നതമായ മാറിടം; ഉരുണ്ട കൈകാലുകൾ; ബാല്യത്തിലെ മാതാപിതാക്കന്മാരിൽ ആരെങ്കിലുമായി വേർപാട്; ബാല്യകാലത്തിൽ രോഗങ്ങൾ അധികം; വെളുപ്പും ചുവപ്പും കലർന്ന നിറം; രാജകുടുംബാംഗങ്ങളുമായി പരിചയവും ശൌര്യവും; തന്റെ പാപകർമ്മങ്ങൾ ഒളിച്ചുവെക്കാൻ സാമർത്ഥ്യം; ആർജ്ജവമില്ലായ്മ.

ധനു:— മൂലം, പൂരാടം, ഉത്രാടത്തിൽ കാൽ— നീളമുള്ള മുഖം; നീളമുള്ള കഴുത്ത്; പിതൃസ്വത്ത് അനുഭവിക്കാൻ യോഗം; ദാനധർമ്മാദികളിൽ പ്രിയം; സാഹിത്യനൈപുണ്യം; ശക്തി; സംഭാഷണചാതുര്യം; വലിയ പല്ലുകൾ; വലിയ മൂക്ക്, ചുണ്ട്, ചെവി; വികൃതമായ തോളുകളും നഖങ്ങളും; ആലോചനയും ഗവേഷണപരവുമായ ബുദ്ധിശക്തി; ശരിയായ ജനപരിചയം; അന്യരെ ആഴമായി അറിയും; ബന്ധുക്കളെ വെറുക്കും; ഒരിക്കലും തിരുത്തിന്ന വഴിപ്പെടാത്ത സ്വഭാവം; എന്നാൽ ഭയപ്പെട്ടും പെതമാറിയാൽ ഏറ്റും ചെയ്യാനുള്ള സന്നദ്ധത.

മകരം— ഉത്രാടത്തിൽ മുക്കാൽ, തിരുവോണം, അവിട്ടത്തര— ഭർത്തൃപുത്രാദികളോട് എപ്പോഴും അതിരുകവിഞ്ഞ സ്നേഹം; പുറംപൂച്ചിന്നുവേണ്ടിമാത്രം ചിലപ്പോൾ ചില നല്ല

ക്കങ്ങളും ചെയ്യും, നല്ല കണ്ണുകളും, എന്തു് പറഞ്ഞാലും ന്യായപോലെ മനസ്സിലാകും, വളരെ അധികം പിണങ്ങും, നിറവും ഭയവും കുറവു്.

കുംഭം—അവിട്ടത്തെ, ചതയം, പൂരുരുട്ടാതി മുക്കാൽ—ഒട്ടകത്തിന്റെപോലെയുള്ള കഴുത്തു, ദേഹത്തിൽ നിറച്ചു കണ്ണ്, ദേഹത്തിൽ നിറയെ രോമം, വെപ്രാളം കൂടുതൽ, വലിയ കവിളുകൾ. പ്രായേണ ബധിരത, കൃശകർത്തി, പശ്ചാത്താപമില്ലാത്ത കാര്യങ്ങളിൽ താല്പര്യം, നടക്കാൻ ഉത്സാഹം, ക്ഷീണം കുറവു്.

മീനം—പൂരുരുട്ടാതി കാൽ, ഉത്രട്ടാതി, രേവതി—ജലത്തിൽനിന്നു ലഭിക്കുന്ന വസ്തുക്കളിലും വസ്ത്രവ്യാപാരം ചെയ്യും, അന്യസ്വത്തു അപഹരിക്കും, സ്ത്രീവസ്തുക്കളിൽ പ്രിയം, നീളം കൂടിയ മൂക്കു്, വീതി കൂടിയ മാറിടം, ശത്രുസംഹാരി, സ്ത്രീകൾക്കു വശംവദൻ, സുന്ദരനേത്രങ്ങൾ, അവിചാരിതധനലാഭത്തിന്നർഹൻ, ധനികൻ, ജ്ഞാനി.

അതാതു് കാലങ്ങളിലെ പഞ്ചാംഗം നോക്കിയാൽ ജനനസമയത്തുള്ള മററു ഗ്രഹങ്ങൾ ഏതു് രാശികളിലാണു് സ്ഥിതിചെയ്യുന്നതെന്നു മനസ്സിലാക്കാം. സാധാരണയായി ശനി ഒരു രാശിയിൽ 2½ കൊല്ലം വീതവും വ്യാഴം ഒരു കൊല്ലം വീതവും കുജൻ 1½ മാസം വീതവും, ബുധൻ 20 ദിവസം വീതവും, ശുക്രൻ 1 മാസം വീതവും, രാഹുകേതുക്കൾ ഒന്നരക്കൊല്ലം വീതവും നിലനില്ക്കുന്നു. ഓരോ ഗ്രഹങ്ങളുടെയും, ഓരോ രാശിയിലെയും നിലകളെക്കൊണ്ടു മനസ്സിലാക്കാവുന്ന സാമാന്യഫലങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

വ്യാഴം

മേടം—അധികാരബലം, ശക്തി, ധനവാൻ, നായകത്വലത, അനവധി പുത്രന്മാർ, ക്ഷമ, ജ്ഞ, ധൈര്യം,

ങ്ങൾ ചെയ്യും, നല്ല കണ്ണുകൾ, ഏറ്റു പറഞ്ഞാലും ന്യൂപോലെ മനസ്സിലാകും, വളരെ അധികം പിശുക്ക്, നാണവും ഭയവും കുറവ്.

കുംഭം — അവിട്ടത്തെ, ചതയം, പൂരുരുട്ടാതി മുക്കാൽ — ഒട്ടകത്തിന്റെപോലെയുള്ള കഴുത്ത്, ദേഹത്തിൽ നിറച്ചു കണ്, ദേഹത്തിൽ നിറയെ രോമം, ഭോഗം കൂടുതൽ, വലിയ കവിളുകൾ. പ്രയാണ ബധിരത, ദുരാക്ഷി, പുഷ്പഗന്ധാദികളിൽ താല്പര്യം, നടക്കാൻ ഉത്സാഹം, ക്ഷീണം കുറവ്.

മീനം — പൂരുരുട്ടാതി കാൽ, ഉത്രട്ടാതി, രേവതി — ജലത്തിൽനിന്നു ലഭിക്കുന്ന വസ്തുക്കളിലും വസ്ത്ര വ്യാപാരം ചെയ്യും, അന്യസ്വത്തു അനുഭവിക്കും, സ്ത്രീവസ്ത്രാദികളിൽ പ്രിയം, നീളം കൂടിയ മൂക്ക്, വിരി കൂടിയ മാറിടം, ശത്രുസംഹാരി, സ്ത്രീകൾക്ക് വശംവദൻ, സുന്ദരനേത്രങ്ങൾ, അവിചാരിതധനലാഭത്തിനർഹൻ, ധനികൻ, ജ്ഞാനി.

അതാതു കാലങ്ങളിലെ പഞ്ചാംഗം നോക്കിയാൽ ജനനസമയത്തുള്ള ഗ്രഹങ്ങൾ ഏതു രാശികളിലാണ് സ്ഥിതിചെയ്യുന്നതെന്നു മനസ്സിലാക്കാം. സാധാരണയായി ശനി ഒരു രാശിയിൽ 2½ കൊല്ലം വീതവും വ്യാഴം ഒരു കൊല്ലം വീതവും കുജൻ 1½ മാസം വീതവും, ബുധൻ 20 ദിവസം വീതവും, ശുക്രൻ 1 മാസം വീതവും, രാഹുകേതുക്കൾ ഒന്നരക്കൊല്ലം വീതവും നിലനില്ക്കുന്നു. ഓരോ ഗ്രഹങ്ങളുടെയും, ഓരോ രാശിയിലെയും നിലകളെക്കൊണ്ടു മനസ്സിലാക്കാവുന്ന സാമാന്യഫലങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

വ്യാഴം

മേടം — അധികാരബലം, ശക്തി, ധനവാൻ, നായകത, അനവധി പുത്രന്മാർ, മിത്രം, ദയ, ധൈര്യം,

വൃശ്ചികം—രോഗം കൂടുതൽ, എല്ലാം കുറഞ്ഞ ജീവിതം, നല്ല പ്രകൃതിഗുണങ്ങൾ, ശൌര്യം, നിസ്സാരത, സ്വാതന്ത്ര്യമില്ലായ്മ, ശത്രുക്കൾ കുറവു, സ്ത്രീകൾക്കു വശംവദൻ, കർമ്മത്തിലൻ അലിവേറി, ധർമ്മകാര്യങ്ങളിൽ ശ്രദ്ധയുള്ളവൻ, വലിയ ഉദ്യമങ്ങൾ.

ധനു—നല്ല പരോപകാരം, ധനികൻ, ജനസ്വാധീനം, ഐശ്വര്യം, യോഗ്യത, കീർത്തി, വിശ്വാസയോഗ്യത, അനവധി സ്നേഹിതന്മാർ, ഒരു വലിയ ഗുരു, കർമ്മപ്രസിദ്ധൻ, ക്ഷീണിച്ച പ്രകൃതി, കവിതാവാസന, ഇതര മതസ്ഥ്, നല്ല സംഭാഷണചാതുര്യം.

മകരം—വിലപിടിച്ച നല്ല ഗുണങ്ങൾ, നന്മയില്ലായ്മ, നീചകർമ്മങ്ങൾ ചെയ്യും; പാതിവ്രത്യം കുറയും; അസഹിഷ്ണുത; കോപിയൻ; അസുഖം ഏറും; രോഗം ദൈന്യം വരും.

കുംഭം—വിഭാഗം; അന്യായമായി പണം വളരെ കളയും; ദുഷ്ചിന്തകൾ; എല്ലാവർക്കും പരിചയവും ആരോഗ്യവും; മദ്യത്തിലും; പൊതുപ്രവൃത്തികൾ; എപ്പോഴും വ്യസനം, സ്വാർത്ഥികൻ; ഉത്സാഹഹീനൻ.

മീനം—നല്ല പരോപകാരം, നല്ല ദേഹം; കാര്യപ്രാപ്തിയും പെരുക്കും; ഒരു വിവാഹങ്ങൾ ഉണ്ടാകയും; ഉത്സാഹത്തിലും; രാഷ്ട്രീയകാര്യങ്ങളിൽ വളരെ സാമർത്ഥ്യം കൂടുതൽ.

ബുധൻ.

മേടം—ധീരൻ, അജ്ഞൻ, ചെലവുകുറവ്, അസൂയാലു, സാഹസത്തിലും, ലൌകികകാര്യങ്ങളിൽ മാത്രം ആസക്തി, ഒന്നിലും വിശ്വാസമില്ലായ്മ, ഗായകൻ, മന്ദൻ, ചതിയൻ, പാർട്ടികളിലുള്ളവൻ, ഏതാണ്ട് നിരീശ്വരവാദി, കോപിയൻ, അസത്യവാൻ.

ഇടവം — തടിച്ചശരീരം, സമർത്ഥൻ, ഒരു ഉയർന്ന ഉദ്യോഗം, അനവധി പുത്രന്മാർ, ധാരാളി, പ്രയത്നശീലൻ, ധനികൻ, ഉയർന്നനിലയിലുള്ള സ്ത്രീകളുമായി മൈത്ര്യം, കർമ്മശീലൻ, നല്ല അറിവുണ്ടായിരിക്കും, പുറംപൂച്ചുകൂടുതൽ.

മിഥുനം — ഉദാരമതി, മധുരമായ വാക്കുകൾ, കായികകേളികൾക്ക് ഉത്സാഹം, ആത്മപ്രശംസ അധികം, ഭോഗം കൂടുതൽ. ഉത്സാഹി, സംസ്കാരം സിദ്ധിച്ചവർ, നായകത്വശീലൻ, മടിയൻ, സാഹിത്യപരിശ്രമങ്ങൾ, കലാദേവതോപാസ്യം ആൾ ഇഷ്ടപ്പെടുന്ന പ്രകൃതികൾ, സംഗീതവിദ്വാൻ, വ്യവസായത്തിൽ നല്ല പാണ്ഡിത്യം, സുഖി, ഉദ്യോഗശീലൻ.

കർക്കിടകം — നേരമ്പോക്കുകാരൻ, ബന്ധുക്കൾക്ക് വിധേയം, ഭോഗക്കുറവ്, ആലോചനക്കാരൻ, നായകത്വം, സൂത്രക്കാരൻ, വിശ്രമവിഹീനൻ, ക്ഷയരോഗബാധിതനാകുവാൻ ഇടയുണ്ട്, ഏതെങ്കിലുമൊരു മതാചാരങ്ങളെ സ്നേഹിക്കും, ധൈര്യമുണ്ടായിരിക്കും.

ചിങ്ങം — ചതിയൻ, അല്പപുത്രന്മാർ, സഞ്ചാരപ്രിയൻ, അഭിമാനി, സ്ത്രീകളിൽ ആസക്തി, ഭോഗം കൂടുതൽ, പ്രശംസിതൻ, നല്ല ധർമ്മശക്തി, കാലേ വിവാഹിതനാകും, സ്വാതന്ത്ര്യചിന്തകൻ, സ്ത്രീകളോടുപരാജയപ്പെടും, ഉദാരതയുണ്ടായിരിക്കും, നല്ല ആരോഗ്യമുള്ള തൊഴിലെടുക്കും.

കന്നി — അറിവുള്ളവൻ, ധർമ്മശീലൻ, ധാരാളി, യോഗശീലൻ, സുന്ദരൻ, വേഗത്തിൽ കോപംവരും, പരിഷ്കൃതമനസ്സ് ജനങ്ങളോട് ഇണങ്ങും, ആത്മസംയമനം കുറവ്, നല്ല പ്രാസംഗികൻ, ഗ്രന്ഥകർത്താവ്, ഭാഗ്യവാൻ, വയറ്റിൽ സുഖക്കേട്.

തുലാം — സൗന്ദര്യം, നല്ലപ്രകൃതി, പിശുക്കൻ, തത്വചിന്തകൻ, വിദ്യാഭ്യാസയോഗ്യൻ, സമർത്ഥൻ.

വൃശ്ചികം—പൊക്കംകുറവു്, ചുരുണ്ട തലമുടി, സ്വാർത്ഥി, ധീരൻ, ദയയില്ലാത്തവൻ, ഉഗ്രപരാക്രമശക്തി.

ധനു—ശാസ്ത്രജ്ഞാനം, പരിഷ്കൃതലോകത്തിനു് പററിയവൻ, പൊക്കംകൂടുതൽ, അദ്ധ്യാത്മവിജ്ഞാനം, അന്ധവിശ്വാസി, സാമർത്ഥ്യം, ന്യായവാൻ, പ്രാപ്തൻ.

മകരം—നിസ്സാരൻ, വ്യാപാരവിഷയങ്ങളിലേക്കു് വാസന, പണം ആവശ്യത്തിനു് മാത്രം ചിലവുചെയ്യും, കഷ്ടക്കാരൻ, അസ്ഥിരബുദ്ധി, കവിതയ്ക്കു് പ്രവർത്തിക്കും, ശൂരൻ, ഗവേഷകൻ, വിശ്രമവിഹീനൻ, സംശയാലു.

കുംഭം—പൊക്കം കുറവു്, എന്തും ചെയ്യുവാൻ മടിയില്ലാത്ത, ശാന്തിമാനി, ജീവിതത്തിൽ വേഗംവേഗം ഉന്നതങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും, കീർത്തിമാൻ, പണ്ഡിതൻ.

മീനം—സ്ത്രീജിതൻ, സുന്ദരൻ, ശാന്തസ്വഭാവം, മടിയൻ, ബുദ്ധിയില്ലാത്തവൻ, ചിന്താബുദ്ധി, ദുർബലൻ.

കുജൻ.

മേടം—അധികാരത്തെ കൈയാളുവാൻ അറിവുള്ളവൻ, ധനികൻ; ജനരഞ്ജന; ദേഹത്തിൽ വളരെ അധികം കറുക്കപ്പുള്ളികളും മറുകുകളും; വളരെ അധികം കാമത്തിലും; ഗണിതശാസ്ത്രജ്ഞാനം, ഉത്സാഹത്തിലും; ശക്തിമാൻ; പ്രാപ്തൻ; ഉന്നതമനസ്സു്; ധൈര്യം; ധനം സൂക്ഷിക്കാൻ വശമില്ലായ്മ; വേണ്ടാത്ത മനോരഥങ്ങൾ; പലപ്പോഴും ദൃഢതകൾ കാണിക്കും.

ഇടവം—സ്ത്രീകൾക്കു് വശംവദൻ; മിത; ശക്തിയുള്ള ശരീരം; മർമ്മജ്ഞനായിരിക്കും; ഉന്നാടപിടിക്കാരൻ; കല്ലുപോലുള്ള കഠോര ഹൃദയം; ഉഗ്രപ്രകൃതി; ധൃതികൂടുതൽ.

മിഥുനം—കുടുംബസ്നേഹിയായുള്ളവൻ, പുത്രന്മാരെ നല്ലപോലെ സ്നേഹിക്കും, നല്ല ശരീരം, വലിയ ഉത്സാഹം, വേഗത കൂടുതൽ, സംഗീതത്തിൽ വാസന, ഭയമില്ലാത്തവൻ,

നയമില്ലായ്മ, സുഖമില്ലാത്തവൻ, ആശ്ചര്യം കിട്ടുന്ന പ്രകൃതി.

കർക്കിടകം—ബുദ്ധിമാൻ, ധനികൻ, സഞ്ചാരി, ശൂരൻ, കൃഷിയിലുള്ള വാസന, വൈദ്യശാസ്ത്രത്തിൽ വൈദഗ്ദ്ധ്യം, താമസചിത്തം, കണ്ണുകൾക്ക് കാഴ്ച കുറവ്, സ്വാർത്ഥി.

ചിങ്ങം—ജ്യോതിഷത്തിലുള്ള വാസന, മാതാപിതാക്കളെപ്പറ്റി വലിയ സ്നേഹം, എതിരാളികളെ ബഹുമാനം, സ്വതന്ത്രചിന്തകൻ, ധാരാളി, ജയത്തിലും ഉദാരമതി, മഹാൻ, ഗുണകരൻ, അല്പസന്താനങ്ങൾ, വിശ്രമമില്ലാത്തവൻ.

കന്നി—ഭോഗേന്ദ്രിയങ്ങൾക്ക് രോഗം, വിവാഹജീവിതം അസുഖപ്രദം, പ്രതികാരേച്ഛ കൂടുതൽ, ആത്മവിശ്വാസം, ബുദ്ധിമാൻ, താൻ വലിയ യോഗ്യനാണെന്ന ഭാവം, വിവേകശൂന്യൻ, വലിയ തർക്കക്കാരൻ.

തുലാം—പ്രേമം കൂടുതൽ, നല്ല നിറം, വലിയ ആശകൾ, ഈശ്വരവിശ്വാസം കുറവ്, തന്നത്താൻ സമ്പാദിച്ച ധനം, മത്സരബുദ്ധി, മികച്ച ചിത്രകാരൻ, നല്ല പ്രകൃതി, ധൈര്യം, ആത്മപ്രശംസ കൂടുതൽ.

വൃശ്ചികം—സമർത്ഥൻ, നയകൗശലൻ, നല്ല ഓർമ്മശക്തി, ആരോടും പോരാടാൻ ഉത്സാഹം, അഭിമാനി, ജീവിതത്തിൽ ഇടയ്ക്കിടെ ഉന്നമനങ്ങളും ഉണ്ടായിരിക്കും.

ധനു—യോഗ്യൻ, അനവധി ശത്രുക്കൾ, കീർത്തിമാൻ, ഉയർന്ന ഉദ്യോഗനില, അല്പപുത്രന്മാർ, ആഭിജാത്യം കൂടുതൽ, അത്യാശയും ക്ഷമകേടും അധികം, കലഹപ്രിയൻ, വ്യവഹാരി.

മകരം—ധനികൻ, പൊതുകാര്യപ്രസക്തൻ, വലിയ നില, അനവധി പുത്രന്മാർ, ധീരൻ, പുത്രന്മാരെപ്പറ്റി വലിയ സ്നേഹം, വിജയി, ആലോചനാപാടവം, നയകൗശലം, ധീരൻ, ബുദ്ധിമാൻ, ജനസ്വാധീനം കൂടുതൽ.

കുംഭം—സുഖമില്ലാത്തവൻ, രോഗി, വലിയ ക്ലേശം, ദുർനയൻ, സ്വതന്ത്രൻ, ശൂരൻ, സഞ്ചാരപ്രിയൻ, അച്ഛസക്കാരൻ, ഏറ്റപ്രായം വ്യസനിക്കുന്നവനത്രെ.

മീനം—നല്ല നിറം, വിവാഹകാര്യങ്ങളിൽ കഷ്ടപ്പാടും, അല്പപുത്രന്മാർ, കാമശീലൻ, വിശ്രമമില്ലാത്തവൻ, സത്യവാൻ, ധൃതിമാൻ.

ശുക്രൻ

മേഷം—ധാരാളി, നാണമില്ലാത്ത പ്രകൃതി, മതമില്ലാത്തവൻ, സ്ത്രീജിതൻ, സ്വാർത്ഥികൻ, ഊരുചുറ്റി, സംഗീതവിദ്വാൻ, മായാവിലാസങ്ങൾ, അസൂയി, ദൈവവിശ്വാസമില്ലാത്തവൻ, സാഹസി, കലഹപ്രണയി.

ഋഷഭം—നല്ല ദേഹം, സുന്ദരൻ, സ്വതന്ത്രൻ, സ്വന്തമേൽക്കം വശംവദൻ, പ്രകൃതിയിൽ ആനന്ദിക്കുന്നവൻ, സംഗീതകലാപ്രിയൻ.

മിഥുനം—ധനികൻ, യോഗ്യൻ, മാന്യൻ, അഭിമാനി, ബഹുമാനിതൻ, ലളിതകലകളിൽ പ്രിയൻ, നല്ല ഉപകാരി, ന്യായവാൻ, ഒരു വിവാഹം, ബുദ്ധിമാൻ, ജ്ഞാനി.

കർക്കടകം—മനസ്സുഖമില്ലാത്തവൻ; ഭീരു; മത്സരബുദ്ധിക്കാരൻ; അല്പതൃപ്തിയുള്ളവൻ; അസ്ഥിരചിത്തൻ; സുഖമില്ലാത്തവൻ; അനവധി പുത്രന്മാർ.

ചിങ്ങം—സ്ത്രീകളിൽനിന്നും ധനം; നല്ല ബുദ്ധി; അല്പപുത്രന്മാർ; ദാനശീലക്കാരൻ; കൂടുതൽ കാമശീലം; നല്ല നിറം; എന്തിനും ക്ഷമയില്ലാത്ത പ്രകൃതി; സ്ത്രീകൾക്ക് അടിമ; വലിയവനാണെന്ന് ഭാവിക്കും, ധിക്കാരി.

കന്നി—അല്പമനസ്സ്; അസുഖം; [illegible]; അപഥയക്കാരൻ; എന്തും ചെയ്യാൻ ക്ഷമയില്ലാത്തവൻ.

തുലാം—കവി; ബുദ്ധിമാൻ; ദേവഭക്തൻ; ധനവാൻ; സ്വജനത്തെ വിരോധിക്കും; രോഗി; ഉയർന്ന ശരീരമുള്ള പ്രവാസി; എല്ലാവർക്കും ബോദ്ധ്യമായവൻ.

വൃശ്ചികം—ലജ്ജയില്ലാത്തവൻ; സാഹസികൻ; കലഹപ്രിയൻ; സ്വന്തക്കാരെ വിട്ടവൻ; വിവാഹകാര്യങ്ങളിൽ തോൽവി; രോഗി, ധനനഷ്ടം.

ധനു—ശക്തിമാൻ; ധനികൻ; ആരോടും പറയാതെയും കർമ്മം ചെയ്യുന്നവൻ; ധീരൻ, ഇരുന്ന സമ്പത്ത്.

മകരം—സ്ത്രീകളുമായി കൂട്ടുകെട്ട്, ദീർഘായുസ്സ്; ധനവാൻ; വലിയ ആശകൾ; വലിയ അവസരങ്ങളും പാഴാക്കിക്കളയും.

കുംഭം—എല്ലാവരും ഇഷ്ടപ്പെടുന്ന പ്രകൃതി; കാരണമില്ലാതെ കോപം; സ്വതന്ത്രൻ; സ്നേഹമില്ലാത്തവൻ; ഭീരു; ധനവാൻ.

മീനം—സ്നേഹമുള്ളവൻ; വിദ്യാഭ്യാസമുള്ളവൻ, ബുദ്ധിമാൻ; പ്രതാപി; ധനികൻ; വിനയമുള്ളവൻ; സംസ്കൃതമറിയുന്നവൻ; ഉന്നതനില; വലിയ സ്ഥാനക്കാരൻ.

ഹോരി

മേടത്തിൽ—വിദ്യാഭ്യാസമുള്ളവൻ; ലജ്ജയില്ലാത്തവൻ; സന്തോഷി; ക്രൂരൻ, കള്ളപ്രവൃത്തികൾ ചെയ്യുന്നവൻ; കലഹപ്രിയൻ.

ഇടവത്തിൽ—വെളുത്ത നിറം; ധനികൻ; ദാനശീലൻ; സമ്പത്തുള്ളവൻ; സുഖഭോഗം ചെയ്യും; സന്തുഷ്ടൻ; ജനപ്രിയൻ; അനവധി മിത്രങ്ങൾ.

മിഥുനത്തിൽ—നാണമില്ലാത്തവൻ; ശാസ്ത്രജ്ഞാനമുള്ളവൻ; ധീരൻ; സൗന്ദര്യമുള്ളവൻ; ഭക്തി കൂടുതൽ.

കർക്കിടകം— ധീരൻ; അല്പപുത്രന്മാർ; എന്തിലും തൽപരവി; കവിതാവിലാസം വിഭാഗിക്കും; സാമാധാനി; മടൻ; സ്വത്തുക്കളെ ഉണ്ടാക്കിവെക്കും; സമർത്ഥൻ; ചതിയൻ; ഉദാസീനയായ കാമുകൻ.

ചിങ്ങം— പൊക്കം കുറവ്; ശൌര്യസ്വഭാവം; കോപശാലി; അല്പപുത്രന്മാർ; തന്റെ ശത്രുക്കളെ നശിപ്പിക്കണമെന്ന വിചാരം; നിർദ്ദയൻ; കലഹി; നല്ലവണ്ണം ജോലി ഏറ്റെടുക്കും

കന്നി— വെളുത്ത നിറം; ചതിയൻ; ക്രൂരൻ; മടിയൻ; നാണമില്ലാത്തവൻ; അല്പൻ; ദൈവവിശ്വാസമില്ലാത്തവൻ; ഭാഗ്യഹീനൻ; പെണ്ണുങ്ങളിൽ പ്രിയൻ.

തുലാം— കീർത്തിമാൻ; ദേവബ്രാഹ്മണരെ സ്നേഹിക്കും; ധനികൻ; പൊക്കം കൂടുതൽ; ആലോചനാശാലി; സുന്ദരൻ; നയകോവിദൻ; എല്ലാവർക്കും ബഹുമാന്യൻ; ശക്തിമാൻ; സ്വാതന്ത്ര്യചിന്തകൻ; അഭിമാനി.

വൃശ്ചികം:— ഒരു ദുസ്സ്വഭാവമില്ലാത്തവൻ, അത്യുത്സാഹകാരൻ. സന്ദേഹമില്ലാത്തവൻ, ആലോചനാശാലി, അധികാരത്തോടുകൂടെ സംസാരിക്കില്ല, ഗർവ്വി, ഒന്നും ചെയ്യാൻ മടിയില്ല.

ധനു:— ഉത്സാഹി; സത്യക്കാരൻ, ധീരൻ, വിശ്വസ്തൻ, ഭയമുള്ളവൻ, സൂത്രക്കാരൻ, ചപലതകൾ വളരെ ഉണ്ടെങ്കിലും അത്ര നല്ലവനല്ല.

മകരം:— ബുദ്ധിമാൻ, ഗൃഹജീവിതം സുഖപ്രദം; സാമർത്ഥ്യം; കർമ്മനിയതൻ; സംശയാലു; പ്രകൃതി ... ിക്കും.

കുംഭം— വ്യഭിചാരി; പ്രാപ്തൻ; നയകോവിദൻ; സുഖിയൻ; അല്പം അഹങ്കാരമുള്ളവൻ; ചിന്തകൻ.

മീനം— സമർത്ഥൻ; ഉത്സാഹി; ഭാഗ്യവാൻ; സുഖി; നല്ലനേത്രം; ദൈവവിശ്വാസി; ധനികൻ; ചതിയൻ.

ഉപഗ്രഹങ്ങൾക്ക് സ്വയം പ്രകാശമില്ലാത്തതുകൊണ്ട് അവർ ഏതു ഗ്രഹങ്ങളുടെ ക്ഷേത്രങ്ങളിൽ സ്ഥിതിചെയ്യുന്നുവോ ആ ഗ്രഹങ്ങൾ ആ രാശിയിൽ നിന്നനുഭവിക്കുന്ന ഫലങ്ങൾ ചെയ്യുന്നതാണ്.

ഗ്രഹങ്ങൾ ഓരോ രാശിയിൽ നിന്നുള്ള കേവലം സാമാന്യഫലങ്ങളാണ് മേൽ കൊടുത്തിട്ടുള്ളത്. ഗ്രഹങ്ങളുടെ ഭാവഫലങ്ങൾ; അംശകനിലകൾ ഇങ്ങിനെ പലതും ആലോചിച്ച് മാത്രമേ പ്രത്യേകമായി ഓരോരുത്തരുടെയും ഫലങ്ങളെപ്പററി പ്രസ്താവിക്കാൻ കഴിയൂ. മററു ഗ്രഹനിലകളെക്കൊണ്ടും ഈ ഫലങ്ങൾ വ്യത്യാസപ്പെടുന്നതാണ്.

അദ്ധ്യായം ൩.

ലഗ്നരാശി.

ഒരു ദിവസം എന്ന് നാം പറയുന്ന 24 മണിക്കൂർ സമയത്തെ 60 നാഴികകളായി വിഭജിച്ചിരിക്കുന്നു. ഒരു നാഴിക 60 വിനാഴികയാണ്. 24 മിനിട്ട് നേരമാണ് ഒരു നാഴിക. $\frac{2}{5}$ മിനിട്ട് നേരമാണ് ഒരു വിനാഴിക. ഈ 60 നാഴികകളിൽ ഭൂമി ഒരു പ്രാവശ്യം തന്നത്താൻ കറങ്ങുന്നു. ആകാശമണ്ഡലത്തിലുള്ള ഗ്രഹനക്ഷത്രാദികളുടെ ഈ സ്ഥിതിഗതികൾ ഭൂമിയിൽ ജനിക്കുന്ന ഒരു ശിശുവിന്റെ ജീവിതത്തെ ഏതുവിധമാണ് രൂപീകരിക്കാൻ പോകുന്നതെന്ന്, ആ ശിശു ജനിക്കുന്ന സമയത്ത് ഭൂമണ്ഡലത്തിൽ ആ ശിശു സ്ഥിതിചെയ്യുന്ന സ്ഥലവും ആകാശമണ്ഡലത്തിൽ ഗ്രഹങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥാനവും തമ്മിലുള്ള സംബന്ധവും, സമയവും നോക്കി ചിന്തിക്കേണ്ടതാണ്.

Longitude, Latitude എന്നിവ അനുസരിച്ചു് ഓരോ ദേശങ്ങളിലും ഓരോ രാശികളുടെ സമയം ഓരോ വിധമാണ്. എന്നാൽ മലബാറിൽ സാമാന്യമായി ഓരോ രാശിക്കും താഴെ പറയുന്ന സമയമാണ്.

മേടം —	4 നാഴിക	32 വിനാഴിക.	തുലാം —	5 —	11
ഇടവം —	5	7	വൃശ്ചികം	5	29
മിഥുനം	5	29	ധനു	5	23
കർക്കിടകം	5	22	മകരം	4	51
ചിങ്ങം	5	3	കുംഭം	4	21
കന്നി	4	58	മീനം	4	14

ഓരോ മാസത്തിലും ആദ്യം ഉദിക്കുന്നതു് ആ രാശിയാണ്. ഉദാഹരണമായി കുംഭം 1-ാംനു കുംഭം രാശിയാണ് ആദ്യം ഉദിക്കുക. എന്നാൽ കുംഭം 2-ാംനു വരുമ്പോഴേക്കും ഉദയത്തിനു് കുംഭം രാശിയുടെ ആകെ സമയത്തിന്റെ മുപ്പതിൽ ഒരു ഭാഗം കഴിച്ചു് ബാക്കിഭാഗം മാത്രമേ ഉദയാൽപരം ആ രാശി ഉണ്ടാകയുള്ളു. കുംഭം 3-ാംനു $\frac{2}{30}$ ഭാഗം കഴിച്ചു് ബാക്കിഭാഗവും 4-ാംനു $\frac{3}{30}$ ഭാഗം കഴിച്ചു് ബാക്കി ഭാഗവും മാത്രമേ ഉദയാൽപരം ആ രാശിയിൽ ഉണ്ടായിരിക്കയുള്ളു. അങ്ങിനെ വരുമ്പോഴേക്കും കുംഭം 30-ാംനു ഉദയാൽപരം ആ രാശിയുടെ $\frac{29}{30}$ ഭാഗം കഴിഞ്ഞു് ബാക്കി മാത്രമേ ഉണ്ടാകയുള്ളു. മീനം 1-ാംനു മീനം രാശിയുദയം ഉദയാൽപരം ഉണ്ടാകയും ചെയ്യും. അങ്ങിനെ തന്നെയാണ് എല്ലാമാസങ്ങളിലും ഓരോരോ തിയ്യതിയിലും രാശികൾ ഉദിക്കുന്നതും അവസാനിക്കുന്നതും. ഓരോ ദിവസവും ഉദയാൽപരം ആദ്യരാശിയിൽ കിടന്നതു കഴിച്ചു് ബാക്കിവരുന്ന സമയം ആ ദിവസത്തിന്റെ അവസാനത്തിൽ തീരുന്നതാണ്. അങ്ങിനെ വരുമ്പോഴേക്കും വൃശ്ചികം 10-ാംനു ഉണ്ടാകുന്ന രാശികളുടെ സമയം നമുക്ക് നിർണ്ണയിക്കുന്നതെങ്ങിനെയാണെന്നു് നോക്കുക.

വൃശ്ചികം രാശിയുടെ ആകെ സമയം 5 നാഴിക 29 വിനാഴിക. അതിൽ 10-ാംനു ഉദയാൽപരം കിട്ടുന്ന ഭാഗം:— $5\frac{29}{60} \times \frac{9}{30} = \frac{329}{60} \times \frac{9}{30} = \frac{2961}{1800}$ = 1 നാ. $38\frac{21}{30}$ വിനാ. ബാക്കി ഉദയാൽപരം കിട്ടുന്ന ഭാഗം _ 3 നാഴിക $50\frac{9}{30}$ വി.

ധനു രാശി	_ 5	23.
മകരം	_ 4	54.
കുംഭം	_ 4	21.
മീനം മുതൽ കന്നി കൂടി.	_ 34	45.
തുലാം	_ 5	11.
വൃശ്ചികത്തിൽ 10_ാംനു ഉദയ	_ 1	$38\frac{21}{30}$.
അതിനു ഭുക്തികിട്ടുന്ന സമയം.	60	00

ഏതു രാശിയിലാണോ ശരിക്കു ജനിച്ചതു് ആ രാശിയെ ലഗ്നമെന്നു് പറയുന്നു.

1121 ചിങ്ങമാസം 22_ാംനു ഉദ്ദേശം 1 മണി 10 മിനിട്ടിനു് ജനിച്ച ഒരു കുട്ടിയുടെ ലഗ്നമേതെന്നു് നമുക്കു് നോക്കാം.

പഞ്ചാംഗപ്രകാരം 22_ാം ഉദയസമയം 7 മണി 18 മിനിട്ടു് അതുകൊണ്ടു് ഉദയാൽപരം കഴിഞ്ഞസമയം.

(12+1) 13—10.
7—18 5 മണിക്കൂർ 52 മിനിട്ടു്
5_52

അതായതു് 14 നാഴിക 40 വിനാഴിക. അന്നേദിവസം ഉദയാൽപരം ചിങ്ങം രാശിയുടെ $\frac{9}{30}$ ഭാഗം മാത്രമേയുള്ളൂ. അതായതു് 5. 3 $\times \frac{9}{30}$ = 303 $\times \frac{9}{30}$ = 10) 909 = 90 $\frac{9}{10}$ വിനാഴിക = 1 നാഴിക 30 $\frac{9}{10}$ വിനാഴിക. ശേഷം കന്നി രാശി 4 നാഴിക 58 വിനാഴിക.

ഇടവം രാശി	5	— 11.
ആകെ	11	$39\frac{9}{10}$
വൃശ്ചികം രാശി	5	29
ആകെ.	17	$8\frac{9}{10}$.

ജനനസമയം 11 നാഴിക 40 വിനാഴിക ചെല്ലുന്ന മുഹൂർത്തം വൃശ്ചികം രാശിയാകുന്നു. അതിനാൽ രാശി യിൽ ചെന്ന നാഴിക. 11.40. — 11. $39\frac{9}{10}$ = 3 നാഴിക $\frac{1}{10}$ വിനാഴിക. ഇതുപ്രകാരം ഓരോരുത്തരുടെ ജനനലഗ്നം അറിവാൻ നാം പരിശീലിച്ചു. ഇനി കേവലം ലഗ്നരാശികൾ ക്ക് പ്രത്യേകമുള്ള ഫലങ്ങളെ ഏതാനും വിവരിക്കാം.

ലഗ്നരാശികളുടെ സാമാന്യ ഫലങ്ങൾ

1. മേടം—വർണ്ണം—ചെന്നിറം. അവയവം—ശിരസ്സ്. കോപസ്വഭാവം, [illegible], ചപലത്വം, ധാർമ്മിക ചിത്തവൃത്തി, അനവധി ലൗകികാദ്യങ്ങളും, ചിത്തവൃ ത്തി, [illegible], നല്ല ബന്ധുക്കൾ, ചെറുപ്പത്തിൽ മാതാപിതാക്കന്മാരെ വേർപെടുക, സഹോദരന്മാ രെയും സ്വന്തം ആളുകളെയും സംരക്ഷിക്കും. [illegible] വിലക്ഷണവും [illegible] മാർഗ്ഗം, ഭാഗ്യം തീ ർച്ചും അന്യർക്ക് ആശ്രിതത്വം.

2. ഇടവം:—വർണ്ണം—വെളുപ്പ്; അവയവം—മുഖം. ഭംഗിയുള്ളതായ പല്ലുകൾ, വലിയ മൂക്ക്; വലിയ നെറ്റി. വ ലിയ തോളുകൾ; ദൃഢപ്രകൃതി, ധർമ്മിഷ്ഠം, ധൈര്യശാലി അധികം പുത്രികൾ—പുത്രന്മാർകുറവ്.—മാതാപിതാക്കന്മാ രെ വിരോധിക്കും. [illegible], ഭോജിക്ക് ഇഷ്ടം നല്ല ഭക്ഷണസാമഗ്രി—സ്ത്രീക്ക് വലിയ പ്രേമം.

3. മിഥുനം—വർണ്ണം പച്ച; അവയവം—മാറിടം; ക ഴുത്തിന്റെ സംഭാഷണം; ഗ്രാഹ്യശക്തികുറവ്; ചെറിയ തി

രം; പിതാവിനിഷ്ടം; ഇഷ്ടജനങ്ങളെയോർക്കാറു്; കോപ ശീലമറവു്; ഭക്ഷണാദികളിലും ചെറുപ്പത്തിൽ ഉത്സാഹം; നല്ല ലോകികം ചെയ്യും; ബാല്യത്തിൽ ദുഃഖമില്ല; [illegible] ഇല്ല; ധർമ്മവും ധനസമ്പാദ്യവും ചിലവും; ഒന്നിലധികം ഭാര്യ.

4. കർക്കടകം—വർണ്ണം ഇളംചുവപ്പ്. അവയവം—ഹൃദയം; സ്ഥിരചിത്തതയില്ല; ഗൃഹസൗകര്യങ്ങൾ; ജീവിതം; [illegible] കഫപ്രകൃതി; നല്ലസ്മൃതിശക്തി; [illegible] ചെയ്യും; [illegible] ധനം സമ്പാദിക്കും; [illegible] [illegible] കർമ്മം; [illegible] [illegible] വെളുത്തനിറം.

5. ചിങ്ങം—വർണ്ണം കനിയവെളുപ്പ്; അവയവം വയറ്; [illegible] മാംസഭോജനത്തിൽ അഭിരുചി; പിത്തപ്രകൃതി; [illegible] പിശുക്ക്; ജനങ്ങളെ സ്നേഹിക്കും; കീർത്തിമാൻ; [illegible] [illegible] [illegible] [illegible] പല്ലിനും കാൽമുട്ടിനും സുഖക്കേടുണ്ടാകും.

6. കന്നി—വർണ്ണം പലനിറം; (Mixed) അവയവം അരക്കെട്ട്, മധുരമായ സംഭാഷണം; ലികക്കൊ [illegible] നിലംകൂടിയ [illegible] സൗന്ദര്യം; മുറിവുകൾ പററി [illegible] ധനികൻ; പിശുക്കൻ; [illegible] സ്നേഹിക്കും; പുത്രികൾ അധികം; സഹോദരി സഹോദരന്മാരെ മര്യാദപ്രിയം; നല്ല കർമ്മങ്ങൾക്ക് വാസന; പിത്തപ്രകൃതി.

7. തുലാം—വർണ്ണം നീല; അവയവം വസ്തിപ്രദേശം; ശുഭസ്വഭാവം; [illegible] പിത്തപ്രകൃതി; ആരോഗ്യ [illegible] ആരംഭിക്കും; ചെറിയ കഴുത്ത്; നന്ദിയുള്ളവൻ ധനം [illegible] ധർമ്മം; പിതൃസഹോദരങ്ങൾ സ്നേഹിക്കും; യാത്രപ്രിയൻ; അന്യന്മാരെ ഉപദ്ര

ധങ്ങൾ ഏറ്റിട്ടും ഒരൊറ്റത്തിൽ ചേർന്നു കഴിക്കും, സ്വച്ഛപ്രിയൻ.

8. വൃശ്ചികം—വർണ്ണം തങ്കനിറം; അവയവം ഗുഹ്യപ്രദേശം, വലിയ മുഖം വലിയ വായ്; ഉഗ്രസ്വഭാവം, പിത്തപ്രകൃതി; ദുഷ്ടബുദ്ധി; പല്ലുകൾ നിരയൊത്തവ; മനോധൈര്യമില്ലാത്തവർ; അന്യന്മാരായി പെരുമാറുകയില്ല; സ്വന്തകാര്യങ്ങളിൽ ശ്രദ്ധിക്കും; ഗുരുജനങ്ങളോടു ഭക്തി.

9. ധനു—വർണ്ണം ഒന്ന; അവയവം—തുടകൾ, വലിയ പല്ല് വലിയ മൂക്ക്; കഫപ്രകൃതി; മാംസളമായ കൈകാലുകൾ; വിസ്തൃതമായ നടപ്പ്; കൈവിടാത്ത സ്വഭാവം, ധനം കുറവർ; കലഹങ്ങളിൽ താല്പര്യം; അനേകം കാര്യങ്ങൾ കൈവശപ്പെടുത്തും; സ്വാതന്ത്ര്യത്തെ കാംക്ഷിക്കും; അന്യപ്രദേശങ്ങളിൽ സഞ്ചരിക്കും; യുദ്ധകാര്യങ്ങളിൽ വിപ്രിയം; ഗർവ്വുള്ളവരായി കാണപ്പെടും; പലതും വെളിപ്പെടുത്തിക്കൊണ്ടിരിക്കും.

10. മകരം—വർണ്ണം വെളുപ്പ്; അവയവം—കാൽമുട്ട്. ചെറിയ മൂക്ക്; വലിയ മുഖം; തലമുടി കറുപ്പ്; വലിയ കൈകാലുകൾ; വാതപ്രകൃതി; ശീതളം; ചെറിയ കഴുത്ത്; പിശുക്ക്; കള്ളമൊന്നും ഇല്ല; പുത്രികൾ അധികം, ബന്ധുക്കൾ കുറവ്; ഭർത്തൃമായി നല്ല പ്രേമം.

11. കുംഭം—വർണ്ണം തവിട്ടുനിറം; അവയവം കാലുകൾ; ഉദാസീനത്വം; ദൃഢത; കൗമാരത്തിൽ വയസ്സുകൂടിയുള്ളതുപോലെ തോന്നും; പിത്തവാതപ്രകൃതി; നല്ല ഭംഗിയുള്ള മൂക്ക്; വളരെ ഉന്നതന്മാർ; ബന്ധുക്കൾ ഏറെ; പാപകർമ്മങ്ങൾ ചെയ്യും, ധനം ധർമ്മമായും ഉണ്ടാക്കും നശിപ്പിക്കുകയും ചെയ്യും; ധനത്തിലൊതുങ്ങില്ല.

12. മീനം—വർണ്ണം വെളുപ്പ്; അവയവം പാദങ്ങൾ; തെളിഞ്ഞ ചുണ്ടുകൾ; മത്സ്യത്തെപ്പോലെയുള്ള കണ്ണുകൾ; വ

ഷിയെ ഉറുക്ക്; കഫവാതപ്രകൃതി; തൈക്ഷ്ണ്യം; ചെംനിറമുള്ളത ശരീരി; മിടുക്ക; വസ്ത്രം ചിലവും ഇഷ്ടം; നല്ല ഉത്തമന്മാർ: നല്ല ബന്ധുക്കൾ; ധർമ്മകർമ്മങ്ങൾ ചെയ്യും; നല്ല മന്ത്രി; പിതാവിനെ സഹായിക്കും; ശത്രുക്കൾ അധികം.

സാമാന്യമായി ഓരോ രാശിയിലും ജനിച്ചവരുടെ വണ്ണം; സ്വഭാവം; അവക്ക് പ്രത്യേകതയുള്ള അവയവങ്ങൾ ഇവയെപ്പറ്റി മേൽ കൊടുത്ത വിവരണത്തിൽനിന്ന് മനസ്സിലാക്കാം. ഗ്രഹനിലകളെക്കൊണ്ടും; ഭാവഫലങ്ങളെക്കൊണ്ടും മേൽകൊടുത്ത ഫലങ്ങൾ ഒട്ടൊക്കെ ഭേദപ്പെടുന്നതാണ്.

മേടം; ഇടവം; മിഥുനം; കർക്കിടകം; ധനു; മകരം ഇവ ആറു രാശികളും നിശാരാശികളും ശേഷം രാശികൾ ദിനരാശികളും ആകുന്നു. നിശാരാശികളിൽ മിഥുനം രാശിയും ദിനരാശികളും ശീർഷോദയരാശികളാകുന്നു. മിഥുനം ഒഴികെയുള്ള ശേഷം അഞ്ച് നിശാരാശികൾ പൃഷ്ഠോദയരാശികളുമാണ്. മീനംരാശി ശീർഷോദയവും പൃഷ്ഠോദയവുമാണ്. നിശാരാശികൾ രാത്രിയും ദിനരാശികൾ പകലും കൂടുതൽ ബലമുള്ളവയാകുന്നു. പൃഷ്ഠോദയരാശികളിൽ നില്ക്കുന്ന ഗ്രഹങ്ങൾ അവയുടെ ദശാപഹാരകാലങ്ങളിൽ അവസാനത്തിലും ശീർഷോദയരാശിസ്ഥിതരായ ഗ്രഹങ്ങൾ അവയുടെ ദശാപഹാരകാലങ്ങളിൽ ആദ്യവും അവരവരുടെ ഫലങ്ങൾ ചെയ്യുന്നു.

ജനനസമയം കൃത്യമായി എടുത്ത് ലഗ്നരാശി കണ്ടശേഷം മാസത്തെ ആസ്പദമാക്കി സൂര്യന്റെ സ്ഥിതിയും; നക്ഷത്രം നോക്കി ചന്ദ്രന്റെ സ്ഥിതിയും; രാശിചക്രത്തിൽ കുറിക്കണം. നവഗ്രഹങ്ങളിൽ മറ്റു ഗ്രഹങ്ങളുടെ സ്ഥിതികൾ പഞ്ചാംഗം നോക്കി കുറിക്കാവുന്നതാണ്.

അദ്ധ്യായം ൪

സൂൎയ്യാദിനവഗ്രഹങ്ങൾ.

ഗ്രഹങ്ങളുടെ സ്വക്ഷേത്രങ്ങൾ.

മീനം ഗുരു	മേടം കുജൻ	ഇടവം ശുക്രൻ	മിഥുനം ബുധൻ
കുംഭം ശനി			കൎക്കിടകം ചന്ദ്രൻ
മകരം ശനി			ചിങ്ങം സൂൎയ്യൻ
ധനു ഗുരു	വൃശ്ചികം കുജൻ	തുലാം ശുക്രൻ	കന്നി ബുധൻ

കൎക്കിടകം രാശിയുടെ അധിപൻ ചന്ദ്രനും; ചിങ്ങം രാശിയുടെ അധിപൻ സൂൎയ്യനുമാകുന്നു. ബുധൻ മിഥുനം കന്നി രാശികളുടെയും; ശുക്രൻ ഇടവം തുലാം രാശികളുടെയും കുജൻ മേടം വൃശ്ചികം രാശികളുടെയും ഗുരു (വ്യാഴം) മീനം ധനു രാശികളുടെയും ശനി മകരം കുംഭം രാശികളുടെയും അധിപന്മാരാകുന്നു. ഈ രാശികൾ അതാതു ഗ്രഹങ്ങളുടെ സ്വക്ഷേത്രങ്ങൾ എന്നു പറയുന്നു. ഗ്രഹങ്ങൾ അവരവരുടെ സ്വക്ഷേത്രങ്ങളിൽ നില്ക്കുമ്പോൾ ബലവാന്മാരാകുന്നു.

ഗ്രഹങ്ങളുടെ ഉച്ചരാശികൾ.

മീനം രാശി ശുക്രനും; മേടം രാശി ആദിത്യനും; ഇടവംരാശി ചന്ദ്രനും; കൎക്കിടകംരാശി വ്യാഴത്തിനും; കന്നി രാ

ന്നി ബുധനും; ശുക്രനു മീനം; ഉച്ചരാശികളാണു്. ഉച്ചരാശികളിൽ അതാതു് ഗ്രഹങ്ങൾ നില്ക്കുമ്പോൾ അവയ്ക്കു് ഉച്ചബലം അഥവാ പൂർണ്ണബലം ഉണ്ടായിരിക്കും.

ഗ്രഹങ്ങളുടെ നീചരാശികൾ.

ഓരോ ഗ്രഹത്തിന്റേയും ഉച്ചരാശിയുടെ ഏഴാം രാശി ആ ഗ്രഹത്തിന്റെ നീചരാശിയാകുന്നു. നീചരാശികളിൽ നില്ക്കുന്ന ഗ്രഹങ്ങൾക്കു് ബലം ഏറ്റവും കുറവാണു്.

രാഹുകേതുക്കൾ —

രാഹുകേതുക്കൾ അഥവാ സർപ്പിയും ശിഖിയും രാശിനാഥന്മാരല്ല. അവ രണ്ടു് തമോഗ്രഹങ്ങളാണു്. മററു് രാശിനാഥന്മാരായ ഗ്രഹങ്ങളെ അപേക്ഷിച്ചു് രാഹുകേതുക്കൾ മേടാദി രാശികളിൽ മേടം ഇടവം ഇങ്ങിനെ ക്രമേണ മുമ്പോട്ടല്ല ഗമിക്കുന്നതു്. പ്രത്യുത മേടം; മീനം; കുംഭം ഇങ്ങിനെ പിന്നോട്ടാണു്. എപ്പോഴും രാഹുവിന്റെ ഏഴാം രാശിയിലാണു് കേതു സ്ഥിതിചെയ്യുക. സ്വതന്ത്രനായിട്ടു് രാഹു ശനിയുടെയും കേതു കുജന്റേയും ഫലങ്ങളാണു് ചെയ്യുക. രാഹുകേതുക്കൾ അവർ നില്ക്കുന്ന രാശിനാഥന്മാരുടെ ഫലങ്ങളും ചെയ്യുന്നതാണു്. വൃശ്ചികം രാശിയിൽ രാഹുകേതുക്കൾ നില്ക്കുമ്പോൾ അവയ്ക്കു് പൂർണ്ണബലമുണ്ടു്. ജൈമിനിസൂത്രപ്രകാരം കുംഭം രാഹുവിനും; വൃശ്ചികം കേതുവിനും സ്വക്ഷേത്രങ്ങളാണു്.

ഗ്രഹങ്ങളുടെ ശത്രുമിത്രബന്ധങ്ങൾ —

ഓരോ രാശിനാഥന്മാർക്കും അഞ്ചും ഒമ്പതും രാശിനാഥന്മാർ അവരുടെ ബന്ധുക്കളാണു്.

രവിക്കു് — വൃശ്ചികം ധനു കർക്കടകം മീനം രാശികളും

ചന്ദ്രനു് — മിഥുനം ചിങ്ങം കന്നി രാശികളും

കുജനു് — ചിങ്ങം ധനു മീനം രാശികളും

ബുധന്ന്-ഇടവം; ചിങ്ങം തുലാം രാശികളും;

വ്യാഴത്തിന്ന്-മേടം; ചിങ്ങം; കന്നി; വൃശ്ചികം രാശികളും

ശുക്രന്ന്-മിഥുനം; ധനു; മകരം കുംഭം; രാശികളും

ശനിക്ക്-ഇടവം മിഥുനം രാശികളും;

രാഹുവിന്ന്-മിഥുനം; കന്നി; തുലാം രാശികളും;

കേതുവിന്ന്-ധനു; മകരം; മീനം രാശികളും ബന്ധുഗൃഹങ്ങളാണ്.

രവിക്ക്-ഇടവം; മകരം കുംഭം രാശികളും

കുജന്ന്-കന്നി മിഥുനം രാശികളും;

ബുധന്ന്-കർക്കിടകവും

വ്യാഴത്തിന്ന്-ഇടവം; മിഥുനം; തുലാം രാശികളും.

ശുക്രന്ന്-കർക്കിടകം ചിങ്ങം രാശികളും.

ശനിക്ക്-കർക്കിടകം; ചിങ്ങം; വൃശ്ചികം രാശികളും.

രാഹുകേതുക്കൾക്ക്-കർക്കിടകം ചിങ്ങം രാശികളും ശത്രുഗൃഹങ്ങളാണ്.

രവിക്ക്-ഗുരു; ചന്ദ്രൻ; കുജൻ ഇവരും

ചന്ദ്രന്ന്-ഗുരുവും

ഗുരുവിന്ന്-രവി; ചന്ദ്രൻ; കുജൻ ഇവരും;

ശുക്രന്ന്-ബുധൻ; രാഹു; കേതു ഇവരും;

ശനിക്ക്-ബുധൻ; ശുക്രൻ ഇവരും.

ബുധന്ന്-ശുക്രനും.

രാഹുവിന്ന്-ശുക്രനും.

കേതുവിന്ന്-ഗുരുവും.

കുജന്ന്-ഗുരു; രവി ഇവരും ബന്ധുക്കളാണ്.

രവിക്ക്-ശനി; ശുക്രൻ; രാഹു; കേതു ഇവരും.

ചന്ദ്രന്ന്-രാഹു; ശനി; കേതു ഇവരും.

കുജന്ന്-ബുധനും.

ബുധന്ന്-ചന്ദ്രനും.

ഗുരുവിന്ന് – ബുധശുക്രന്മാർ.
ശുക്രന്ന് – ചന്ദ്രൻ; രവി; ഇവർ ഇരുവരും.
ശനിക്ക് – രവി; ചന്ദ്രൻ ഇവരും.
രാഹുകേതുക്കൾക്ക് – രവി; ചന്ദ്രൻ ഇവരും ശത്രുക്കളാണ്.

ഗ്രഹചൈതന്യം.*

ഗ്രഹങ്ങൾ പുഷ്ടിയെ അടുത്തുവരുന്ന സമയം ചില ഭാഗങ്ങളിൽ ചൈതന്യം പ്രാപിക്കാറുണ്ട്. ചൈതന്യങ്ങളുടെ വിവരം പട്ടാംതരത്തിൽ ചേർക്കുന്നു. ചൈതന്യം പ്രാപിച്ച ഗ്രഹത്തിന്റെ ബലം കുറവായിരിക്കും.

ഗ്രഹവീക്ഷണങ്ങൾ.

എല്ലാ ഗ്രഹങ്ങളും അവരവർ നില്ക്കുന്ന രാശിയിൽ നിന്നു ഏഴാംരാശിയെയും; ആ രാശിയിൽനില്ക്കുന്ന ഗ്രഹങ്ങളെയും വീക്ഷിക്കുന്നു. വിശേഷാൽ കുജൻ 4ഉം 8ഉം രാശികളെയും; ഗുരു 5ഉം 9ഉം രാശികളെയും; ശനി 3ഉം 10ഉം രാശികളെയും; ആ രാശികളിലെ ഗ്രഹങ്ങളെയും വീക്ഷിക്കുന്നു. ഏറ്റവും അകലത്തിൽ നില്ക്കുന്നരാശിയിലെ വീക്ഷണം അടുത്തുള്ള രാശിയിലുള്ള വീക്ഷണത്തെക്കാൾ ശക്തികൂടിയതാണ്.

ഗ്രഹങ്ങളുടെ കാരകത്വം.

ആദിത്യൻ; കുജൻ; വ്യാഴം എന്നീ ഗ്രഹങ്ങൾ പുരുഷഗ്രഹങ്ങളും; ചന്ദ്രൻ; ശുക്രൻ; രാഹുകേതുക്കൾ എന്നീ ഗ്രഹങ്ങൾ സ്ത്രീഗ്രഹങ്ങളുമാണ്. ശനിയും ബുധനും നപുംസകഗ്രഹങ്ങളുമാണ്. വ്യാഴം; ശുക്രൻ; ബുധൻ; ശുക്ലപക്ഷചന്ദ്രൻ ഇവർ ശുഭഗ്രഹങ്ങളും; മറ്റു ഗ്രഹങ്ങൾ അശുഭന്മാരുമാണ്. രവി അല്പപാപിയും, ചൊവ്വ രവിയെക്കാൾ പാപിയും, ശനി ചൊവ്വയെക്കാൾ പാപിയും, രാഹുകേതുക്കൾ ശനിയെക്കാൾ പാപികളുമാകുന്നു. വ്യാഴ

വും വ്യാഴനും സാത്വികഗ്രഹങ്ങളും; ബുധശുക്രന്മാർ രാജസഗ്രഹങ്ങളും; ശനിരാഹുകേതുക്കൾ താമസഗ്രഹങ്ങളുമാണ്. ഗ്രഹങ്ങളുടെ കാരകത്വം താഴെ വിവരിച്ചിരിക്കുന്നു.

ആദിത്യൻ — ആത്മാവ്; പിതാവ്; പ്രഭാവം; ശക്തി; ആരോഗ്യം; രാജ്യാധികാരം.

ദേഹകാന്തി — ഔന്നത്യം; വിചാരശക്തി; അതിസാഹസം; ജയം; വ്യാധി.

വർണ്ണം — താമ്രനിറം.

അവയവം — ഉദരം.

ദേവത — അഗ്നി.

ദിക്ക് — കിഴക്ക്.

ജാതി — ക്ഷത്രിയൻ.

ധാതു — അസ്ഥി.

രസം — എരിവ്.

ഋതു — ഗ്രീഷ്മം.

ലോഹം — ചെമ്പ്.

ധനം — മൂലധനം.

ചന്ദ്രൻ:— മനസ്സ്; മാതാവ്; സമ്പത്ത്; സുഭിക്ഷണം; ബുദ്ധി; ജലം; കീർത്തി; സുഗന്ധദ്രവ്യങ്ങൾ; വൈദ്യവിജ്ഞാനം.

രോഗങ്ങൾ:— പാണ്ഡു; ജലദോഷം; കാമില; പീനസം; ഉദരരോഗങ്ങൾ.

വർണ്ണം	വെളുപ്പ്	ധാതു	രക്തം
ദേവത	വരുണൻ	ലോഹം	ഈയം
അവയവം	മർദ്ദിതം	രസം	ഉപ്പ്.
ദിക്ക്	വടക്ക് പടിഞ്ഞാറ്	ഋതു	വർഷം
ജാതി	വൈശ്യൻ	ധനം	ധാതുധനം

കുജൻ:— സത്വം; ഉഗ്രസ്വഭാവമായത്, ഭൂമി; ശകടം; നിയമതലപ്പിലാക്കാനം; മാംസം, മറിവുകൾ; ഓരിഭ്രു കളം; സഹോദരസുഖം.

രോഗങ്ങൾ:— ഉഷ്ണവ്യാധി; കഫരോഗങ്ങൾ; അഗ്നിപിഡ; കുഴ; വ്രണം;

വർണ്ണം	രക്തം.	ജാതി	ക്ഷത്രിയൻ.
ദേവത	സുബ്രഹ്മണ്യൻ.	ധാതു	മജ്ജ.
അവയവം	ശിരസ്സ്.	രസം	കയ്പ്
ദിക്ക്	തെക്ക്.	ലോഹം	സ്വർണ്ണം.
ഭൂതം	അഗ്നി.	ഋതു	ഗ്രീഷ്മം.
		ധനം	ധാതുധനം.

ബുധൻ:— വിദ്യ; വാക്ക്; കർമ്മം; മാതുലൻ; സുഹൃത്ത്; ലോകപരിചയം; ബന്ധുക്കൾ; ജ്യോതിഷം; ഗണിതം; വാണിജ്യാദി ജ്ഞാനം.

രോഗങ്ങൾ:— ഗുഹ്യരോഗം; ഉരക്ഷതരോഗം; വായുരോഗം; കുഷ്ഠം; ഉദരം; ഗ്രഹണി.

വർണ്ണം	പച്ച.	രസം	മിശ്രരസം.
ദേവത	വിഷ്ണു.	ലോഹം	പിച്ചള, ഓട്.
അവയവം	കഴുത്തും തോൾകളും.	ഋതു	ശരത്.
ദിക്ക്	വടക്ക്.	ധനം	ജീവധനം.
ഭൂതം	ഭൂമി.	ജാതി	വൈശ്യൻ.
ധാതു	ത്വക്ക്.		

ഗുരു:— സൌഖ്യം, ബുദ്ധി; കീർത്തി; ആഭരണാദ്യലങ്കാരങ്ങൾ; വാഹനം, ധനധാന്യങ്ങൾ; നിധി; ധർമ്മം; സംഗീതസാഹിത്യകലാവിജ്ഞാനം.

രോഗങ്ങൾ:— ഉദരരോഗങ്ങൾ;

വർണ്ണം	പീതവർണ്ണം.	ജാതി	ബ്രാഹ്മണൻ.
അവയവം	മുഖം.	ധാതു	മേദസ്സ്.

ദേവത	ഇന്ദ്രാണി.	രസം	പുളി.
ദിക്ക്	തെക്കുകിഴക്ക്.	ദോഷം	[illegible]
ഭൂതം	ജലം.	ഋതു	വസന്തം.
ധാന്യം	[illegible]		

[illegible]:— [illegible]; [illegible]; [illegible] [illegible]; [illegible]; [illegible] [illegible]; [illegible].

[illegible]:— [illegible]; [illegible].

വർണ്ണം	[illegible]	ജാതി	[illegible]
അവയവം	[illegible]	ധാതു	[illegible]
ദേവത	[illegible]	രസം	[illegible]
ദിക്ക്	[illegible]	ദോഷം	[illegible]
ഭൂതം	[illegible]	ഋതു	[illegible]
ധാന്യം	[illegible]		

ശനി:— [illegible]; [illegible]; [illegible]; [illegible]; [illegible]; [illegible]; [illegible]; [illegible]; [illegible]; [illegible]; [illegible]; [illegible].

[illegible] — [illegible].

വർണ്ണം	കറുപ്പ്.	ജാതി	ശൂദ്രൻ.
അവയവം	[illegible]	ധാതു	[illegible]
ദേവത	[illegible]	രസം	ചവർപ്പ്.
ദിക്ക്	പടിഞ്ഞാറ്.	ദോഷം	[illegible]
ഭൂതം	വായു.	ഋതു	ശിശിരം.
ധാന്യം	[illegible]		

[illegible] — ശക്തി; ചിലവ്; [illegible]; [illegible]; [illegible]; [illegible]; [illegible].

രോഗങ്ങൾ— ചൊറി; മസൂരി; ഉൽബന്ധനം; അരുചി; കുഷ്ഠം.

ലോഹം— ഈയ്യം. അവയവം— കാലുകൾ

കേതു— സന്യാസം; മോക്ഷം, ദുഃഖം, വിഷഭയം; ദുർജ്ജനങ്ങൾ; മാതാമഹി; വിഷമരുന്നു് പ്രയോഗങ്ങൾ; ആഭിചാരാദികൾ; ക്ഷുദ്രോപദ്രവങ്ങൾ.

രോഗങ്ങൾ— മസൂരി; ചൊറി.

ലോഹം— ധൂമ്രമണി.

ഗുളികനും, ഗുളികോദയവും, ഗുളികഫലങ്ങളും.

ഗുളികൻ ജാതകചിന്തനകൾക്കു് വിഷയമായിട്ടുള്ള ഒരു ഉപഗ്രഹമാണു്. ഗുളികൻ; താഴെപ്പറയുന്ന കണക്കനുസരിച്ചാണു് ഉദിക്കുന്നതു്.

ഞായറാഴ്ച ഉദിച്ചു് പകൽ 26 നാഴികക്കു് ഏതുരാശിയിലോ ആ രാശിയിൽ ഒരു ദിവസവും;— തിങ്കളാഴ്ച ഉദിച്ചു് പകൽ 22 നാഴികക്കു് ഏതുരാശിയിലോ ആ രാശിയിൽ ഒരു ദിവസവും— ചൊവ്വാഴ്ച ഉദിച്ചു് പകൽ 18 നാഴികക്കു് ഏതു രാശിയിലോ ആ രാശിയിൽ ഒരു ദിവസവും; അങ്ങിനെ ബുധനാഴ്ച പകൽ 14 നാഴികക്കും; വ്യാഴാഴ്ച 10 നാഴികക്കും; വെള്ളിയാഴ്ച 6 നാഴികക്കും; ശനിയാഴ്ച 2 നാഴികക്കും ഏതുരാശികളിലോ ആ രാശികളിൽ ആദിവസങ്ങളിലും ഗുളികൻ ഉദിക്കുന്നു. ഓരോദിവസങ്ങളിലും രാത്രി ഗുളികൻ ആ ദിവസത്തിന്റെ 5-ാം ദിവസത്തിനു് പകൽ ഏതുവിധം ഉദിക്കുന്നുവോ ആരാശിയിൽ ഉദിക്കുന്നു. ഗുളികൻ നില്ക്കുന്ന രാശിയുടെ അധിപൻ നില്ക്കുന്ന ഭാവം അനിഷ്ടപ്രദമായിരിക്കുന്നതും ഈ ബന്ധംകൊണ്ടു് ആയതു് തീരുന്നതുമാണു്.

അദ്ധ്യായം. ൩

ഹോര: ദ്രേക്കാണം: സപ്താംശകം; നവാംശകം; ദ്വാദശാംശം, ത്രിംശാംശം ക്ഷേത്രം; ഷഡ്വർഗ്ഗം

ഹോര:—രാശിയുടെ അർദ്ധഭാഗമാണ് ഹോര; ഓജരാശിയിൽ ആദ്യത്തെ 15 ദിവസം സൂര്യഹോരയും; പിന്നത്തെ 15 ദിവസം ചന്ദ്രഹോരയും: യുഗ്മരാശിയിൽ ആദ്യത്തെ 15 ദിവസം ചന്ദ്രഹോരയും; പിന്നത്തെ 15 ദിവസം സൂര്യഹോരയുമാകുന്നു.

ദ്രേക്കാണം:—രാശിയുടെ 3ൽ ഒരു ഭാഗമാണ് ദ്രേക്കാണം. ഒരു രാശിയിലുള്ള 30 ഭാഗയിൽ ആദ്യത്തെ 10 ഭാഗം ലഗ്നാധിപന്റെ ദ്രേക്കാണവും: പിന്നത്തെ 10 ഭാഗം 5-ാം രാശ്യധിപന്റെ ദ്രേക്കാണവും: പിന്നത്തെ 10 ഭാഗം 9-ാം രാശിനാഥന്റെ ദ്രേക്കാണവുമാകുന്നു.

സപ്താംശകം:—രാശിയുടെ 7ൽ ഒരു ഭാഗമാണ് സപ്താംശകം. ഓജരാശി ലഗ്നമായാൽ ലഗ്നം മുതൽ 7 ഭാവങ്ങളുടെയും, യുഗ്മരാശി ലഗ്നമായാൽ ആ രാശിയുടെ ഏഴാം രാശിമുതൽ 7 ഭാവങ്ങളുടെയും നാഥന്മാർ ഒന്നുമുതൽ 7 വരെയുള്ള സപ്താംശകനാഥന്മാരാകുന്നു.

നവാംശകം:—ഫല ചിന്തനയിൽ കൂടുതൽ പ്രാധാന്യമർഹിക്കുന്നതു് നവാംശകമാണ്. ഓരോ രാശിയേയും ഒമ്പതായി ഭാഗിച്ചിട്ടുള്ളതിനാലാണ് നവാംശകം എന്ന് പറയുന്നതു്. ഒരു രാശിക്ക് 30 (ഡിഗ്രി) ഭാഗയാണെന്ന് നാം അറിഞ്ഞുവല്ലോ. ഓരോ ഭാഗക്കും 60 കലകളാണ്. അപ്പോൾ ഒരു രാശിക്ക് 1800 കലയുണ്ട്. അതിൽ 200 കല വീതം ഓരോ നവാംശകമാണ്. സൂര്യൻ 1800 കലകളും കടന്ന് പോകുന്നതു് ഒരു മാസംകൊണ്ടാണ്. ഒരു ദിവസം

60 കലകൾ കടക്കുന്നു. ഒരു നവാംശകത്തിലുള്ള 200 കല സൂൎയ്യൻ 3 ദിവസം 20 നാഴിക കൊണ്ട് കടന്നശേഷം മറ്റൊരു നവാംശകത്തിലേക്ക് പ്രവേശനം ചെയ്യുന്നു.

മേഷം; കൎക്കിടകം; തുലാം; മകരം; എന്നീ ചരരാശികൾക്ക് ആദ്യനവാംശകം അതതു നവാംശകത്തിലും; ഇടവാദി സ്ഥിരരാശികൾക്ക് അഞ്ചാം നവാംശകം അതതു രാശികളും; മിഥുനാദി ഉഭയരാശികൾക്ക് ഒമ്പതാം നവാംശകത്തിലും അതതു രാശികളുമാണ്. ഇടവത്തിന്റെ 1-ാം നവാംശകം മകരവും; മിഥുനത്തിന്റെ ഒന്നാം നവാംശകം തുലാം രാശിയുമായിരിക്കും.

ദശാംശം:— ഒരു രാശിയിൽ പത്തിലൊരു ഭാഗം ദശാംശം. ഓജരാശിയിൽ ലഗ്നം തുടങ്ങി 10 രാശിയുടെയും; യുഗ്മരാശിയിൽ 9-ാം രാശിതുടങ്ങി 10 രാശിയുടെയും അധിപന്മാർ അതതു ദശാംശനാഥന്മാരാകുന്നു.

ദ്വാദശാംശം:— ഒരു രാശിയെ പന്ത്രണ്ടായി അംശിച്ചാൽ ഒരു ദ്വാദശാംശമായി. ലഗ്നാധിപൻ തുടങ്ങി 12 ഭാവനാഥന്മാരും ആദ്യം മുതൽ അവസാനം വരെയുള്ള ദ്വാദശാംശങ്ങളുടെ നാഥന്മാരാണ്.

ഷോഡശാംശം:— ഒരു രാശിയെ പതിനാറായി അംശിച്ചാൽ ഒരു ഷോഡശാംശം കിട്ടുന്നു. ഓജരാശികളിൽ ആദ്യത്തെ 12 ഷോഡശാംശങ്ങളുടെയും നാഥന്മാർ മേഷം മുതൽ 12 ഭാവങ്ങളുടെ നാഥന്മാരും; ഓജരാശികളിൽ 13 മുതൽ 16 വരെ ഷോഡശാംശനാഥന്മാർ ബ്രഹ്മാവ്; വിഷ്ണു. ശിവൻ; സൂൎയ്യൻ; ഇവരും; യുഗ്മരാശികളിൽ 13 മുതൽ 16 വരെ ഷോഡശാംശനാഥന്മാർ സൂൎയ്യൻ; ശിവൻ; വിഷ്ണു. ബ്രഹ്മാവ്; എന്നിവരും ആകുന്നു.

ത്രിംശാംശം:— രാശിയുടെ മുപ്പതിൽ ഒരു ഭാഗം. ഓജരാശികളിൽ ആദ്യത്തെ 5 ഭാഗം ചൊവ്വ പിന്നത്തെ 5 ഭാ

ശം ശനി; പിന്നത്തെ 5 ഭാഗം വ്യാഴം; പിന്നെ 5 ഭാഗം ബുധൻ; പിന്നെ 5 ഭാഗം ശുക്രൻ; ഇങ്ങിനെയും യുഗ്മരാശികളിൽ ഇതിന്ന് നേരെ വിപരീതമായി ആദ്യത്തെ 5 ഭാഗം ശുക്രൻ എന്നിങ്ങിനെ ഇങ്ങിനെയും ത്രിംശാംശനാഥന്മാരാകുന്നു.

ഷഷ്ട്യംശം — രാശിയുടെ 60 ൽ ഒരു ഭാഗം.

1. ഘോരാംശം
2. രാക്ഷസാംശം
3. ദേവാംശം
4. കുബേരാംശം
5. യക്ഷാംശം
6. അചലാംശം
7. കിന്നരാംശം
8. ഭ്രഷ്ടാംശം
9. കുലഘ്നാംശം
10. ഗരളാംശം
11. അഗ്നിസംജ്ഞാംശം
12. മായാംശം.
13. പ്രേതപുരീശാംശം
14. അപാംപത്യംശം
15. ദേവഗണേശാംശം
16. കാലാംശം
17. ഹംസാംശം
18. അമൃതാംശം
19. ചന്ദ്രാംശം
20. മൃദ്വംശം
21. കോമളാംശം
22. പത്മാംശം.
23. ഭാന്വംശം
24. ലക്ഷ്മീശാംശം.
25. വാഗീശാംശം
26. ദിഗംബരാംശം
27. ദേവേന്ദ്രാംശം
28. കലിനാശാംശം
29. ക്ഷിതീശ്വരാംശം
30. കമലാകരാംശം.
31. മന്ദാത്മജാംശം.
32. മൃത്യുകരാംശം.
33. കാലാംശം.
34. ദാവാഗ്ന്യംശം.
35. ഘോരാംശം
36. യമകണ്ടകാംശം
37. സുധാമൃതാംശം.
38. പരിപൂർണ്ണചന്ദ്രാംശം
39. വിഷപ്രദിഗ്ധാംശം
40. കുലവീരാംശം.
41. മുഖ്യാംശം.
42. വംശക്ഷയാംശം.
43. പാതകാംശം.
44. കാലാംശം.
45. സൗമ്യാംശം.
46. മൃദ്വംശം

47. ശീതളാംശം
48. ദംഷ്ട്രാംശം
49. കരാളമുഖാംശം
50. ഇന്ദുമുഖാംശം
51. പൂർണാംശം
52. കാലാഗ്ന്യംശം
53. ദണ്ഡാംശം
54. ആയുധാംശം
55. നിർമ്മലാംശം
56. ശുഭകരാംശം
57. ശോഭനാംശം
58. ശീതളാംശം
59. സുധാപയോധിഭ്രമണാംശം
60. ഇന്ദുരേഖാംശം

ഓജരാശികളിൽ ഘോരാംശം തുടങ്ങി അനുക്രമമായും യുഗ്മരാശികളിൽ ഇന്ദുരേഖാംശം തുടങ്ങി വിപരീതമായും ഈ ഷഷ്ട്യംശങ്ങൾ വരുന്നു.

അദ്ധ്യായം ൩.

ഗ്രഹനിലചക്രവും നവാംശകചക്രവും

1121 ചിങ്ങമാസം 22-ാംനു ഉച്ചക്ക് 1 മണി 10 മിനിട്ടിന് ജനിച്ച ഒരു പുരുഷജാതകമാണെന്നു നാം കണ്ടുവല്ലോ. ആ ശിശുവിന്റെ ജാതകം നമുക്ക് ഉണ്ടാക്കാം. ചിങ്ങമാസസംക്രമംകൊണ്ട് ആദിത്യൻ ചിങ്ങത്തിലാണ്. 22-ാംനു പൂരം നക്ഷത്രത്തിൽ ഉദയാൽപരം 4 നാഴിക 55 വിനാഴികയാണ്. അപ്പോൾ അതുകഴിഞ്ഞ് ഉത്രം നക്ഷത്രം തുടങ്ങി. ജനനം ഉദയാൽപരം 14 നാഴിക 40 വിനാഴിക കഴിഞ്ഞിട്ടുകൊണ്ട് ജനനം ഉത്രം നക്ഷത്രത്തിൽ (14-40) —(4-55) 9 നാഴിക 45 വിനാഴിക ചെന്നു. അപ്പോൾ ഉത്രത്തിന്റെ ആദ്യപാദത്തിലാണ് ചന്ദ്രൻ, ഉത്രത്തിന്റെ ആദ്യപാദം ചിങ്ങത്തിലാകയാൽ ചന്ദ്രൻ ചിങ്ങത്തിലാണ്. പഞ്ചാംഗത്തിൽ ചിങ്ങം 22-ാംനു- കുജൻ മിഥുനത്തിലും, ബുധൻ ചിങ്ങത്തിലും, വ്യാഴം ക

നിയിലും, ശുക്രൻ കർക്കിടകത്തിലും, ശനി മിഥുനത്തിലും, രാഹു മിഥുനത്തിലും, കേതു ധനുവിലുമാകുന്നു "ക്കേ" പ്രകാരം കാണുന്നതിനാൽ അതെല്ലാം അപ്രകാരം കുറിക്കണം. മിഥുനം 22-ാംനു- പകൽ കന്നി രാശിയിലാണു ഇ ഉദ്ഭവിച്ചു. അതുപ്രകാരം ഗ്രഹനിലകളും ഇപ്രകാരം കുറിക്കപ്പെടുന്നു.

			കു സ ര
	ഗ്രഹനില		ശു
			ബു ച മ
ശി	ല		ഗു മാ

ല = ലഗ്നം
ര = രവി (ആദിത്യൻ)
കു = കുജൻ (ചൊവ്വ)
മ = മന്ദൻ (ശനി)
ശു = ശുക്രൻ
സ = സർപ്പി (രാഹു)
ശി = ശിഖി (കേതു)
ഗു = ഗുരു (വ്യാഴം)
ബു = ബുധൻ
ച = ചന്ദ്രൻ.
മാ = മാന്ദി, ഗുളികൻ

നവാംശകനിലകം

ഈ ജാതകത്തിൽ ലഗ്നശിഷ്ടത്തിൽ ചെന്ന നാഴിക 3 — വിനാഴിക $\frac{1}{10}$ ആണെന്നു നാം കണ്ടുവല്ലോ. വൃശ്ചികം രാശിക്കു ആകെ 5 നാഴിക 29 വിനാഴിക ഉള്ളതുകൊണ്ടു ഓരോ നവാംശകത്തിനും $\frac{329}{9}$ വിനാഴികയാണു. ഇവിടെ $\frac{1801}{10}$ വിനാഴികയാണു കഴിഞ്ഞിട്ടുള്ളതു. $\frac{1801}{10}$ൽ $\frac{329}{9}$ ഭാഗം എത്രയുണ്ടോ അത്രയും നവാംശകം കഴിഞ്ഞു. അതായതു! $\frac{1801}{10} \times \frac{9}{329}$ = 3290) 16209 (4 — $\frac{3049}{3290}$) നാലു നവാംശകങ്ങളും കഴിഞ്ഞു ബാക്കി 5-ാം നവാംശകത്തിൽ $\frac{3049}{3290}$ ഭാഗം അഥവാ $33\frac{79}{90}$ വിനാഴികചെന്നു. വൃശ്ചികലഗ്നത്തിന്റെ 5-ാം നവാംശകം വൃശ്ചികം തന്നെയാകയാൽ അതുതന്നെ ലഗ്നനവാംശകരാശി

22-ാംനുക്കു ആദിത്യൻ മിഥുനം 60 കല വീതം 1260 കലയും കടന്നുകഴിഞ്ഞു. 200 കലക്കു ഒരു അംശക

ാമതി വിഭജിക്കയാൽ 1200 കല കഴിഞ്ഞപ്പോൾ 6 അംശകം കഴിഞ്ഞു. 1260 കല എത്തിയതുകൊണ്ടു് 7-ാം നവാംശകമാണു്. ആദിത്യൻ നില്ക്കുന്നതു ചിങ്ങത്തിലായതിനാലും, ചിങ്ങത്തിനു് ആദ്യനവാംശകം മേടമാകയാലും, ആദിത്യന്റെ നവാംശകരാശി തുലാമാണെന്നു വരുന്നു. ചന്ദ്രൻ അന്നു് ഉത്രത്തിൽ ആദ്യപാദത്തിലാണു്. മകം പൂരം ഉത്രത്തിൽ കാൽ ഈ നക്ഷത്രങ്ങൾ ചിങ്ങക്കൂറാണു്. മകം നാലു പാദങ്ങളിൽ നാലു അംശകവും പൂരം നാലു പാദങ്ങളിൽ നാലു അംശകവും, ഉത്രം 1 പാദത്തിൽ ഒരു അംശകവുംകൂടി 9 അംശകം കഴിയുമ്പോഴാണു് ചന്ദ്രൻ ചിങ്ങത്തിൽ നിന്നു് കന്നിയിലേക്ക പ്രവേശിക്കുന്നതു്. ഇവിടെ ഉത്രത്തിൽ പാദമാകയാൽ 8 അംശകം കഴിഞ്ഞു 9-ാം അംശകമാണു്. ചിങ്ങത്തിൽ ചന്ദ്രൻ നില്ക്കയാൽ ചിങ്ങത്തിന്റെ ആദ്യനവാംശകം തുടങ്ങുന്ന മേടം മുതൽ എണ്ണി ഒമ്പതാമതു് വരുന്ന ധനുവാണു് ചന്ദ്രന്റെ അംശകം. മറ്റു ഗ്രഹങ്ങളും മറ്റു രാശിയിൽ എന്നു് പ്രവേശിച്ചുവെന്നും എന്നു് ആ രാശിവിട്ടു മാറുമെന്നു് അറിഞ്ഞിട്ടുള്ള സമയത്തെ അനുസരിച്ചു ഗണിച്ചാൽ ആയതു് ഗ്രഹങ്ങൾ മറ്റു നവാംശകത്തിലും നില്ക്കുന്ന കാലം മനസ്സിലാക്കാം. അങ്ങിനെ മറ്റു ഗ്രഹങ്ങളുടെയും നവാംശകസ്ഥിതി മനസ്സിലാക്കാം. ഉദാഹരണം:—

ബുധൻ ചിങ്ങം 17-ാംനു 8 നാഴികക്കു് ചിങ്ങത്തിൽ പ്രവേശിച്ചു. കന്നി 8-ാംനു 23 നാഴികക്കു് കന്നിയിലേക്ക കടന്നു.

അപ്പോൾ ബുധൻ ചിങ്ങത്തിൽ ആകെ നിന്ന സമയം:—

ചിങ്ങമാസത്തിൽ	12 ദിവസം	52 നാഴിക.
കന്നിമാസത്തിൽ	7 "	23 "
ആകെ	20 ദിവസം.	15 നാഴിക.

അപ്പുറം ഒരു നവാംശകത്തിൽ ബുധൻ നില്ക്കുന്നതു 2 ദിവസം 15 നാഴിക. ചിങ്ങം 22_ാംനു 11 നാഴിക 40 വിനാഴികക്കു ചെന്ന സമയം:—

(22. 11 —12. 52.) = 9. 22.

9 ദിവസം 22 വിനാഴിക. 9 ദിവസം കഴിഞ്ഞതിനാൽ 4 നവാംശകങ്ങൾ കഴിഞ്ഞു 5_ാം നവാംശകത്തിൽ 22 നാഴിക ചെന്നു. ബുധൻ നില്ക്കുന്നതു ചിങ്ങത്തിലാണ്. ചിങ്ങത്തിന്റെ 5_ാം നവാംശകം ചിങ്ങംതന്നെ. അതുകൊണ്ട് ബുധൻ അംശിച്ചിരിക്കുന്നതു് ചിങ്ങത്തിലാണ്.

അദ്ധ്യായം ൭.

ലഗ്നാദി ദ്വാദശഭാവങ്ങൾ.

കേന്ദ്രത്രികോണാദിഭാവങ്ങൾ.

ലഗ്നം മുതൽ 1. 4. 7. 10. രാശികളെ കേന്ദ്രരാശികളെന്നും, 5, 9 രാശികളെ ത്രികോണരാശികളെന്നും പറയുന്നു. 3. 6. 8. 12 സ്ഥാനങ്ങൾ അനിഷ്ടസ്ഥാനങ്ങളാണ്. 2 ഉം 11 ഉം, രാശിയിലെ ഗ്രഹങ്ങൾ അനിഷ്ടഫലപ്രദന്മാരല്ല. എന്നാൽ അനിഷ്ടന്മാരുടെ യോഗവീക്ഷണാദി സംബന്ധങ്ങളാലും ബലകുറവിനാലും അനിഷ്ടഫലങ്ങളും ചെയ്യും. കേന്ദ്രങ്ങളിൽ 10_ാം കേന്ദ്രം കൂടുതൽ ശക്തിയുള്ളതും 7 അതിൽ കുറഞ്ഞതും 4 അതിലും കുറഞ്ഞതും 1 ഏററവും ശക്തികുറഞ്ഞതും ആകുന്നു. 9_ാം ത്രികോണം 5_ാം ത്രികോണത്തെക്കാൾ ശക്തിയുള്ളതാണ്. കേന്ദ്രത്രികോണരാശികളിലെ നാഥന്മാർക്കും ആ രാശികളിൽ നില്ക്കുന്ന ഗ്രഹങ്ങൾക്കും കൂടുതൽ ബലമുണ്ടായിരിക്കും, ജാതകത്തിൽ ശുഭഗ്ര

ഹങ്ങൾക്കു് കൂടുതൽ ബലമുണ്ടായിരിക്കുന്നതു് ആവശ്യമാകയാൽ കേന്ദ്രത്രികോണാധിപത്യങ്ങൾ ശുഭഗ്രഹങ്ങൾക്കു് ലഭിക്കുന്നതു് വളരെ നല്ലതാണു്; ദുസ്ഥാനാധിപത്യം അശുഭഗ്രഹങ്ങൾക്കും നല്ലതാണു്. കേന്ദ്രാധിപത്യം ലഭിച്ച ശുഭഗ്രഹങ്ങൾ അതാതു് കേന്ദ്രങ്ങളിൽതന്നെ സ്ഥിതിചെയ്യുന്നതായാൽ അവ വളരെ അധികം ശക്തിയുള്ളതായിരിക്കും. പായസത്തിൽ ആവശ്യത്തിലധികം ശർക്കര ചേർത്താൽ മധുരത്തിനു് പകരം കയ്പുണ്ടാകുന്നതു് പോലെയും; ദീപ്തിമത്തായ ഒരു വെളിച്ചത്തിനു മുമ്പിൽ കണ്ണു കാണാതാകുന്ന പോലെയും; ഈ ഗ്രഹങ്ങളുടെ ഏറെതന്നിലുള്ള ബലവും ശുഭഫലങ്ങൾക്കു് പകരം അശുഭഫലങ്ങളെ പ്രദാനം ചെയ്യിപ്പിക്കും. അതിനു് കേന്ദ്രാധിപത്യദോഷം എന്നു് പറയുന്നു. കേന്ദ്രാധിപത്യം ലഭിച്ച അശുഭഗ്രഹങ്ങൾ അതാതു് കേന്ദ്രങ്ങളിൽ നില്ക്കുന്നതു് നല്ലതാണു്.

ലഗ്നാദി ദ്വാദശ ഭാവങ്ങൾ കൊണ്ടു് ചിന്തിക്കേണ്ടതു്.

ലഗ്നം:— തനു: പ്രകൃതി; ബാല്യകാലം; ആരോഗ്യം, പരിതഃസ്ഥിതികൾ, ജീവിതം; കീർത്തി; വർണ്ണം; സൌന്ദര്യം; അഭിമാനം; സ്വഭാവം.

2-ാം ഭാവം— ധനം, കുടുംബം, പല്ലു്, വലതു കണ്ണു്, വാക്കു്, സംരക്ഷണം, മുഖം, വിദ്യാഭ്യാസം, ഭക്ഷണം, സാഹിത്യപരിശീലനം, മരണസ്വഭാവം, സ്വയാർജ്ജിതസ്വത്തു് ഉൾച്ചിന്ത.

3-ാം ഭാവം— ഊരു, ചെവി, ഇളയസഹോദരന്മാർ, ധൈര്യം, ബുദ്ധി, ഹ്രസ്വയാത്രകൾ, അയൽപക്കക്കാർ, അടുത്ത ബന്ധുക്കൾ, ലേഖനങ്ങൾ.

4-ാം ഭാവം— മാതാവു്, വിദ്യാഭ്യാസം, ഭൂമികൾ, ഗൃഹങ്ങൾ. ഉദ്യാനങ്ങൾ, നാല്ക്കാലികൾ, സ്നേഹിതന്മാർ, സുഖ

ഷം, വ്യാപാരം, കൃഷി, കുടുംബജീവിതം, ബന്ധുക്കൾ, സു ഖാനുഭവങ്ങൾ, പരമാർത്ഥജ്ഞാനം, സാമാന്യസുഖം, വാഹന ങ്ങൾ, കന്നും, ക്ഷേത്രങ്ങളും.

5-ാം ഭാവം:—പുത്രഭാവം, ശിരസ്സ്, ബുദ്ധി, മന്ത്രബലം, തീർത്ഥയാത്ര, പൂർവ്വജന്മം, ഗർഭം; പിതൃഭാഗ്യം; വിവേക ബുദ്ധി; കീർത്തി; സന്താനവൃദ്ധി.

6-ാം ഭാവം:—ശത്രു; രോഗം; കടം; വ്യവഹാരം; ജ യിൽവാസം; ഉദരം; വ്രണങ്ങൾ; മുറിവുകൾ; നിരാശകൾ; കഷ്ടങ്ങൾ, ദുഃഖം, തസ്കരന്മാർ.

7-ാം ഭാവം:—കളത്രം, അന്യരുടെ സ്വത്ത് വിട്ടു കി ട്ടൽ, ധർമ്മപത്നി, ഭാര്യ, ..., വിവാഹം, ..., ..., ..., കച്ചവടം, കലഹങ്ങൾ, വിദേശ ങ്ങളിൽ യാത്രകൾ, ..., വ്യാപാര..., സാമർത്ഥി.

8-ാം ഭാവം:—ആയുസ്സ്, രോഗം, ധനനഷ്ടം, ആപ ത്ത്, കഷ്ടപ്പാട്, വിഷമഘട്ടങ്ങൾ, കലഹകാരണം, വിഷമയം, മരണം, സ്വയാർജ്ജിതമല്ലാത്ത ധനം, അപ മാനം.

9-ാം ഭാവം:—പിതാവ്, ഭാഗ്യം, പൗത്രന്മാർ, തീർത്ഥയാ ത്ര, മഹത്വം, ദാനശീലം, ധർമ്മം, ഗണിതം, പൂർവ്വജന്മം, യോഗാഭ്യാസം, തപസ്സ്, ഐശ്വര്യം, സന്താനങ്ങളുടെ സന്താനങ്ങൾ, തപോധനം, മനശ്ശക്തി, നിയമലംഘനം, ദാനധർമ്മശീലം, അക്ഷയമായ കീർത്തി, ഗുരുത്വം, ശാസ്ത്ര പരിജ്ഞാനം.

10-ാം ഭാവം:—കർമ്മം, തൊഴിൽ, കീർത്തി, മതം, ധനസമ്പാദനമാർഗ്ഗം, സ്ഥിതി, ആചാരം, ബഹുമതികൾ, ഉത്തമമിത്രം, മതപരിജ്ഞാനം.

11-ാംഭാവം:—ലാഭം, മൂത്ത സഹോദരീസഹോദരന്മാർ, മരണാനന്തരപുണ്യം, ഭക്തിയശസ്സ്, ദാനം, മനുഷ്യനാം, സ്ത്രീകളുമായി, ആനന്ദം.

12-ാംഭാവം:—വ്യയം, ഇടത്തെ കണ്ണ്. ശയനസുഖം, വസ്ത്രധാരണം, പുനർജ്ജന്മം, മോക്ഷം, കപ്പൽയാത്ര. വിദേശവാസബാഹുല്യം, ഇന്ദ്രിയഭോഗം, രഹസ്യശത്രു, ധനനഷ്ടം, മറ്റും. ഈശ്വരഭക്തിപ്രാപ്തി.

ഒന്നാംഭാവത്തിന് ആദിത്യനും, രണ്ടാംഭാവത്തിന് വ്യാഴവും, മൂന്നാംഭാവത്തിന് ചൊവ്വയും, നാലാംഭാവത്തിന് ചന്ദ്രനും, ബുധനും, അഞ്ചാംഭാവത്തിന് വ്യാഴവും, ആറാംഭാവത്തിന് ശനിയും ചൊവ്വയും, ഏഴാംഭാവത്തിന് ശുക്രനും, എട്ടാംഭാവത്തിന് ശനിയും, ഒമ്പതാംഭാവത്തിന് സൂര്യനും വ്യാഴവും, പത്താംഭാവത്തിന് വ്യാഴവും, സൂര്യനും, ബുധനും, ശനിയും, പതിനൊന്നാംഭാവത്തിന് വ്യാഴവും, പന്ത്രണ്ടാംഭാവത്തിന് ശനിയും കാരകന്മാരാണ."

അദ്ധ്യായം ൮

നക്ഷത്രങ്ങളും നക്ഷത്രദശകളും.

നക്ഷത്രങ്ങളുടെ പേരുകളും, ഓരോ നക്ഷത്രത്തിന്റെ അധിപന്മാരായ ഗ്രഹങ്ങളുടെ വിവരവും താഴെ കൊടുത്തിരിക്കുന്നു:—

1. അശ്വതി—കേതു.
2. ഭരണി—ശുക്രൻ.
3. കാർത്തിക—ആദിത്യൻ.
4. രോഹിണി—ചന്ദ്രൻ.
5. മകയിരം—കുജൻ.
6. തിരുവാതിര—രാഹു.
7. പുണർതം—വ്യാഴം.
8. പൂയം—ശനി.

9. ആയില്യം—ബുധൻ.
10. മകം—കേതു.
11. പൂരം—ശുക്രൻ.
12. ഉത്രം—ആദിത്യൻ.
13. അത്തം—ചന്ദ്രൻ.
14. ചിത്തിര—കുജൻ.
15. ചോതി—രാഹു.
16. വിശാഖം—വ്യാഴം.
17. അനിഴം—ശനി.
18. തൃക്കേട്ട—ബുധൻ.
19. മൂലം—കേതു.
20. പൂരാടം—ശുക്രൻ.
21. ഉത്രാടം—ആദിത്യൻ.
22. തിരുവോണം—ചന്ദ്രൻ.
23. അവിട്ടം—കുജൻ.
24. ചതയം—രാഹു.
25. പൂരുരുട്ടാതി—വ്യാഴം.
26. ഉത്രട്ടാതി—ശനി.
27. രേവതി—ബുധൻ.

നക്ഷത്രങ്ങളുടെ സാമാന്യഫലങ്ങളും, ഓരോ നക്ഷത്രപാദത്തിനുമുള്ള പ്രത്യേകഫലങ്ങളും താഴെ കൊടുത്തിരിക്കുന്നു. ഈ ഫലങ്ങൾക്കു ജാതകത്തിലെ ഗ്രഹനിലകൾകൊണ്ടും മററും വളരെ മാററം വരാവുന്നതാണ്.

1. അശ്വതി—ഭൂഷണപ്രിയം, ധൈര്യം, ലൗകിക് സാമർത്ഥ്യം, ബുദ്ധിമാൻ.

1-ാം പാദം—പിതാവിന് ഹാനികരം, ചതിയൻ, ചപലമനസ്സ്.

2-ാം പാദം—പുരാണം, ചരിത്രം ഇവയിൽ അഭിരുചി, ലോകപരിചയം.

3-ാം പാദം—ജ്യോതിഷം പഠിക്കാൻ വാസന; നല്ല ഉപദേശകൻ; കൂടെക്കൂടെ രോഗി.

4-ാം പാദം—ജ്യോതിഷജ്ഞാനം; ബുദ്ധിമാൻ, വികാരാധീനൻ.

2. ഭരണി:—കർമ്മചതുരൻ, സത്യവാൻ, അരോഗി, ദൃഢചിത്തൻ.

1-ാം പാദം:—ശക്തിമാൻ, വിവേകി, തന്ത്രശാലി.

2-ാം പാദം:—അഭിമാനി, സമർത്ഥൻ, സ്ത്രീകൾക്ക് ഇഷ്ടപ്പെട്ടവൻ, ധർമ്മശീലൻ.

3-ാം പാദം:—പുത്രസമൃദ്ധി, പിതാവിനും സ്ത്രീപ്രജ ഭർത്താവിനും ഹാനികരം. ശുദ്ധസ്വഭാവം; ശക്തിമാൻ, ഏവിടെ ചെന്നാലും ഭാഗ്യം.

4-ാം പാദം:—ശക്തിമാൻ, ക്രോധി.

3. കാർത്തിക:—വളരെ അധികം ഭക്ഷണം, സൌന്ദര്യം, വിപുലമായ കീർത്തി.

1-ാം പാദം:—മതകർമ്മങ്ങളിൽ അഭിരുചി, ജ്ഞാനി, കന്നുകാലികളോട് പ്രിയം, രോഗി.

2-ാം പാദം—നിരീശ്വരമതക്കാരൻ, ക്രോധി, പുരാണങ്ങളിൽ അവിശ്വാസി.

3-ാം പാദം:—'മദ്യ'ശീലം, ധൈര്യം, ക്രൂരത.

4-ാം പാദം:—മടിയൻ, രോഗി, കലഹി, ദ്വേഷി.

4. രോഹിണി:—സത്യവാൻ, അന്യധനം ആഗ്രഹിക്കയില്ല. ബുദ്ധിയും വെളുപ്പും അധികം, മധുരസംഭാഷണം, സ്ഥിരമായ ആദായങ്ങൾ.

1-ാം പാദം:—മാതാവിന് ഹാനികരം, സുന്ദരൻ, പരിശ്രമക്കാരൻ, രോഗി, സഞ്ചാരപ്രിയൻ.

2-ാം പാദം:—പിതാവിന് ഹാനികരം, ശാന്തശീലം, മതകർമ്മനിരതൻ, വിശ്വസ്തൻ, നല്ല പ്രാസംഗികൻ.

3-ാം പാദം:—കണക്കിൽസമർത്ഥൻ, സംഗീതവിദ്വാൻ, കൺകെട്ട് മുതലായവിദ്യകളിൽ അറിവ്, മാതുലന്മാർക്ക് ഹാനികരം.

4-ാം പാദം:—മാതുലന്മാർക്ക് ഹാനികരം, സത്യവാൻ, സ്ത്രീകൾക്ക് വശംവദൻ.

5. മകയിരം:—അസ്ഥിരമായ ആദായങ്ങൾ, നല്ല പ്രാപ്തി, ധീരത്വം, കർമ്മശക്തി മുതൽ.

1-ാം പാദം:—ധനവാൻ, ശക്തിമാൻ, ക്രോധി, മതകർമ്മങ്ങളിൽ അവിശ്വാസി.

2-ാം പാദം:— ശൂരൻ, സത്യവാൻ, കർമ്മശീലം.

3-ാം പാദം:— ധീരൻ, സന്തോഷചിത്തൻ, മതകർമ്മശാലികൻ, ഉത്സാഹകൻ.

4-ാം പാദം:— രോഗപീഡിതൻ, ധീരൻ, ധർമ്മശീലൻ, ക്രോധി, വഞ്ചകൻ.

6. തിരുവാതിര:— ദുഷ്കർമ്മം ചെയ്യും, നന്ദിയില്ല.

1-ാം പാദം:— സ്ത്രീകളെ സ്നേഹിക്കും, ദുർമ്മനസ്സ്.

2-ാം പാദം:— കുതന്ത്രക്കാരൻ, വാദപ്രിയൻ.

3-ാം പാദം:— ഭീരു. ക്രൂരസ്വഭാവി. ചതിയൻ.

4-ാം പാദം:— ദോഷവിചാരി, വൃത്തിഹീനൻ.

7. പുണർതം:— ക്ഷമാശീലം, സുഖജീവിതം, നല്ല പെരുമാറ്റം, മതിയായ ആരോഗ്യം, ഭോഗി. കലിപ്രിയൻ.

1-ാം പാദം:— മടിയൻ, ധനികൻ, കർമ്മശീലൻ.

2-ാം പാദം:— മടിയൻ, ശത്രുനാശി, ഭോഗി.

3-ാം പാദം:— കുസൃതിക്കാരി, സംഭോഗപ്രിയൻ, ധനവാൻ, ദീർഘായുസ്സൻ.

4-ാം പാദം:— സുന്ദരൻ, ലാവണ്യമായ ശരീരം, ഗുണം ചെയ്യുന്ന അനുഗ്രഹം.

8. പൂയം— അനുഗ്രഹങ്ങളെ അടക്കി നിർത്തുവാൻ ശക്തിയുള്ള മനസ്സ്— ജനസേവനമുള്ളവൻ.

1-ാം പാദം— സാധുക്കൾക്ക് ദാനം, ധനശീലൻ, കോപി, സമർത്ഥൻ.

2-ാം പാദം— മന്ത്രവാദിക്കാരൻ, ജനദ്രോഹി.

3-ാം പാദം— ബന്ധുക്കളെ സ്നേഹിക്കും, ബുദ്ധിമാൻ, അന്യരോട് പറയുന്നതിൽ സമർത്ഥൻ.

4-ാംപാദം — കലഹപ്രിയൻ, കോപസ്വഭാവി, സ്ത്രീജിതൻ.

6. ആയില്യം — അന്യന്മാൎക്ക് വേണ്ടി കൊലചെയ്യും. കലഹപ്രിയൻ.

1-ാംപാദം — ധനികൻ, സ്ത്രീസ്വഭാവം, [illegible]ക്കാരൻ, എല്ലാവരേയും തെറിയും തല്ലും.

2-ാംപാദം — സുന്ദരൻ, കൎമ്മങ്ങൾ അനുഷ്ഠിക്കും, ക്രൂരൻ, ധനനഷ്ടം.

3-ാംപാദം — മറ്റുള്ളവരെ ഉപദ്രവിക്കുന്നവൻ, വലിയ വാക്കുകൾ മാത്രം പറയും, പ്രവൃത്തിക്ക് വളരെ മടിക്കുന്നവൻ, ഗുരുവിന് ദ്രോഹിക്കും.

4-ാംപാദം — ധാരാളി, ഭൃത്യന്മാൎക്ക് നല്ല സ്നേഹിതൻ, വ്യഭിചാരിണികളുമായി സ്നേഹം, പിതാവിന് ഹാനികരം, രോഗി.

10 — മകം — അനവധി ഭൃത്യന്മാർ, ധനവാൻ, സുഖി.

1-ാംപാദം — ദാനഗുണങ്ങൾ, മറ്റുള്ളവരുടെ ഗുണങ്ങൾ അറിയുന്നവൻ ദാരിദ്ര്യം, ചെറുപ്പത്തിൽ രോഗങ്ങൾ.

2-ാംപാദം — ധാരാളി, ചെലവിന് സ്വഭാവം, വ്യാധികാരവ്

3-ാംപാദം — ശക്തിമാൻ, ശൂരൻ, ക്രൂരത, അന്യധനത്തിൽ ആസക്തി.

4-ാംപാദം — തെറ്റുപറയുന്നതു കേൾക്കും, തനിക്ക് രോഗങ്ങൾ.

11. പൂരം — നല്ല സംസാരം, ദാനശീലം, സഞ്ചാരപ്രിയം.

1-ാംപാദം — ധൎമ്മകൎമ്മനിരതൻ, ധീരൻ, വാണിജ്യവ്യവസായത്തിലുള്ളവൻ.

2-ാംപാദം — കൃഷിക്കാരൻ, നിൎദ്ദയൻ.

3-ാംപാദം — നല്ല പെരുമാറ്റം, മാന്യൻ.

4-ാംപാദം — ദുഃഖി, ദേഹത്തിൽ അനവധി കറുത്ത പുള്ളികൾ, ഇതരന്മാരെയും ശത്രുക്കളെയും വെറുക്കും.

12. ഉത്രം — ദാനപ്രിയൻ, സുഖി.

1-ാംപാദം — മധുരസംഭാഷണം, ധീരൻ, ബന്ധുപ്രിയൻ.

2-ാംപാദം — ശൂരൻ, മാംസപ്രിയൻ.

3-ാംപാദം — സത്യസന്ധൻ, കനകാദികളെ ഇഷ്ടം, കൈക്കള്ളൻ.

4-ാംപാദം — മാതാവോ ചെറുപ്പത്തിൽ നശിക്കും, കൃതജ്ഞത.

13. അത്തം — ചെറിയവയറുള്ളവൻ, ധനധാന്യങ്ങളും ധാരാളം, നാണമില്ല, ദയയില്ല, മദ്യപാനി, അന്യസ്വത്തു് അപഹരിക്കും.

1-ാംപാദം — അസത്യവാദി, ബുദ്ധിമാനി, കനകാദികളെ പ്രിയം.

2-ാംപാദം — മാതാവു് ചെറുപ്പത്തിൽ മരിക്കും, സംഗീതജ്ഞാനം, നൃത്തത്തിൽ ഇഷ്ടം.

3-ാംപാദം — പിതാവു് ചെറുപ്പത്തിൽ മരിക്കും, കൌശലക്കാരൻ, രോഗി, കച്ചവടക്കാരൻ.

4-ാംപാദം — വളരെ ശോകം, ജനദ്രോഹക്കാരൻ, മാതാവു് പാലിക്കും.

14. ചിത്തിര — പല വർണ്ണങ്ങളിലുള്ള പുഷ്പങ്ങളിലും വസ്ത്രത്തിലും ആസക്തി, നല്ല ഭംഗിയുള്ള കണ്ണുകൾ.

1-ാംപാദം — ശത്രുദ്വേഷം, വിദഗ്ദ്ധൻ, സംഭോഗപ്രിയം, പിതൃമാതൃദ്വേഷം.

2-ാംപാദം — ആരോഗ്യത്തിൽ വലിയ ശ്രദ്ധാലു, മടിയൻ, ശോകം കൂടുതൽ, സംശയം അധികം, അച്ഛനമ്മമാർക്കു് സുഖക്കേടു്.

3-ാം പാദം—സാമർത്ഥ്യക്കാരൻ, അറിവുള്ളവൻ, വിവേകി.

4-ാം പാദം—ശുദ്ധമതി, ധീരൻ.

15. ചോതി—ശാന്തസ്വഭാവി, ക്ഷമാശീലൻ, വാണിജ്യവ്യാപാരാദികളിൽ വിദഗ്ദ്ധൻ, ദയാശീലൻ, മധുരഭാഷണം, ധർമ്മതല്പരൻ.

1-ാം പാദം—ധീരൻ, സ്വപ്നങ്ങൾ ധാരാളം കണ്ടുകൊണ്ടിരിക്കും, ഉയർന്ന നിലയിലുള്ളവരുമായി സഹവാസം, വാഗ്മി.

2-ാം പാദം—ശക്തിമാൻ, ക്ഷമാശീലൻ, സത്യവാൻ.

3-ാം പാദം—ശൂരൻ.

4-ാം പാദം—സമർത്ഥൻ, നല്ല സംഭാഷണം, കർമ്മശീലം.

16. വിശാഖം—അന്യരുടെ ഉയർച്ചയിൽ അസൂയാലു, പിശുക്കൻ, സുന്ദരൻ, വ്യക്തമായ സംസാരം, ധനസമ്പാദനത്തിന് പ്രത്യേക സാമർത്ഥ്യം, കലഹപ്രിയൻ.

1-ാം പാദം—മടിയൻ, ജ്യോതിഷജ്ഞാനം, കച്ചവടക്കാരൻ.

2-ാം പാദം—തന്നത്താൻ പുകഴ്ത്തും, മന്ത്രവാദം പഠിക്കാൻ താല്പര്യം, സത്യവാൻ, കലഹപ്രിയൻ, സ്വതന്ത്രചിന്തകൻ.

3-ാം പാദം—ശക്തിമാൻ, ബുദ്ധിശാലി, പോരാട്ട ഭാവ്, സംഭാഷണചതുരൻ.

4-ാം പാദം—ധനികൻ, ബുദ്ധിമാൻ, നല്ല സംസാരം.

17. അനിഴം—ധനികൻ, അന്യദേശങ്ങളിൽ വാസം, വിശപ്പ് സഹിക്കാൻ സാധിക്കില്ല. ദേശസഞ്ചാരനിരതൻ.

1-ാം പാദം വലിയ പദവി, സത്യവാൻ, മതകർമ്മനിരതൻ, ദേവപൂജാദികളിൽ പ്രിയം.

2-ാം പാദം — സംഗീതവാസന, ബുദ്ധിമതികൾ.

3-ാം പാദം — ബുദ്ധിമാൻ, സുന്ദരൻ, ചെറിയ ദേഹം, കലാവൈദഗ്ദ്ധ്യം.

4-ാം പാദം — ചതിയൻ, ദാനം അധികം.

18. തൃക്കേട്ട — സ്നേഹിതന്മാർ ചുരുക്കം, ആർദ്രചിത്തൻ, കീർത്തിമാൻ, കുസലില്ലാത്ത പ്രകൃതി.

1-ാം പാദം — നല്ല വേലകൾ, അഭിമാനി.

2-ാം പാദം — സംഗീതവാസന, പ്രസംഗചാതുരി, രോഗി.

3-ാം പാദം — നേത്രരോഗം, അല്പമനസ്സ്, കന്നുകാലികളെ പ്രിയം.

4-ാം പാദം — ക്രൂരൻ, ചതിയൻ.

19. മൂലം — ചാപല്യസ്വഭാവം, ധനികൻ, സുഖി, അന്യന്മാരെ ഉപദ്രവിക്കയില്ല, സ്ഥിരമായ ആശയങ്ങൾ, സുഖമായി ജീവിക്കും.

1-ാം പാദം — പിത്തപ്രകൃതി.

2-ാം പാദം — ബുദ്ധിമാൻ ഉദരരോഗം, ന്യായൻ, ജനരഞ്ജനയുള്ളവൻ.

3-ാം പാദം — ചെപ്പടിവിദ്യകൾ പഠിക്കും, മടിയൻ, സുന്ദരൻ.

4-ാം പാദം — നല്ല ദേഹശക്തി, ശത്രുഹാരി, കഴുത്തിൽ രോഗങ്ങൾ.

20. പൂരാടം — ഭാഗ്യവതിയായ ഭാര്യ, അഭിമാനി, സ്നേഹിതന്മാരുമായി വലിയ സ്നേഹം.

1-ാം പാദം — പുത്രന്മാരില്ല, മദ്ധ്യായുസ്സുവരെ ജീവിക്കും.

2-ാം പാദം — അസന്മാർഗ്ഗികനടപടികൾ, ജനങ്ങളെല്ലാം വെറുപ്പ്, അല്പബുദ്ധി.

3-ാം പാദം—ധനികൻ, ചെറുപ്പത്തിൽ മാതാവ് മരിക്കും, കഷ്ടരോഗി, നല്ല സ്വഭാവം.

4-ാം പാദം—ധീരൻ.

21. ഉത്രാടം—അനുസരണശീലം, ധർമ്മവിഷയങ്ങളിൽ അറിവ്, അനവധി സ്നേഹിതന്മാർ, നന്ദിയുള്ളവൻ, മെലിവുള്ള ശരീരക്കൊഴുക്കം, എല്ലാവരും സ്നേഹിക്കും.

1-ാം പാദം—സുന്ദരൻ, നല്ല ബുദ്ധി, കലാവൈദഗ്ദ്ധ്യം.

2-ാം പാദം—പിശുക്ക്, സംസാരചാതുര്യം, ശക്തിമാൻ.

3-ാം പാദം—അഭിമാനി, അവസ്ഥാപാലനം അധികം,

4-ാം പാദം—നല്ല ശക്തി, പല ജോലികളും ചെയ്യും. കച്ചവടക്കാരൻ.

22. തിരുവോണം—അറിവുള്ളവൻ, ഐശ്വര്യങ്ങൾ, അത്യധികമായ കീർത്തി.

1-ാം പാദം—ബുദ്ധിമാൻ, തെളിവുള്ളതല്ല, പുത്രന്മാരില്ല; അഭിമാനി.

2-ാം പാദം—ക്രമശീലം, പിശുക്ക്, സ്നേഹിതരില്ല.

3-ാം പാദം—ക്രമശീലം, രോഗി, ധനികൻ.

4-ാം പാദം—അസന്മാർഗ്ഗിക നടപടികൾ, ധർമ്മശീലം, ധനികൻ കൃഷിക്കാരൻ.

23. അവിട്ടം—ദാനം കൊടുക്കുന്നതിൽ ഇഷ്ടം, ധനികൻ, ധൈര്യം, സംഗീതപ്രിയം, പിശുക്ക്.

1-ാം പാദം—ആരെയും ബഹുമാനമില്ല.

2-ാം പാദം—ക്രൂരൻ, മടിയൻ, സ്ഥിരചിത്തൻ.

3-ാം പാദം—സത്യവാൻ, ചുറുചുറുക്കും, സുന്ദരൻ.

4-ാം പാദം—ധനികൻ, ക്രൂരൻ. അഭിമാനി, മടിയൻ.

24. ചതയം—ഉറക്കെസംഭാഷണം, സത്യവാൻ, ദുഃഖി, ശത്രുഹാരി, ഒന്നും ആലോചിക്കാതെ ജോലികൾ ആരംഭിക്കും, സ്വാതന്ത്ര്യശീലം.

1-ാം പാദം—[illegible], ശത്രു കലഹികളെ ദ്വേഷം, യത്നശീലൻ.

2-ാം പാദം—ക്രൂരൻ, കോപസ്വഭാവി, ചതിയൻ.

3-ാം പാദം—നല്ലകർമ്മങ്ങൾ, പിത്തപ്രകൃതി.

4-ാം പാദം—കർമ്മകുശലൻ, നല്ലസ്വഭാവം.

25. പൂരുരുട്ടാതി—ദുഃഖി, തന്റെ സ്വന്തം ഭാര്യയെ വിട്ടുകൊടുക്കും, വ്യക്തമായ സംസാരം പിശുക്കൻ.

1-ാം പാദം—ഭാര്യയെ കവിഞ്ഞ് സ്നേഹിക്കും, മതിമാൻ, സുഖഭോഗപ്രിയൻ.

2-ാം പാദം—നിരാശനാകില്ല, കലാവിജ്ഞാനം.

3-ാം പാദം—ഈശ്വരസേവകൻ, നല്ലനടത്തം, കവി, പിത്തപ്രകൃതി.

4-ാം പാദം—സത്യവാൻ, സുന്ദരൻ.

26. ഉത്രട്ടാതി—ഒന്നാംതരം ദ്രവ്യസമ്പാദികൻ, സുഖിയൻ, പുത്രന്മാരും പൌത്രന്മാരും ധാരാളം, ശത്രുഹാരി, കീർത്തിമാൻ.

1-ാം പാദം—കോപസ്വഭാവി, അസ്ഥിരചിത്തം.

2-ാം പാദം—ശീലൻ, പ്രതികാരശീലം, ബുദ്ധിമാൻ,

3-ാം പാദം—മൂഢൻ, മതകർമ്മനിരതൻ, ചതിയൻ,

4-ാം പാദം—കവിതാവാസന, വലിയ കുടുംബം.

27. രേവതി—എല്ലാവരാലും സ്നേഹിക്കപ്പെടും.

ധീരപ്രകൃതി, ശൗര്യം, അന്യസ്വത്ത് മോഹിക്കയും ഇല്ല, ധനികൻ.

1-ാം പാദം—കലഹി, അറിവുള്ളവൻ, ജോലിയോഗ്യനാണ്, പ്രാപ്തിയുള്ളവൻ.

2-ാം പാദം—ചാഞ്ചല്യം, ധീരൻ, കോപസ്വഭാവം.

3-ാംപാദം—ക്ഷുധൻ, പ്രതിഹാരജോലിക്കാരൻ, ദരിദ്രൻ.

4-ാംപാദം—സത്യവാൻ, ധൃതിശാലി.

ഓരോ നക്ഷത്രവും പ്രതിനിധീകരിക്കുന്ന അവയവങ്ങൾ.

അശ്വതി—കാലടിയുടെ പുറംഭാഗം.
ഭരണി—കാലടികളുടെ അടിഭാഗം.
കാർത്തിക—തല.
രോഹിണി—നെറ്റി.
മകയിരം—പുരികങ്ങൾ.
തിരുവാതിര—കണ്ണുകൾ.
പുണർതം—മൂക്ക്.
പൂയം—മുഖം.
ആയില്യം—ചെവി.
മകം—താടിയും, ചുണ്ടും.
പൂരം—വലത്തുകൈ.
ഉത്രം—ഇടത്തുകൈ.
അത്തം—കൈവിരലുകൾ.
ചോതി—മാറത്ത്.
വിശാഖം—ഹൃദയം.
അനിഴം—വയറ്.
തൃക്കേട്ട—വലത്തുഭാഗം.
മൂലം—ഇടത്തുഭാഗം.
പൂരാടം—പുറം.
ഉത്രാടം—അരക്കെട്ട്.
തിരുവോണം—ഗുഹ്യപ്രദേശം.
അവിട്ടം—വസ്തിപ്രദേശം.
ചതയം—വലതുതുട.
പൂരുരുട്ടാതി—ഇടതുതുട.
ഉത്രട്ടാതി—കാൽവണ്ണകൾ.
രേവതി—കാലുകൾ.
ചിത്തിര—കഴുത്ത്.

നക്ഷത്രദശകൾ

ആദിത്യൻ	6	കൊല്ലം
ചന്ദ്രൻ	10	,,
കുജൻ	7	,,
രാഹു	18	,,
വ്യാഴം	16	,,
ശനി	19	,,
ബുധൻ	17	,,
കേതു	7	,,
ശുക്രൻ	20	,,

120 കൊല്ലമാണ് മനുഷ്യായുസ്സ് എന്ന് സാധാരണയായി പരിഗണിച്ചുവരുന്നു. ആ 120 കൊല്ലക്കാലത്തെ നവഗ്രഹങ്ങൾക്കായി പങ്കുവെച്ചിട്ടുള്ളതിന്റെ ക്രമമാണ് എതിരെ ചേർത്തിട്ടുള്ളത്. ഈ 120 കൊല്ലത്തേക്ക് ദശാകാലമെന്ന് പറയുന്നു. നക്ഷത്രനാഥന്റെ ദശ ആദ്യം ആരംഭിക്കുക

നക്ഷത്രത്തിൽ ജനനസമയത്ത് ബാക്കി എത്ര നാഴികയുണ്ടോ അത്രയുംകാലം മാത്രമേ ദശയിലും കിട്ടുകയുള്ളൂ. ഉദാഹരണത്തിന്, അശ്വതിനക്ഷത്രത്തിൽ 1 നാഴിക മാത്രം ബാക്കിയുള്ളപ്പോൾ ജനിച്ച ഒരു ശിശുവിന് അശ്വതി നക്ഷത്രാധിപനായ കേതുവിന്റെ ദശയിൽ ശേഷമുള്ള ഏഴുകൊല്ലത്തിന്റെ $7 \times \frac{1}{60}$ ഭാഗം അതായത് $1\frac{2}{5}$ മാസം അഥവാ ഒരു മാസം 12 ദിവസമാണ് ലഭിക്കുന്നത്. അതിനുശേഷം ക്രമമായി കേതുവിന് ശേഷം വരുന്ന ശുക്രൻ, ആദിത്യൻ, ഇവരുടെ ദശകൾ ലഭിക്കുന്നു.

ദശാപഹാരങ്ങൾ.

ഓരോ ദശയിലും അതാതു ദശാനാഥന്മാരുടെ അപഹാരകാലമാണ് ആദ്യം ലഭിക്കുന്നത്. അതിനു ശേഷം ക്രമമായി അടുത്ത ഗ്രഹങ്ങളുടെ അപഹാരകാലം വരുന്നു. മുഴുക്കെയുള്ള 120 കൊല്ലത്തിൽ ഓരോ ഗ്രഹങ്ങൾക്കും എത്ര കൊല്ലം അവരുടെ ദശാകാലമായിട്ടുണ്ടോ ആ തോതനുസരിച്ച് ഓരോ ദശയിലും അവർക്കുള്ള അപഹാരകാലവും നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

ഉദാഹരണം:—

ശുക്രദശ 20 കൊല്ലം, ശുക്രന് ആകെയുള്ള 120-ൽ ഉള്ള ഭാഗം $\frac{20}{120}$ ശുക്രദശ 20 കൊല്ലത്തിൽ ആദ്യമായി ശുക്രന്റെ സ്വാപഹാരകാലം $\frac{20 \times 20}{120}$ = 3 കൊല്ലം 2 മാസം, അനന്തരം ആദിത്യനുള്ള സ്വാപഹാരകാലം.

ആദിത്യന് മുഴുക്കെയുള്ള 120 ൽ ഉള്ള ഭാഗം $\frac{6}{120}$ ശുക്രദശ 20 കൊല്ലത്തിൽ ഉള്ള അപഹാരകാലവും $\frac{20 \times 10}{120}$ = 1 കൊല്ലം.

ചന്ദ്രൻ—$\frac{10}{120}$ ശുക്രദശയിൽ അനന്തരം ചന്ദ്രാപഹാരകാലം $\frac{20 \times 10}{120}$ 1 കൊല്ലം 8 മാസം. ഇങ്ങിനെ കണക്കാക്കി

വരുമ്പോൾ ഓരോ ദശാനാഥന്മാരുടെ ദശയിലും വരുന്ന അപഹാരകാലങ്ങളുടെ വിവരം, അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു.

ഗ്രഹങ്ങൾ സ്ഥിതിചെയ്യുന്ന നക്ഷത്രപാദങ്ങളും തൽഫലങ്ങളും

ഒരു ജാതകത്തിലെ ഗ്രഹനിലയും അംശകനിലയും താഴെ കൊടുത്തിരിക്കുന്നു. അതിൽ നിന്ന് ഓരോ ഗ്രഹങ്ങളും ഏതേത് നക്ഷത്ര പാദങ്ങളിലാണ് നില്ക്കുന്നത് എന്ന് നമുക്ക് മനസ്സിലാക്കാം.

ശു	ര ശ	ല ബു സ ഗു	ക
	ഗ്രഹനില		ച
	രാ		ഇ

		ര സ	മ
ബു	അംശകം		ച
ല ഇ			ശ
ശു	രാ	ക	

ശുക്രൻ— ശുക്രൻ സ്ഥിതിചെയ്യുന്നത് മീനത്തിലാണ്. മീനത്തിലെ നക്ഷത്രപാദങ്ങൾ പൂരുരുട്ടാതി അന്ത്യപാദം, ഉത്രട്ടാതി രേവതി ഇവയാണല്ലോ. ശുക്രൻ അംശിച്ചിരിക്കുന്നത് ധനുവിലാണ്. മീനരാശിക്ക് ആദ്യനവാംശകം തുടങ്ങുന്നത് കർക്കിടകത്തിലാണ്. കർക്കിടകം ചിങ്ങം കന്നി തുലാം വൃശ്ചികം ഈ അഞ്ചു നവാംശകങ്ങൾ കഴിഞ്ഞ് ആറാം നവാംശകത്തിലാണ് അപ്പോൾ ശുക്രൻ നില്ക്കുന്നത്. മീനരാശിയിൽ ആറാമത്തെ നക്ഷത്രപാദം ഒന്നാമത്തേതായിവരുന്ന പൂരുരുട്ടാതി അന്ത്യപാദവും, ഉത്രട്ടാതി നാലുപാദങ്ങളും കഴിഞ്ഞുവരുന്ന രേവതി ആദ്യപാദമാണ്. അപ്പോൾ

ശുക്രന് കൊടുത്തിട്ടുള്ളത് രേവതി ആദ്യപാദത്തിലാണ്. രേവതി നക്ഷത്രനാഥൻ ബുധനാണ്. അപ്പോൾ ഈ ദശകങ്ങളിൽ ശുക്രനെ സംബന്ധിച്ചിട്ടുള്ള എല്ലാറ്റിന്റേയും നോക്കണമെന്നർത്ഥം. ശുക്രൻ സ്ഥിതിചെയ്യുന്ന നക്ഷത്രപാദനാഥനായ ബുധന്റെ സ്ഥിതിക്കു പതിനൊന്നിൽ വേണമെന്നർത്ഥം. ശുക്രന്റെ ദശാന്തരങ്ങളിൽ ഭരിക്കൽ ചെയ്യുക ബുധന്റെ ഫലങ്ങളും അനുഭവിപ്പിക്കുകയും ചെയ്യുന്നതാണ്.

ആദിത്യൻ — സ്ഥിതിചെയ്യുന്ന രാശി മേടം. മേടം രാശി നക്ഷത്രം — അശ്വതി ഭരണി കാർത്തികകാൽ അംശകം. ഏതുവിധത്തിൽ — മേടത്തിന്റെ ആദ്യനവാംശകം മേടം — അതുകൊണ്ട് 2-ാം നവാംശകം എടവം. 2-ാം നവാംശകം അശ്വതി 2-ാം പാദത്തിലാണ്. അശ്വതി നക്ഷത്രനാഥൻ കേതു. അതുകൊണ്ട് ആദിത്യനെപ്പറ്റി എല്ലാതരം ഫലങ്ങളും ഗണിക്കുമ്പോഴും ഈ ജാതകത്തിൽ കേതുവിന്റെ സ്ഥിതിഗതികളും നോക്കണം.

ശനി — അംശകം — ഭരണി ആദ്യപാദത്തിൽ. ഭരണിനക്ഷത്രനാഥൻ — ശുക്രൻ.

ലഗ്നം — കാർത്തിക 2-ാം പാദത്തിൽ അംശകം, കാർത്തികനക്ഷത്രനാഥൻ — ആദിത്യൻ.

ബുധൻ — കാർത്തിക 3-ാം പാദത്തിൽ അംശകം. കാർത്തികനക്ഷത്രനാഥൻ — ആദിത്യൻ.

രാഹു — രോഹിണി 2-ാം പാദത്തിൽ അംശകം — രോഹിണിനക്ഷത്രനാഥൻ — ചന്ദ്രൻ.

ഗുളികൻ — രോഹിണി 3-ാം പാദത്തിൽ അംശകം. രോഹിണിനക്ഷത്രനാഥൻ — ചന്ദ്രൻ.

ഗുളികൻ നില്ക്കുന്ന രാശിയുടെ അനിഷ്ടഫലം ഒട്ടുക്കു ചന്ദ്രനും ബാധിക്കുന്നതാണ്.

കുജൻ—മകയിരം 3-ാംപാദത്തിൽ അംശകം. മകയിരം നക്ഷത്രനാഥൻ കുജൻതന്നെ. അതുകൊണ്ടു് കുജൻ കൂടുതൽ ബലവാനാണു്.

ചന്ദ്രൻ—പുണർതത്തിൽ 4-ാംപാദത്തിലംശകം. പുണർതം നക്ഷത്രനാഥൻ—വ്യാഴം.

വ്യാഴം—ഉത്രത്തിൽ 3-ാംപാദത്തിൽ അംശകം. ഉത്രം നക്ഷത്രനാഥൻ—ആദിത്യൻ.

രവി—അനിഴം 4-ാംപാദത്തിലംശകം. അനിഴം നക്ഷത്രനാഥൻ—ശനി.

ഇങ്ങിനെ ഓരോ ഗ്രഹങ്ങളും ഏതു് നക്ഷത്രത്തിൽ അംശിച്ചിട്ടുണ്ടോ ആ നക്ഷത്രനാഥന്റെ സ്ഥിതിഗതികളെക്കൂടി പരിഗണിച്ചുവേണം, ആ ഗ്രഹങ്ങളുടെയും, ആ ഗ്രഹങ്ങൾ സ്ഥിതിചെയ്യുന്ന ഭാവങ്ങളുടെയും ശുഭാശുഭഫലങ്ങൾ ചിന്തിക്കുവാൻ.

ഏററവും കൂടുതൽ അംശകം ചെയ്തിട്ടുള്ള ഗ്രഹം ഏററവും കൂടുതൽ കലയുള്ളതാണു്. രാശിയുടെ ഒരു രാശിക്കുള്ള 1800 കലയിൽ ഏററവും കൂടുതൽ കലകൾ കൂടുതൽ അംശകം ചെയ്തിട്ടുള്ള ഗ്രഹങ്ങൾ കടന്നിരിക്കുമല്ലൊ.

അദ്ധ്യായം ൯

നൈസർഗ്ഗികദശകളും രാശിദശകളും

നൈസർഗ്ഗികദശകൾ.

ഒരാൾ ജനിച്ചുകഴിഞ്ഞു ആദ്യത്തെ കൊല്ലം ചന്ദ്രന്റെയും, അടുത്ത 2 കൊല്ലങ്ങൾ കുജന്റെയും, അടുത്ത 9 വർഷങ്ങൾ ബുധന്റെയും, പിന്നത്തെ 20 വർഷങ്ങൾ ശുക്രന്റെ

യും, പിന്നെ വരുന്ന 18 വർഷങ്ങൾ വ്യാഴത്തിന്റെയും, പിന്നീട്ട് വരുന്ന 20 കൊല്ലങ്ങൾ സൂര്യന്റെയും, അടുത്ത 50 വർഷങ്ങൾ ശനിയുടെയും ദശാസന്ധികാലങ്ങളാണ്. ദശാസന്ധികളിൽ സാധാരണ ക്ഷേമത്തോടുകൂടാതെയായി വരുന്ന കാലങ്ങൾ വളരെ നന്നായിരിക്കും.

ജൈമിനിയുടെ സൂത്രപ്രകാരമുള്ള രാശിദശകൾ.

ഒരു രാശിനാഥൻ ആ രാശിവിട്ട് എത്രാമത്തെ രാശിയിലാണോ സ്ഥിതി ചെയ്യുന്നത് അത്രയും വർഷം ആ രാശിയുടെ ദശയാണ്. രാശിനാഥൻ അതേരാശിയിലാണെങ്കിൽ ആ രാശിയുടെ ദശാകാലം 12 വർഷമാണ്. രാശിനാഥൻ 12-ാം രാശിയിലാണെങ്കിലും ദശാകാലം 12 വർഷമാണ്. രാശിനാഥൻ ഉച്ചത്തിലാണെങ്കിൽ ആ രാശിക്ക് ആ കാരണംകൊണ്ട് ഒരു കൊല്ലംകൂടി ദശാകാലം കൂടുന്നു. വൃശ്ചികം രാശിക്ക് കുജനും കേതുവും, ജൈമിനിസൂത്രപ്രകാരം അതുപോലെ കുംഭം രാശിക്ക് ശനിയും രാഹുവും നാഥന്മാരാണ്. വൃശ്ചികം രാശിയുടെ നാഥന്മാരായ കുജനും കേതുവും, അതേരാശിയിൽതന്നെ സ്ഥിതി ചെയ്യുമ്പോൾ വൃശ്ചികം രാശിയുടെ ദശാകാലം 12 വർഷമാണ്. എന്നാൽ കുജൻ മാത്രമോ കേതുമാത്രമോ ആ രാശിയിൽ സ്ഥിതി ചെയ്യുകയും മറ്റേ ഗ്രഹം വേറെ രാശിയിൽ സ്ഥിതി ചെയ്യുകയും ചെയ്യുന്ന പക്ഷം രാശിയിൽ സ്ഥിതി ചെയ്യുന്ന ഗ്രഹത്തെ പ്രബലവാനായി കണക്കാക്കി, ആ ഗ്രഹത്തിനുള്ള 12 വർഷം ആ രാശിയുടെ ദശയായി എടുക്കുന്നു. രണ്ടു രാശിനാഥന്മാരും മറ്റുവല്ല രാശികളിലുമാണെങ്കിൽ അതിൽ ഏതൊന്ന് മറ്റു ഗ്രഹങ്ങളോടുകൂടി യോഗം ചെയ്തിട്ടുള്ളതെന്നു നോക്കി ആ ഗ്രഹം എത്രാമത്തെ രാശിയിലാണെന്നു നോക്കിയും, രണ്ടു ഗ്രഹങ്ങളും മറ്റു ഗ്രഹങ്ങളോടുകൂടി യോഗം ചെയ്തിട്ടുണ്ടെങ്കിൽ കൂടുതൽ ഗ്രഹങ്ങളോടുകൂടി യോഗം ചെ

ച്ചിട്ടുള്ള ഗ്രഹം എത്രാമത്തെ രാശിയിലാണെന്നു നോക്കിയും രണ്ടു ഗ്രഹങ്ങളും മററു ഗ്രഹങ്ങളോടുള്ള യോഗംകൊണ്ടും തു ല്യനിലയിലാണെങ്കിൽ ഏതു് രാശിയാണു് ഉദയം, അഥ വാ ഉദയമില്ലെങ്കിൽ സ്ഥിരം എന്നു് നോക്കി ആ രാശി യിൽ നില്ക്കുന്ന ഗ്രഹം എത്രാമത്തെ രാശിയിലാണെന്നു നോക്കിയും നിർണ്ണയിക്കുന്നു. ചരസ്ഥിര ഉഭയരാശികളിൽ രണ്ടു ഗ്രഹങ്ങളും ഒരേ രാശിയിലും ആണെങ്കിൽ കൂടുതൽ വ ർഷം ഏതു ഗ്രഹത്തെക്കൊണ്ടു ചിന്തിപ്പാനാണോ ലഭിക്കുന്നതു എന്നു് നോക്കി അത്രയും വർഷം ആ രാശിയുടെ ദശയായി കണക്കാക്കുന്നു.

ലഗ്നം ചരരാശിയാണെങ്കിൽ 8_ാം രാശിയേയും സ്ഥി രം രാശിയാണെങ്കിൽ 6_ാം രാശിയേയും, ലഗ്നം ഉഭയരാ ശിയാണെങ്കിൽ 7_ാം രാശിയേയും ശൂലദശയായിട്ടു് ആ ദ്യം ആരംഭിക്കുന്നതു്.

ജൈമിനിയുടെ സൂത്രപ്രകാരം ചരരാശികൾ സ്ഥിര രാശികളേയും, സ്ഥിരരാശികൾ ചരരാശികളേയും, ഉഭ യരാശികൾ ഉഭയരാശികളേയും വീക്ഷിക്കുന്നു. അതുപോ ലെ അതാതു് രാശികളിൽ നില്ക്കുന്ന ഗ്രഹങ്ങളും അതാതു് രാശികളിൽ നില്ക്കുന്ന ഗ്രഹങ്ങളെ വീക്ഷിക്കുന്നു. ജൈമി നിയുടെ സൂത്രപ്രകാരം ദാരഭാവം നാലും, ഭാഗ്യഭാവം ര ണ്ടു്. ശൂലഭാവം 11 ഉം ആണു്. ഏതെങ്കിലും ഭാവത്തി ന്റെയോ ഗ്രഹത്തിന്റെയോ 2. 4. 11 ഉം രാശികളിൽ നി ല്ക്കുന്ന ഗ്രഹങ്ങൾ "അർഗ്ഗള" എന്ന പേരോടുകൂടിയവയും, ആ ഭാവത്തിന്റെയോ, ഗ്രഹത്തിന്റെയോ, ഫലങ്ങളെ വ്യ ത്യസ്ഥപ്പെടുത്തുന്നതുമാകുന്നു. "കാമ" എന്നു് പറയുന്ന മൂ ന്നാം ഭാവത്തിൽ രണ്ടിലധികം അശുഭഗ്രഹങ്ങൾ നില്ക്കു ന്നവെങ്കിൽ അവയും, അർഗ്ഗളയിൽ പെടുന്നു. എന്നാൽ 3_ാം ഭാവത്തിലോ ഏതെങ്കിലും ഗ്രഹത്തിന്റെ 3_ാം രാശിയി

ഭേദ ഒരു ശുഭഗ്രഹമെങ്കിലുമുണ്ടെങ്കിൽ അതു് അരിഷ്ടമായി പരിഗണിക്കപ്പെടുന്നില്ല. രിപുഭാവം 12 ആണ്. 3. 10. 12 എന്നീ ഭാവങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങൾ മേൽ പറഞ്ഞ അരിഷ്ടത്തെ നശിപ്പിക്കുന്നു. 5 ഉം 9 ഉം ത്രികോണങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങളും മേൽ പറഞ്ഞ അരിഷ്ടത്തെ വ്യത്യാസപ്പെടുത്തുന്നു. എന്നാൽ രാഹു കേതുക്കൾക്ക് മാത്രം 9_ാം ഭാവവും 9_ാം രാശിയും അരിഷ്ടം, 5_ാം ഭാവവും, 5_ാം രാശിയും പ്രതിബന്ധകവുമാണ്. കേതുവിൽ നിന്ന് 2, 4, 11 ഭാവങ്ങളിൽ നില്ക്കുന്ന ശുഭഗ്രഹങ്ങൾ അരിഷ്ടമല്ല. 3 ലും 8 ലും നില്ക്കുന്ന പാപഗ്രഹങ്ങൾ പാപാരിഷ്ടമല്ല എന്നതു് ഗ്രഹങ്ങളുടെ പ്രത്യേക നിലകളെക്കൊണ്ടു് ഭാവക്ക് ഗുണം ചെയ്യുമെന്നോ ദോഷം ചെയ്യുമെന്നോ ഉണ്ടാകുന്ന ശക്തിയാണ്. 21, 11 ഉം ഭാവങ്ങളിലെ അരിഷ്ടത്തെ നശിപ്പിക്കുമ്പോൾ 3_10_12 ഭാവങ്ങളിൽ ബലപ്പെട്ടിരുന്ന ഗ്രഹങ്ങൾ ഉണ്ടായിരിക്കണം. രാഹു കേതുക്കളുടെ അരിഷ്ട പരിഹാരമാണ് ഗണിക്കുന്നതു്.

അദ്ധ്യായം ൧൦.

ആരൂഢലഗ്നവും ഉപപദലഗ്നവും

ആരൂഢലഗ്നം

ഓരോ ഭാവത്തിന്റേയും അധിപൻ അതതു് ഭാവത്തിൽനിന്ന് എത്രാമത്തെ രാശിയിലാണോ സ്ഥിതിചെയ്യുന്നതു് അവിടെന്നു് അത്രാമതു് വരുന്ന രാശി ആരൂഢമാകുന്നു. ലഗ്നാധിപൻ ലഗ്നത്തിൽനിന്നും എത്രാമത്തെ രാശിയിൽ നില്ക്കുമ്പോൾ അവിടെന്നു് അത്രാമത്തെ രാശി ലഗ്നത്തിന്റെ ആരൂഢമാകുന്നു. ആരൂ

ഢലഗ്നത്തിൽ നില്ക്കുന്ന ഗ്രഹങ്ങളുടെ ദശാന്തർ ദശാകാലങ്ങൾ ജാതകന്ന് ശുഭകരമാണ്. ഒരാളുടെ ആരൂഢലഗ്നത്തിൽ 3 ശുഭഗ്രഹങ്ങൾ ഉണ്ടെങ്കിൽ അയാൾ രാജകീയനിലയിൽ കഴിയും. 2 ശുഭഗ്രഹങ്ങൾ ഉണ്ടെങ്കിൽ അയാൾ ബുദ്ധിമാനും, ധനികനും, ഉയർന്ന ഉദ്യോഗസ്ഥനുമായിരിക്കും. ഒരു ശുഭഗ്രഹമെങ്കിലും ഉണ്ടെങ്കിൽ അയാൾ അയൽക്കാരെ അപേക്ഷിച്ച് ഒന്നാന്തരമുള്ള സ്ഥിതിയിലായിരിക്കും. ആരൂഢലഗ്നത്തിന്റെ 11 ൽ ശുഭഗ്രഹങ്ങളും ശുഭവീക്ഷണവും ഉണ്ടെങ്കിൽ ന്യായമായ വിധത്തിലും, അശുഭഗ്രഹങ്ങളും അശുഭവീക്ഷണവും ഉണ്ടെങ്കിൽ അന്യായമായ വിധത്തിലും അയാൾക്ക് ലാഭങ്ങളുണ്ടാകും. ആ ഗ്രഹങ്ങൾക്ക് ഉച്ചസ്വക്ഷേത്രാദിസ്ഥിതികൾ ഉണ്ടെങ്കിൽ സ്ഥിരമായി ധനലാഭം ഉണ്ടാകും. ആരൂഢലഗ്നത്തിന്റെ 12 ൽ ഗ്രഹങ്ങൾ ഉണ്ടെങ്കിൽ ആർജ്ജിച്ചതിൽ കൂടുതൽ ജാതകൻ വ്യയം ചെയ്യും. ശുഭഗ്രഹങ്ങളെങ്കിൽ നല്ല കാര്യങ്ങൾക്കും അശുഭഗ്രഹങ്ങളാണെങ്കിൽ ചീത്തകാര്യങ്ങൾക്കും വേണ്ടിയായിരിക്കും ധനവ്യയം. ആരൂഢലഗ്നത്തിന്റെ 12 ൽ നില്ക്കുന്ന ഗ്രഹം. രവി, രാഹു, ശുക്രൻ, ചന്ദ്രൻ ഇവരിൽ ആരെങ്കിലുമാണെങ്കിൽ രാജാധികാരികൾ നിമിത്തവും, ബുധനാണെങ്കിൽ ബന്ധുക്കൾ നിമിത്തവും, വ്യവഹാരം കൊണ്ടും, ഗുരുവാണെങ്കിൽ ദ്രവ്യമായി നികുതി കൊടുത്തും, കുജനോ ശനിയോ ആണെങ്കിൽ സഹോദരന്മാർ നിമിത്തവും, ആയിരിക്കും ധനവ്യയം വന്നുകൂടുന്നത് ഈ ഗ്രഹങ്ങൾ 11 ൽ ആണെങ്കിൽ മേൽ പറഞ്ഞ നിമിത്തങ്ങൾ കൊണ്ടായിരിക്കും ധനലാഭം ഉണ്ടാകുന്നതും. ആരൂഢലഗ്നത്തിന്റെ ഏഴിൽ രാഹു കേതുക്കൾ ഉണ്ടെങ്കിൽ വയറ്റിൽ വേദനയുണ്ടാകും. ആരൂഢലഗ്നത്തിന്റെ 2 ൽ കേതു സ്ഥിതിചെയ്യുമ്പോൾ ജാതകന് ചെറുപ്പത്തിൽ വാർദ്ധക്യം ബാധിച്ചതായി തോന്നും. 6 ൽ നി

പാപഗ്രഹങ്ങളും ഉണ്ടെങ്കിൽ കള്ളനായിരിക്കും. ആരൂഢലഗ്നത്തിന്റെ 2-ലും 6-ലും ശുഭഗ്രഹങ്ങളും ഉണ്ടെങ്കിൽ ജാതകൻ ഉയൎന്ന നിലപ്രാപിക്കും. ആരൂഢലഗ്നത്തിന്റെ 2-ൽ ശുഭഗ്രഹങ്ങൾ നിന്നാൽ നല്ല വാഗ്മിക്കും, പാപഗ്രഹങ്ങൾ നിന്നാൽ ചീത്തവാഗ്മിക്കും ധനം സമ്പാദിക്കും. ആരൂഢലഗ്നം ജന്മലഗ്നത്തിൽ നിന്നും ഏഴാമത്തെ രാശിയിലോ കേന്ദ്രത്രികോണങ്ങളിലോ വന്നാൽ ജാതകൻ വലിയ ധനികനായിരിക്കും 3-8-12 ഈ രാശികളിൽ ആരൂഢം വരുന്നതു് നല്ലതല്ല. സപ്തമത്തിന്റെ ആരൂഢ കേന്ദ്രത്രികോണങ്ങളിൽ വന്നാൽ വളരെ ഐശ്വൎയ്യമുള്ള സന്തതികളുമായിരിക്കും. നേരെ മറിച്ചു് ജന്മലഗ്നത്തിൽ നിന്നു് 6-ാമത്തെ രാശിയിൽ വന്നാൽ വളരെ വിദേശത്തിൽ അവർ വസിക്കും ഭാഗ്യത്തിന്റെയും ആരൂഢം നോക്കി അതാതു് ഭാവങ്ങളെപ്പററി പരിചിന്തനം ചെയ്യേണ്ടുന്നതാണു്.

ഉപപദലഗ്നം.

ലഗ്നത്തിൽനിന്നും 12-ാം രാശിയുടെ ആരൂഢലഗ്നത്തിനു് ഉപപദലഗ്നം എന്നു് പേരാണു്. ഉപപദലഗ്നത്തിന്റെ 2-ാംഭാവത്തിൽ ഏതെങ്കിലും പാപഗ്രഹങ്ങളും ഉണ്ടായിരിക്കുകയോ, പാപഗ്രഹങ്ങളുടെ വീക്ഷണം ഉണ്ടായിരിക്കുകയോ ചെയ്താൽ ജാതകന്റെ ഭാൎയ്യ മരിക്കുകയോ ജാതകൻ സന്യാസം സ്വീകരിക്കുകയോ ചെയ്യും. എന്നാൽ ഉപപദലഗ്നത്തിന്റെ 2-ൽ രവി വന്നാൽ ആ രവി പാപനായി പരിഗണിക്കുന്നതല്ല. ഉപപദത്തിന്റെ 2-ാംഭാവം മിഥുനം രാശിയിൽ വന്നാൽ ജാതകനു് വളരെ ഭാൎയ്യമാർ ഉണ്ടാകും. ഉപപദത്തിന്റെ 2-ാംഭാവത്തിൽ ഗ്രഹങ്ങളും ഉച്ചസ്ഥിതിയിൽ നിന്നാലും, ജാതകൻ ബഹുഭാൎയ്യനായിരിക്കും. ഉപപദത്തിന്റെ 2-ാം ഭാവത്തിൽ ഗ്രഹങ്ങളും ഉച്ചസ്ഥിതിയിൽ

നിന്നാലും, ജാതകൻ ബാഹ്യമതസ്ഥനായിരിക്കും. ഉപപദത്തിന്റെ 2-ാം ഭാവത്തിലേക്ക് ശുഭവീക്ഷണവും; ആ ഭാവത്തിൽ ശുഭയോഗവും ഉണ്ടെങ്കിൽ ഭാര്യ സുന്ദരിയും; കുലീനയുമായിരിക്കും. ഉപപദത്തിന്റെ 2-ൽ ശനിയോ രാഹുവോ നിന്നാൽ സർവ്വലോകാപവാദങ്ങളാൽ ഭാര്യ ഉപേക്ഷിക്കപ്പെടും. ശുക്രനോ കേതുവോ നിന്നാൽ രക്തക്ഷയ സംബന്ധമായ രോഗങ്ങൾ ഉണ്ടാകും. ഉപപദലഗ്നത്തിന്റെ 2-ാംഭാവം മിഥുനമോ കന്നിയോ ആയിരിക്കുകയും; അവിടേക്ക് ബുധനോ; കേതുവോ ശനിയോ ദൃഷ്ടിചെയ്യുകയും ചെയ്താലും ഭാര്യക്ക് നാസിക സംബന്ധിച്ച രോഗങ്ങൾ ഉണ്ടാകും. ഉപപദത്തിന്റെ രണ്ടാംഭാവം കുജന്റെ രാശിയായിരിക്കുകയും; അവിടേക്ക് ശനിയുടെ വീക്ഷണവുമുണ്ടെങ്കിൽ ജാതകന്റെ ഭാര്യക്ക് കുഷ്ഠരോഗവും; രാഹുവിന്റെ വീക്ഷണമുണ്ടെങ്കിൽ നേത്രരോഗവും ഉണ്ടാകും.

ഉപപദത്തിന്റെ ഏഴാം രാശികൊണ്ടും കളത്രത്തെ സംബന്ധിച്ച കാര്യങ്ങൾ ചിന്തിക്കാവുന്നതാണ്.

ഉപപദത്തിന്റെ അഞ്ചാം രാശിനാഥൻ; ആ രാശിയിൽ നില്ക്കുന്ന ഗ്രഹങ്ങൾ അഞ്ചാം ഭാവനാഥൻ, അഞ്ചാം ഭാവനാഥൻ അംശകം ചെയ്തിട്ടുള്ള രാശിയുടെ അധിപൻ ആ രാശിയിൽ നില്ക്കുന്ന ഗ്രഹങ്ങൾ ഇവർ ബുധനോ ശുക്രനോ ശനിയോ ആയിരിക്കുകയോ, അഥവാ അവക്ക് ബുധശുക്രന്മാരുടെയും ശനിയുടെയും വീക്ഷണം ഉണ്ടായിരിക്കുകയോ ചെയ്താൽ ജാതകനു സന്താനലാഭം ഉണ്ടാകാൻ ഇടയില്ല. നേരെമറിച്ച് രവിയുടെയോ; രാഹുവിന്റെയോ ഗുരുവിന്റെയോ ദൃഷ്ടിയുണ്ടെങ്കിൽ പുത്രലാഭം ഉണ്ടാകാതിരിക്കാനും ഇടയില്ല. ചന്ദ്രവീക്ഷണമാണെങ്കിൽ ഒരു പുത്രനും, കുജന്റെ വീക്ഷണമാണെങ്കിൽ ഒരു പുത്രനും ഉണ്ടാകും. ഉപപദത്തിൽനിന്നും 5-ാം രാശി മേഷലഗ്നമാണെങ്കിൽ അനവ

ധി പുത്രന്മാരും യുഗ്മരാശികളിൽ അല്പപുത്രന്മാരും ഉണ്ടാകും. ഉപപദത്തിൽനിന്നു 11-ൽ ശനിയോ രാഹുവോ നിന്നാൽ ജ്യേഷ്ഠസഹോദരനെയും; 3-ൽ ശനിയോ രാഹുവോ നിന്നാൽ കനിഷ്ഠസഹോദരനെയും നഷ്ടപ്പെടും. ഉപപദത്തിൽനിന്നും 11-ലും 3-ലും കേതുവുണ്ടെങ്കിൽ ഭ്രൂണാവസ്ഥയിൽ കഴിയുന്നവരായി അനവധി സഹോദരികൾ ഉണ്ടാകും. ഉപപദത്തിന്റെ രണ്ടിൽ കേതു നിന്നാൽ ജാതകൻ വിരക്തനായി സംന്യസിക്കുന്നവനായിരിക്കും.

അദ്ധ്യായം ൧൫.

യോഗങ്ങൾ

പഞ്ചമഹാപുരുഷയോഗങ്ങൾ.

1. **ഹംസയോഗം** — ഉച്ചസ്ഥനോ സ്വക്ഷേത്രസ്ഥനോ ആയ വ്യാഴം ലഗ്നാൽ കേന്ദ്രത്തിൽ നിന്നാൽ, ഉന്നതമായ നാസികയും, ഹംസസ്വരംപോലെ ശ്രേഷ്ഠമായ ശബ്ദവും, സുകുമാരപ്രകൃതിയും, സുഖജീവിതവും, ശാസ്ത്രജ്ഞാനപാരമ്യവും, യശോഭിവൃദ്ധിയും, അതിശയനൈപുണ്യവും ഉള്ളവനായി അനവധികാലം ജീവിച്ചിരിക്കും.

2. **രുചകയോഗം** — ഉച്ചസ്ഥനോ സ്വക്ഷേത്രസ്ഥനോ ആയ ചൊവ്വ ലഗ്നാൽ കേന്ദ്രത്തിൽനിന്നാൽ- ബലപുഷ്ടിയേറിയ ശരീരവും, സൽകീർത്തി ഇവയും, ലാവണ്യപുഷ്ടിയേറിയ കോമളത്വവും, ശീലഗുണവും, ശത്രുപരാജയപ്രാപ്തിയും, ശത്രുസംഹാരത്തിൽ ഉത്സാഹവും, ധനസമ്പന്നതയും, ഉള്ളവനായി അനവധികാലം ജീവിച്ചിരിക്കും.

3. **ഭദ്രയോഗം** — ഉച്ചസ്ഥനോ സ്വക്ഷേത്രസ്ഥനോ ആയ ബുധൻ ലഗ്നാൽ കേന്ദ്രത്തിൽ നിന്നാൽ; ശക്തിയുള്ള

ശരീരപുഷ്ടി; അഭിമാനി; ജനോപകാരനിരതത്വം; ധ
നപുഷ്ടി; ഐശ്വര്യം മുതലായവയുള്ളവനായി കീർത്തിമാനായി, ബു
ദ്ധിമാനായി അനവധികാലം ജീവിച്ചിരിക്കും.

4. മാളവ്യയോഗം — ലഗ്നാൽ കേന്ദ്രത്തിൽ ഉച്ചസ്ഥനോ സ്വക്ഷേത്രസ്ഥനോ ആയ ശുക്രൻ നിന്നാൽ പുഷ്ടാംഗനായും സ്ത്രീകളാൽ ബഹുമാനിക്കപ്പെടുന്നവനായും, വിദ്വാന്മാരുള്ളവനായും, പുത്രന്മാർ, വാഹനം, ധനം, ഭൃത്യന്മാർ, ഉത്സാഹം, ഭക്തി മുതലായവ ധാരാളമുള്ളവനായും സുഖത്തോടെ അനവധികാലം ജീവിച്ചിരിക്കും.

5. ശശയോഗം — ലഗ്നാൽ കേന്ദ്രത്തിൽ ശനി ഉച്ചസ്ഥനോ സ്വക്ഷേത്രസ്ഥനോ ആയിനിന്നാൽ, ചപലനായും കള്ളനായും, ക്രൂരപ്രിയനായും, ശൂരനായും, മറ്റുള്ളവരെ ദ്രോഹിക്കുന്നവനായും, സകലർക്കും ശ്രേഷ്ഠനായിരിക്കുന്നവനായും, വലിയ ധനികനായും; വിദ്യാഭ്യാസം ഇല്ലാത്തവനായും അനവധികാലം സുഖത്തോടെ ജീവിച്ചിരിക്കും.

രാജയോഗങ്ങൾ.

6. രാജയോഗം — 9ഉം 10ഉം ഭാവാധിപന്മാർ ബലവാന്മാരായ ഗ്രഹങ്ങൾ ചേർന്നുനിന്നാലും, ലഗ്നത്തിൽ ഒരു ഗ്രഹം ഉച്ചസ്ഥനായിരിക്കയും ആ ഗ്രഹത്തെ ഗ്രഹന്മാർ ആരെങ്കിലും ദൃഷ്ടിചെയ്യുകയും ചെയ്താൽ രാജയോഗം. രാജകീയപദവിയിൽ ഭൃത്യന്മാർ; വാഹനങ്ങൾ, സുഖഭോഗങ്ങൾ ഇവയോടുകൂടി കഴിയും.

7. ധർമ്മകർമ്മയോഗം — 9ഉം 10ഉം ഭാവാധിപന്മാർ ചേർന്നുനിന്നാൽ സുഖത്തോടും കീർത്തിയോടുംകൂടി ധർമ്മകർമ്മനിരതനായി ജീവിക്കും.

8. ദാരിദ്ര്യയോഗങ്ങൾ —

വ്യാഴം ബലവാനായിരിക്കുകയും ശുഭവീക്ഷണത്തോടു കൂടിയിരിക്കുകയും ചെയ്താൽ വലിയ പ്രശംസിതനായും;

ബുധൻ കേന്ദ്രത്തിലും; ശുക്രൻ 2 ലും; വ്യാഴം 3 ലും നിന്നാൽ ജാതകൻ ജ്യോതിഷ ശാസ്ത്രപാരംഗതനായും;

ചൊവ്വ ലഗ്നത്തിൽ ബലവാനായി ബുധനോടും ചന്ദ്രനോടും കൂടി നില്ക്കുകയോ; ചൊവ്വ ചന്ദ്രൻ ബുധൻ ഇവർ ത്രികോണങ്ങളിൽ നിന്നാലും വലിയ ശാസ്ത്രജ്ഞനായും;

വ്യാഴമോ ശുക്രനോ 2ാംഭാവാധിപനായിരിക്കുകയും ലഗ്നത്തോട് ദൃഷ്ടിചെയ്യുകയും; ബുധൻ ഉച്ചത്തിൽ നില്ക്കുകയും ചെയ്താൽ ജാതകൻ നിയമതർക്കാദികളിൽ പ്രവീണനായും;

വ്യാഴവും, ലഗ്നഭാവാധിപനും ബലവാന്മാരും വ്യാഴത്തിന് സൂര്യസംയോഗാഭാവവും ഉണ്ടെങ്കിൽ ജാതകൻ വ്യാകരണവിശാരദനായും;

ശുക്രനും വ്യാഴവും ത്രികോണങ്ങളിലും; ലഗ്നഭാവാധിപൻ അംശിച്ചിട്ടുള്ള രാശിയുടെ അധിപതിയും ബുധനാണെങ്കിലും ജാതകൻ വളരെ വലിയ വിദ്വാനായും;

ലഗ്നാംശാധിപൻ ബുധനായിരിക്കുകയും ആ ബുധൻ ഉച്ചത്തിൽ നില്ക്കുകയും വ്യാഴം ലഗ്നത്തിൽ ശോഭിക്കുകയും ചെയ്താൽ സകലശാസ്ത്രവിശാരദനായും ഭവിക്കുന്നതാണ്.

9. ധനയോഗങ്ങൾ.—ചന്ദ്രൻ; വ്യാഴം 2_ാംഭാവാധിപൻ; 4_ാംഭാവാധിപൻ; 9_ാംഭാവാധിപൻ; 11_ാംഭാവാധിപൻ ഇവർ ബലവാന്മാരും ശുഭസഹിതന്മാരാണെങ്കിലും; അല്ലെങ്കിൽ ശുഭസഹിതാംശകത്തിൽ താമസിക്കുന്നെങ്കിലും 2; 4; 9 ഭാവങ്ങളിൽ ഏതെങ്കിലും ചന്ദ്രൻ വീക്ഷിക്കുന്നുണ്ടെങ്കിലും ജാതകൻ ധനവാനായിരിക്കും.

ലഗ്നഭാവാധിപൻ 9_ാംഭാവാധിപനോടുകൂടി 11_ാം ഭാവത്തിൽ ചന്ദ്രനോടും വ്യാഴത്തിനോടും കൂടിനിന്നാൽ ജാതകൻ കോടീശ്വരനായിരിക്കും.

10. ചാമരയോഗം — ലഗ്നത്തിൽ ശുഭഗ്രഹം സ്ഥിതി ചെയ്യുകയോ നോക്കുകയോ ചെയ്യുകയും; ലഗ്നാധിപൻ 6; 8; 12 സ്ഥാനങ്ങളൊഴിച്ച് ഒരു ഭാവത്തിൽ ബലവാനായി സ്വക്ഷേത്രത്തിലോ ഉച്ചത്തിലോ നിൽക്കുകയും ചെയ്താൽ ചാമരയോഗം; രാജമാന്യ ശീലം; ഐശ്വര്യം; ആരോഗ്യാദി ഇവയാണ് തൽഫലം.

11. ധേനുയോഗം — ലഗ്നാൽ 2-ാം ഭാവത്തിൽ ശുഭഗ്രഹം സ്ഥിതി ചെയ്യുകയോ നോക്കുകയോ ചെയ്യുകയും; ലഗ്നാധിപൻ 6; 8; 12 ഒഴികെ ഒരു ഭാവത്തിൽ ബലവാനായി സ്വക്ഷേത്രത്തിലോ ഉച്ചത്തിലോ നിൽക്കുകയും ചെയ്താൽ ഐശ്വര്യം, ധനസമൃദ്ധി, വിദ്യാനൈപുണ്യം, വിഭവസമൃദ്ധി ഇവയും ഉണ്ടാകും.

12. ശൌര്യയോഗം — ലഗ്നാൽ 3-ാം ഭാവത്തിൽ ശുഭഗ്രഹം സ്ഥിതി ചെയ്യുകയോ നോക്കുകയോ ചെയ്യുകയും, ലഗ്നാധിപൻ മേൽപറഞ്ഞമാതിരി നിൽക്കുകയും ചെയ്താൽ കീർത്തി; സഹോദരന്മാരാൽ സ്നേഹിക്കപ്പെടുക; വിക്രമി; ശൌര്യകാര്യങ്ങളിൽ പ്രവീണൻ.

13. ജലധിയോഗം — ലഗ്നാൽ 4-ാം ഭാവത്തിൽ ശുഭഗ്രഹം സ്ഥിതി ചെയ്യുകയോ നോക്കുകയോ ചെയ്യുകയും; ലഗ്നാധിപൻ മേൽപറഞ്ഞമാതിരി നിൽക്കുകയും ചെയ്താൽ; ഭവനം; വാഹനം; ധനധാന്യങ്ങൾ; പശു; സുഖസൌഭാഗ്യം; പുണ്യതീർത്ഥയാത്ര ഇവയും ഫലം.

14. ഛത്രയോഗം — ലഗ്നാൽ 5-ാം ഭാവത്തിൽ ശുഭഗ്രഹം സ്ഥിതി ചെയ്യുകയോ നോക്കുകയോ ചെയ്യുകയും; ലഗ്നാധിപൻ മേൽ പറഞ്ഞ മാതിരി നിൽക്കുകയും ചെയ്താൽ നല്ല സന്താനങ്ങൾ; ധനം; ബുദ്ധിശക്തി; രസിക്കുന്ന സംഭാഷണരീതി; ഇവയും ഫലം.

15. അസ്ത്രയോഗം — ലഗ്നാൽ 6-ാം ഭാവത്തിൽ ശുഭഗ്രഹം സ്ഥിതി ചെയ്യുകയോ നോക്കുകയോ ചെയ്യുകയും ലഗ്നാ-

ധിപൻ മേല്പറഞ്ഞ രാശിയിൽ നില്ക്കുകയും ചെയ്താൽ ശത്രുസംഹാരി; ക്രൂരൻ; അതിമാനി; കർമ്മനിപുണൻ; ബലവാൻ.

16. കളത്രയോഗം—ലഗ്നാൽ 7-ാംഭാവത്തിൽ ശുഭഗ്രഹം സ്ഥിതി ചെയ്യുകയോ നോക്കുകയോ ചെയ്യുകയും ലഗ്നാധിപൻ മേല്പറഞ്ഞ രാശിയിൽ നില്ക്കുകയും ചെയ്താൽ; പ്രേമവതിയായ ഭാര്യ; സമർത്ഥരായ പുത്രന്മാർ; നല്ല ബന്ധുക്കൾ; സൽഗുണങ്ങൾ; ഐശ്വര്യം; അന്യസ്ത്രീനിരതനായിരിക്കുക ഇവ ഫലം.

17. ആയുർയോഗം—ലഗ്നാൽ 8-ാംഭാവത്തിൽ ശുഭഗ്രഹം സ്ഥിതി ചെയ്യുകയോ നോക്കുകയോ ചെയ്യുകയും; ലഗ്നാധിപൻ മേല്പറഞ്ഞ രാശിയിൽ നില്ക്കുകയും ചെയ്താൽ സാമർത്ഥ്യമുള്ളവനും; ഏഷണിക്കാരനും; ദുർവൃത്തികളിൽ തല്പരനും; ദരിദ്രനും ആയിരിക്കും.

18. ഭാഗ്യയോഗം—ലഗ്നാൽ 9-ാംഭാവത്തിൽ ശുഭഗ്രഹം സ്ഥിതി ചെയ്യുകയോ നോക്കുകയോ ചെയ്യുകയും; ലഗ്നാധിപൻ മേല്പറഞ്ഞ രാശിയിൽ ബലവാനായിരിക്കുകയും ചെയ്താൽ ഉന്നതസൌഭാഗ്യങ്ങളുള്ളവനും; പരിചാരകന്മാർ; വാഹനങ്ങൾ ഇവ ഉള്ളവനും; കലാചാരങ്ങളിൽ താല്പര്യമുള്ളവനും; ഉൽകൃഷ്ടകുലസ്ത്രീയെ വിവാഹം കഴിക്കുന്നവനും ആയിരിക്കും.

19 ഖ്യാതിയോഗം—ലഗ്നാൽ പത്താംഭാവത്തിൽ ശുഭഗ്രഹം സ്ഥിതി ചെയ്യുകയോ നോക്കുകയോ ചെയ്യുകയും; ലഗ്നാധിപൻ മേല്പറഞ്ഞ രാശിയിൽ നില്ക്കുകയും ചെയ്താൽ; രാജസമമായ സ്ഥിതിയുള്ളവനും; എല്ലാവർക്കും സമ്മതനുള്ളവനും; പ്രേമവതിയായ ഭാര്യ; ഉത്തമപുത്രന്മാർ; നല്ല ബന്ധുക്കൾ ഇവയുള്ളവനും; സജ്ജനങ്ങൾക്ക് ബന്ധുവും; ധനൈശ്വര്യമുള്ളവനും ആയിരിക്കും.

20. പാരിജാതയോഗം—ലഗ്നാൽ 11-ൽ ശുഭഗ്രഹം സ്ഥിതിചെയ്യുകയോ നോക്കുകയോ ചെയ്യുകയും ലഗ്നാധിപൻ മേൽപറഞ്ഞ സ്ഥിതിയിൽ നില്ക്കുകയും ചെയ്താൽ അവൻ വിവിധധനം സമ്പാദിച്ച് ബന്ധുജനങ്ങളെ പരിപോഷിപ്പിക്കുന്നവനും; സ്ഥിരമായ ഐശ്വര്യമുള്ളവനും; വിദ്വാനും; പരോപകാരവ്രതനും ആയിരിക്കും.

21. മുസലയോഗം—ലഗ്നാൽ 12-ൽ ശുഭഗ്രഹം സ്ഥിതിചെയ്യുകയോ നോക്കുകയോ ചെയ്യുകയും; ലഗ്നാധിപൻ മേൽപറഞ്ഞ സ്ഥിതിയിൽ നില്ക്കുകയും ചെയ്താൽ; അവിവേകിയും; ബന്ധുക്കളില്ലാത്തവനും; പരന്മാരുടെ വചനത്തിന് വിധേയനും; നന്ന കഷ്ടിച്ചു സമ്പാദിക്കുന്ന ധനമുള്ളവനും ആയിരിക്കും.

22. കാളസർപ്പയോഗം:—ജാതകത്തിൽ ഗ്രഹങ്ങൾ എല്ലാംതന്നെ രാഹുകേതുക്കളുടെ ഇടയിൽ വന്നാൽ ഈ യോഗം. സകല ഗുണങ്ങളേയും ഗ്രസിപ്പിക്കുന്നതു കാരണത്താൽ ജീവനാന്തം അസുഖവാനായിരിക്കും.

23. ദിഗ്ബലയോഗം—ഗുരുബുധന്മാർ ലഗ്നകേന്ദ്രത്തിലും; ചന്ദ്രശുക്രന്മാർ 4-ാം കേന്ദ്രത്തിലും; ശനി ഒറ്റക്കും 7-ാം കേന്ദ്രത്തിലും; രവികുജന്മാരും 10-ാം കേന്ദ്രത്തിലും നിന്നാൽ ആ ഗ്രഹങ്ങൾ കൂടുതൽ ബലവാന്മാരായിരിക്കുകയും ജാതകന് ശുഭഫലങ്ങൾ കൂടുതൽ അനുഭവിപ്പിക്കുകയും ചെയ്യും.

24. കേസരിയോഗം—വ്യാഴത്തോടൊന്നിച്ചോ വ്യാഴകേന്ദ്രത്തിലോ ചന്ദ്രൻ നിന്നാൽ; ശത്രുഹാരിയും; ശിഷ്ടശ്രേഷ്ഠനും; കീർത്തിമാനും; ബുദ്ധിമാനും; ജനസ്വാധീനമുള്ളവനും; സഭയിൽ ശോഭിക്കുന്നവനുമായിരിക്കും.

25. കേമദ്രുമയോഗം— ചന്ദ്രൻ നില്ക്കുന്ന രാശിയുടെ 2ലും 12ലും ഗ്രഹങ്ങളില്ലാതിരിക്കുകയും; ലഗ്നാൽ കേന്ദ്രസ്ഥാ

ന്നു രാഹുകേതുക്കളല്ലാതെ മററു ഏതെങ്കിലും ഗ്രഹങ്ങളോടുകൂടി ചന്ദ്രൻ സ്ഥിതിചെയ്യാതിരിക്കുകയും; ചന്ദ്രകേന്ദ്രത്തിൽ രാഹുകേതുക്കളല്ലാതെ ഏതെങ്കിലും ഗ്രഹങ്ങൾ ഇല്ലാതിരിക്കുകയും ചെയ്താൽ ജാതകൻ നിത്യദരിദ്രനും; ദുഃഖിയും; മലിനനും; ദാസ്യവൃത്തിചെയ്യുന്നവനും നിന്ദ്യനും ആയിരിക്കും.

26. സുനഫായോഗം — ചന്ദ്രൻനില്ക്കുന്നതിന്റെ 2-ാംഭാവത്തിൽ ആദിത്യൻ; രാഹു; കേതു; ഇവയൊഴിച്ച് ഒരു ഗ്രഹം ബലവാനായി നിന്നാൽ ജാതകൻ സ്വയാർജ്ജിതമായ ധനം ധാരാളമുള്ളവനും; ബുദ്ധിമാനും; യശസ്വിയും; സുഖിയും ആയിരിക്കും.

27. അനഫായോഗം — ചന്ദ്രൻ നില്ക്കുന്നതിന്റെ 12-ാം ഭാവത്തിൽ ആദിത്യൻ; രാഹുകേതു; ഇവയൊഴികെ ഒരു ഗ്രഹം ബലവാനായിനിന്നാൽ ജാതകൻ ആരോഗ്യദൃഢഗാത്രനും; സുവിഖ്യാതനും; സുഖിയും ആയിരിക്കും.

28. അധിയോഗം — ലഗ്നത്തിന്റെയോ ചന്ദ്രന്റെയോ 6-ലോ 7-ലോ 8-ലോ ശുഭഗ്രഹങ്ങളെല്ലാം ഒന്നിച്ചുനിന്നാൽ; ശത്രുഹരിയും; പ്രസിദ്ധനും; ദീർഘായുഷ്മാനും; ബഹുജനപ്രിയനും; ധനവാനും ആയിരിക്കും.

29. മഹാഭാഗ്യയോഗം — സൂര്യനും ചന്ദ്രനും ഓജരാശിയിൽ നില്ക്കുമ്പോൾ ഓജലഗ്നത്തിൽ പകൽ ജനിക്കുന്ന പുരുഷനും; സൂര്യനും, ചന്ദ്രനും, യുഗ്മരാശിയിൽ നില്ക്കുമ്പോൾ രാത്രി യുഗ്മരാശിയിൽ ജനിക്കുന്ന സ്ത്രീയും; പ്രസിദ്ധി; ദീർഘായുസ്സ്; ഐശ്വര്യം ചാരിത്ര്യം ഇവയുള്ളവരായിരിക്കും.

30. സരസ്വതീയോഗം — ബുധൻ; വ്യാഴം; ശുക്രൻ ഇവർ ലഗ്നാൽ 2-ാം ഭാവത്തിലോ കേന്ദ്രത്രികോണഭാവങ്ങളിലോ നില്ക്കുകയും; അതിൽ വ്യാഴത്തിന് ഉച്ചബലമോ സ്വക്ഷേത്രബലമോ ഉണ്ടായിരിക്കുകയും ചെയ്താൽ സംഗീത

സാഹിത്യാദികളിൽ വൈദഗ്ദ്ധ്യവും; അധികമായ യശസ്സും അപാരമായ ജ്ഞാനവും; എല്ലാവരേയും ബഹുമാനവും ഉള്ളവനായിരിക്കും.

31. ശൌര്യയോഗം — വ്യാഴം ചന്ദ്രന്റെ ത്രികോണത്തിലും; കുജൻ വ്യാഴന്റെ ത്രികോണത്തിലും നിന്നാൽ ജാതകൻ സുകർമ്മകുശലനും; ധർമ്മിഷ്ഠനും; ഗുരുബഹുമാനത്തിന് പാത്രവും; കലാവിദ്യകളിൽ സമർത്ഥനും; ശാസ്ത്രജ്ഞാനിയും ആയിരിക്കും.

32. ലക്ഷ്മീയോഗം — 9-ാം ഭാവാധിപനും; ശുക്രനും; സ്വക്ഷേത്രത്തിലോ ഉച്ചത്തിലോ കേന്ദ്രത്രികോണഭാവങ്ങളിലോ നിന്നാൽ; ആരോഗ്യവും ഐശ്വര്യവും; ധനികനും; സജ്ജനസമ്മതനും; അനുരാഗവതിയായ ഭാര്യയുള്ളവനും; വാഹനങ്ങളും ഭവനങ്ങളും ഇവയുള്ളവനും ആയിരിക്കും.

33. ഗൌരീയോഗം — ചന്ദ്രൻ സ്വക്ഷേത്രത്തിലോ ഉച്ചത്തിലോ സ്ഥിതിചെയ്യുകയും; ലഗ്നാൽ ത്രികോണസ്ഥാനത്തു നില്ക്കുകയും ആ ചന്ദ്രനെ വ്യാഴം നോക്കുകയും ചെയ്താൽ കീർത്തിയുള്ളവനും, നല്ല കർമ്മങ്ങൾ; സൽപുത്രന്മാർ ഇവയുള്ളവനും മന്ത്രിയും എല്ലാവർക്കും സ്തുത്യനുമായിരിക്കും.

34. ശംഖയോഗം — 10-ാം ഭാവാധിപനോ, ലഗ്നാധിപനോ ഒരു ചരരാശിയിൽ സ്ഥിതിചെയ്യുകയും, 9-ാം ഭാവാധിപൻ ബലവാനായിരിക്കുകയും ചെയ്താലും, 5 ഉം 6 ഉം ഭാവനാഥന്മാർ അന്യോന്യകേന്ദ്രങ്ങളിൽ നിന്നാലും, ശാസ്ത്രജ്ഞാനവും, ദാനധർമ്മനിരതയും ഉള്ളവനും നല്ല കുടുംബമുള്ളവനും, സുഖിയും, ദീർഘായുഷ്മാനും ആയിരിക്കും.

35. ദുരുധുരായോഗം — ചന്ദ്രന്റെ 2 ലും 12 ലും ഗ്രഹങ്ങൾ ഉണ്ടെങ്കിൽ സകലസുഖങ്ങളുമുള്ളവനും, ദാതാവും, അന്നദാനവും, സ്നേഹവും ഉള്ള സഹോദരന്മാരോ പുത്രന്മാർ ഉള്ളവനും ആയിരിക്കും.

36. ശ്രീനാഥയോഗം — ഉച്ചസ്ഥനായ 7-ാംഭാവാധിപൻ 10 ലും, 10-ാംഭാവാധിപൻ 9-ാംഭാവാധിപനോടു കൂടിയും നിന്നാൽ അക്ഷയമായ കീർത്തിയൈശ്വര്യങ്ങളുള്ളവനും ലോകമാന്യനും, അതിധനവാനും ആയിരിക്കും.

37. വാസിയോഗം — സൂര്യന്റെ 12 ൽ ഗ്രഹങ്ങളുണ്ടായിരുന്നാൽ വളരെ ജനസമ്മതിയുള്ളവനും, ധനികനും ആയിരിക്കും.

38. വേസിയോഗം — സൂര്യന്റെ 2 ൽ ഗ്രഹങ്ങളുണ്ടായിരുന്നാൽ സംഭാഷണപാടവവും, പ്രസംഗചതുരനും, ധനികനും, ധീരനും, മാനശീലനും ആയിരിക്കും.

39. ഭേരിയോഗം — 10-ാംഭാവനാഥൻ 3 ഗ്രഹങ്ങളോടുകൂടി 12, 2, 1, 7 ഈ ഭാവങ്ങളിൽ നില്ക്കുകയോ, 9-ാംഭാവാധിപനും ശുക്രനും, ലഗ്നാധിപനും, ചതുഷ്കേന്ദ്രത്തിൽ നില്ക്കുകയോ ചെയ്താൽ വളരെ ധനികനും, കീർത്തിയുള്ളവനും, ഉന്നതകലാജ്ഞനും, ധീരനും, ശാസ്ത്രകലാദികളിൽ നിപുണനും, ദീർഘായുസ്സും, ആരോഗ്യവും ആയിരിക്കും.

40. മത്സ്യയോഗം — ലഗ്നത്തിലും, 9ലും ശുഭഗ്രഹങ്ങളും, ശുഭന്മാരും അശുഭന്മാരും 5 ലും, 4 ലും 8 ലും അശുഭന്മാരും, വന്നാൽ ജ്യോതിശ്ശാസ്ത്രനിപുണനും, ദയാശീലനും, ധർമ്മിഷ്ഠനുമായിരിക്കും.

41. രജ്ജുയോഗം — എല്ലാഗ്രഹങ്ങളും ചരരാശികളിലാണെങ്കിൽ വിദേശങ്ങളിൽ വസിക്കുന്നവനും, സ്ഥൈര്യമില്ലാത്തവനുമായിരിക്കും.

42. ഉഭയചരിയോഗം — സൂര്യന്റെ 2 ലും 12 ലും, ഗ്രഹങ്ങൾ സ്ഥിതിചെയ്താൽ രാജസമനും, ദയാശീലനും ധൈര്യവാനും ആയിരിക്കും.

43. ക്ലേശയോഗം — ലഗ്നാധിപൻ 12 ലും, 12-ാംഭാവാധിപൻ ലഗ്നത്തിലും വന്നാൽ ധനനാശം, ശത്രുവൃദ്ധികൾ ഇവയാൽ ക്ലിഷ്ടനായിരിക്കും.

44. അസത്യവാദിയോഗം.—2-ാംഭാവാധിപൻ സ്ഥിതിചെയ്യുന്ന രാശി തനിയെ ക്രൂരമായിരുന്നാൽ മനുഷ്യൻ ചതിയനായിരിക്കും.

45. കുസുമയോഗം.—ശുക്രൻ സ്ഥിരരാശിയിലും, കേന്ദ്രത്തിലും, ക്ഷീണചന്ദ്രൻ ത്രികോണത്തിലും, സൂര്യൻ 10 ലും നിന്നാൽ അസാമാന്യമായ കീർത്തിയും, സുഖവും ഉള്ളവനും, ധീരനും, ശത്രുഹാരിയും ആയിരിക്കും.

46. ഖഡ്ഗയോഗം.—5, 6, 7 ഈ രാശികളിൽ ശുഭന്മാർ ബലവാന്മാരായി നിന്നാൽ രാജകീയ ബഹുമതികളുള്ളവനും, ശാന്തശീലനും, ധീരനും, സുഖിയും, ശാസ്ത്രചിന്താനിരതനുമായിരിക്കും.

47. ശംഖയോഗം.—ലഗ്നാധിപൻ ബലവാനും, ഉച്ചസ്ഥനായ ഒരു ഗ്രഹം ജാതകത്തിലുണ്ടായിരിക്കുകയും, ആ ഗ്രഹം അധിഷ്ഠിച്ചിട്ടുള്ള രാശ്യാധിപൻ കേന്ദ്രത്തിലൊ സ്വക്ഷേത്രത്തിലൊ നില്ക്കുകയും ചെയ്താൽ, ആഭിജാത്യം, അരോഗി, ആകർഷകമായ ശരീരകാന്തി, ജനസ്വാധീനം, ഈ ഫലങ്ങൾ അനുഭവിക്കും.

48. ഭേരീയോഗം.—ചന്ദ്രനും, കുജനും ലഗ്നേശ്വരനും കേന്ദ്രങ്ങളിലൊ [illegible] നിന്നാൽ സകലസുഖങ്ങളും അനുഭവിച്ചു് അ[illegible] ജീവിച്ചിരിക്കും.

49. നിപുണയോഗം.—സൂര്യനും ബുധനും കൂടി ഒരു രാശിയിൽ നിന്നാൽ സകലകാര്യങ്ങളിലും നിപുണനും ജ്ഞാനിയും, സുന്ദരനും സ്ഥിരമായ ആശയങ്ങളുള്ളവനുമായിരിക്കും.

50. സന്യാസയോഗം.—ഒരു രാശിയിൽ നാലൊ അതിലധികമൊ ബലവാന്മാരായ ഗ്രഹങ്ങൾ ഒരുമിച്ചു നിന്നാൽ ജാതകൻ വലിയ തപസ്വിയായിത്തീരും.

സൂര്യയോഗങ്ങൾ

ലഗ്നത്തിൽ സൂര്യൻ നില്ക്കുകയും ലഗ്നരാശി മേടമെങ്കിൽ ജാതകൻ വലിയ ധനവാനും, നേത്രരോഗിയുമാ

യിരിക്കുകയും, ലഗ്നരാശി ചിങ്ങമെങ്കിൽ മരലക്കണ്ണനാ യിരിക്കുകയും ഇടവമെങ്കിൽ ദരിദ്രനും, അന്ധനായിരിക്കുകയും; കർക്കിടകമെങ്കിൽ കണ്ണിനു ഒരു അടയാളമുണ്ടായിരിക്കുകയും ചെയ്യും. സൂര്യനും ചന്ദ്രനും ഒരുമിച്ചുനിന്നാൽ ജാതകൻ സ്വഭാവം സ്ത്രീകൾക്ക് വശംവദനും ആയിരിക്കും. സൂര്യനും ചൊവ്വയും ഒരുമിച്ച് നിന്നാൽ ബലവാനും ധനവാനും. കോപിയും. സൂര്യനും വ്യാഴവും ഒരുമിച്ച് നിന്നാൽ രാജാവിന് സമ്മതനും ധനികനും, ശുക്രനും സൂര്യനും ഒരുമിച്ചുനിന്നാൽ ബുദ്ധിമാനും സ്ത്രീകൾ നിമിത്തം ധനലാഭമുള്ളവനും സൂര്യനും ശനിയും ഒരുമിച്ചു നിന്നാൽ മൂഢനും ശത്രുപീഡക്ക് വിധേയനും ആയിരിക്കും.

ചന്ദ്രയോഗങ്ങൾ

മനുഷ്യന്റെ ബുദ്ധിശക്തി, ധനം, കീർത്തി, സൗന്ദര്യം, ഇവ ജാതകത്തിൽ ചന്ദ്രൻ സൂര്യന്റെ കേന്ദ്രത്തിൽ നിന്നാൽ കുറവായും, ത്രികോണത്തിലോ 2, 11 ഈ രാശികളിലോ എങ്കിൽ സാമാന്യമായും, 3, 6, 8, 12 ൽ നിന്നാൽ കൂടുതലായും ഉണ്ടാകുന്നു. ചന്ദ്രൻ സ്വനവാംശത്തിലോ അധിമിത്ര നവാംശത്തിലോ നിന്നാൽ ജാതകൻ ധനികനും സുഖിയും ആയിരിക്കും. എന്നാൽ ആ ചന്ദ്രനെ വ്യാഴമോ ശുക്രനോ ദൃഷ്ടിചെയ്യുകയും കൂടിയുണ്ടെങ്കിൽ വളരെ വിശേഷമായിരിക്കും. ലഗ്നത്തിൽ ചന്ദ്രൻ നില്ക്കുകയും ലഗ്നരാശി മേടമെങ്കിൽ, ജാതകന്ന് അനവധി പുത്രന്മാരും, ലഗ്നരാശി കർക്കിടകമെങ്കിൽ അനവധി ധനവും ലഗ്നരാശി ഇടവമെങ്കിൽ അധികമായ ഐശ്വര്യവും ഉണ്ടാകും.

മററു യോഗങ്ങൾ

ജനനസമയത്ത് ഒരു ഗ്രഹമെങ്കിലും സ്വക്ഷേത്രത്തിൽ നിന്നാൽ ജാതകൻ തന്റെ കുടുംബത്തിൽ ഒരു സാമാന്യമായ സ്ഥിതിയുള്ളവനും, 2 ഗ്രഹങ്ങൾ സ്വക്ഷേത്രത്തിൽ നിന്നാൽ

കുടുംബത്തിലെ പ്രമുഖമായ അംശവും, 3 ഗ്രഹങ്ങൾ സ്വക്ഷേത്രസ്ഥന്മാരായാൽ സ്വസമുദായത്തിൽ പ്രമാണിയും, 4 ഗ്രഹങ്ങൾ സ്വക്ഷേത്രസ്ഥന്മാരായാൽ വലിയ ധനികനും, 5 ഗ്രഹങ്ങൾ സ്വക്ഷേത്രസ്ഥന്മാരായാൽ അത്യധികം സുഖിക്കുന്നവനും, 6 ഗ്രഹങ്ങൾ സ്വക്ഷേത്രസ്ഥന്മാരായാൽ രാജസമനും 7 ഗ്രഹങ്ങളിൽ സ്വക്ഷേത്രസ്ഥന്മാരായാൽ രാജാവും ആയിരിക്കും.

ജനനസമയത്ത് ഒരു ഗ്രഹമെങ്കിലും ബന്ധുക്ഷേത്രസ്ഥിതനായെങ്കിൽ പരാശ്രയം കൂടാതെയും, രണ്ടു ഗ്രഹങ്ങൾ ബന്ധുക്ഷേത്രസ്ഥിതന്മാരെങ്കിലും, സുഹൃത്തുക്കളുടെ പോഷണം കൊണ്ടും, 3 ഗ്രഹങ്ങൾ ബന്ധുക്ഷേത്രസ്ഥിതന്മാരെങ്കിൽ ബന്ധുജനങ്ങളാൽ പോഷിതനായും, 4 ഗ്രഹങ്ങൾ ബന്ധുക്ഷേത്രസ്ഥിതന്മാരെങ്കിൽ സഹോദരീസഹോദരന്മാരാൽ രക്ഷിക്കപ്പെട്ടും ജീവിക്കും. 5 ഗ്രഹങ്ങൾ ബന്ധുക്ഷേത്രസ്ഥിതന്മാരെങ്കിൽ അനുയായിജനങ്ങളുടെ മേൽ ആധിപത്യവും, 6 ഗ്രഹങ്ങൾ ബന്ധുക്ഷേത്രഗതന്മാരെങ്കിൽ സേനാധിപത്യവും, 7 ഗ്രഹങ്ങൾ ബന്ധുക്ഷേത്രഗതന്മാരെങ്കിൽ രാജ്യാധിപത്യവും ഉണ്ടാകും.

ഒരു ഗ്രഹം ജനനസമയത്തു ഉച്ചത്തിൽസ്ഥിതി ചെയ്യുകയും, ആ ഗ്രഹത്തിനെ ഒരു ശുഭഗ്രഹം വീക്ഷിക്കുകയും ചെയ്താൽ രാജകീയപദവികളും ഉണ്ടാകും. ആ ഗ്രഹത്തിനോടു ചേർന്ന ബന്ധുഗ്രഹം കൂടി ഉണ്ടെങ്കിൽ വലിയ ധനികനും ഐശ്വര്യവാനായും പ്രശംസക്ക് പാത്രവും ആയിരിക്കും.

ഒരു ഗ്രഹം നീചത്തിലോ ശത്രുക്ഷേത്രത്തിലോ സ്ഥിതി ചെയ്താൽ ഭൃത്യനും ദരിദ്രനും, 2 ഗ്രഹങ്ങൾ നീചത്തിലോ ശത്രുക്ഷേത്രത്തിലോ ഉണ്ടെങ്കിൽ ദുഃഖിയും, 3 ഗ്രഹങ്ങൾ ഉണ്ടെങ്കിൽ വിഡ്ഢിയും, 4 ഗ്രഹങ്ങൾ ഉണ്ടെങ്കിൽ രോഗിയും, 5 ഗ്രഹങ്ങൾ ഉണ്ടെങ്കിൽ ഭിക്ഷാടനനും, 6 ഗ്രഹങ്ങൾ ഉണ്ടെ

ങ്കിൽ കഠിന വ്യാധിയുള്ളവനാം, 7 ഗ്രഹങ്ങളും ഉണ്ടെങ്കിൽ എല്ലാവരെയും രക്ഷിപ്പാനും, ശിക്ഷിപ്പാനും പാത്രവും ആകും.

യോഗഫലങ്ങളും യോഗകാരന്മാരുടെ ദശാന്തർദശകളിൽ സാമാന്യമായി അനുഭവിക്കും. സൂര്യനും, ചന്ദ്രനും, ഒരു രാശിയിൽ പ്രവേശിച്ചു ഉടനെയും; വ്യാഴവും ശുക്രനും ഒരു രാശിയിൽ പ്രവേശിച്ചുകൊണ്ടുകളെയും, ശനിയും രാഹുവും ഒരു രാശി വിട്ടുനടക്കില്ല അല്പംമുമ്പായും, ബുധൻ സകലരാശിയി ഴും അവന്റെ ഫലങ്ങളെ ചെയ്യുന്നവനാകുന്നു.

അദ്ധ്യായം ൫.

ലഗ്നാദി ദ്വാദശഭാവഫലങ്ങൾ.

ലഗ്നം.

ലഗ്നാധിപൻ ഉച്ചസ്ഥനോ സ്വക്ഷേത്രസ്ഥനോ, കേന്ദ്രസ്ഥനോ, ആണെങ്കിലും, ലഗ്നാധിപനെ ശുഭന്മാർ വീക്ഷിക്കുന്നെങ്കിലും ലഗ്നം ശുഭഗാത്രനും, സുഖിതനും, സുഖിയും ആയിരിക്കും. ലഗ്നാധിപൻ അശുഭയോഗംചെയ്തു ആറാമതിൽ നിന്നാൽ ദുഃഖം രോഗിയും, ലഗ്നാധിപൻ 6; 7; 8; 12 ഭാവാധിപന്മാരോടു യോഗംചെയ്താൽ നിരന്തരം രോഗിയും, ലഗ്നാധിപൻ 6; 8; 12 ഭാവങ്ങളിൽ നിന്നാൽ ദുർബ്ബലശരീരനും ആയിരിക്കും. ലഗ്നാധിപൻ ഒരു ശുഭഗ്രഹത്തിനോടും; ബുധനോടുംകൂടി ലഗ്നത്തിൽ നിന്നാൽ ജാതകൻ ആരോഗ്യവാനായി ജീവിക്കും. ലഗ്നത്തിൽ രാഹു, കേതു, ശനി ഇവർ ഉണ്ടെങ്കിൽ ക്ഷുദ്രരോഗിയായിരിക്കും. ലഗ്നത്തിൽ കുജൻ, രവി ശനി ഇവർ നിന്നാൽ ദുർബ്ബലനും, ചരരാശികളിൽ ലഗ്നം വന്നാൽ തടിച്ച ശരീരപ്രകൃതിയുള്ളവനായിരിക്കും. ലഗ്നത്തിൽ രവി നില്ക്കുകയും കുജൻ രവിയെ ദ്ര

ഷ്ടിക്കുകയും ചെയ്താൽ ലഗ്നം കാസശ്വാസരോഗിയും, ക്ഷയരോഗിയും ആയിരിക്കും. ലഗ്നത്തിൽ ശനിയധികം അന്യഗ്രഹങ്ങൾ വന്നാൽ ജാതകൻ എന്നും കഷ്ടപ്പാടുകാരനായിരിക്കും. ലഗ്നാധിപന്ന് ഉച്ചാംതകമോ ബന്ധുക്ഷേത്രാംതകമോ സ്വക്ഷേത്രാംതമോ ഉണ്ടെങ്കിലും ശുഭദൃഷ്ടിയോ ശുഭയോഗമോ ഉണ്ടെങ്കിലും ദേഹസുഖം ഉണ്ടാകും. ലഗ്നാധിപനോ; വ്യാഴമോ ശുക്രനോ കേന്ദ്രങ്ങളിൽ നിന്നാൽ ദീർഘായുസ്സും; ധനവാനും ആയിരിക്കും. ലഗ്നത്തിൽ രാഹുവും; ലഗ്നത്തിന്ന് പാപദൃഷ്ടിയും; ലഗ്നാംതകരാശിയിൽ ശനിയും വ്യാഴവും ഉണ്ടെങ്കിൽ ലഗ്നം ഇരട്ടപ്രസവിച്ച കുട്ടികളിൽ രണ്ടാമനായിരിക്കും. കേന്ദ്രങ്ങളിലും ത്രികോണങ്ങളിലും പാപഗ്രഹങ്ങളില്ലാതിരിക്കുകയും; വ്യാഴം അഷ്ടമത്തിൽ സ്ഥിതിചെയ്യുകയും ചെയ്താൽ ജാതകൻ പുണ്യകർമ്മിയും; സുഖിയും; രോഗമില്ലാത്തവനും, ദീർഘായുസ്സനുമായിരിക്കും. കുജൻ ലഗ്നാധിപനായി അന്യദൃഷ്ടിയോടുകൂടിയോ അന്യയോഗത്തോടുകൂടിയോ ലഗ്നത്തിൽ ഇരുന്നാൽ തലയിൽ മുറിവുപറ്റും. ശനിയും രാഹുവുംകൂടി ലഗ്നത്തിൽ ഇരുന്നാൽ ജാതകന്ന് പിശാചുക്കളുടെ ബാധയുള്ളവനായിരിക്കും. കേതു അന്യദൃഷ്ടിയോടുകൂടി ലഗ്നത്തിൽ ഇരുന്നാൽ ലഗ്നം ഭ്രമവും അനുഭവിക്കും. ലഗ്നാധിപന്ന് അഷ്ടമാധിപനെക്കാൾ ബലക്കുറവുണ്ടായിരിക്കുകയും കേന്ദ്രങ്ങളിലോ 8-ലോ 12-ലോ പാപഗ്രഹങ്ങൾ ഉണ്ടായിരിക്കുകയും ചെയ്താൽ ജാതകൻ അധികകാലം ജീവിച്ചിരിക്കുകയില്ല. മിക്കവാറും അല്പായുസ്സായിരിക്കും. ലഗ്നം ചരരാശിയാകുകയോ; ലഗ്നാധിപൻ ചരരാശിയിൽ നില്ക്കുകയോ; ലഗ്നാംതകം ചരരാശിയിലാകുകയോ ലഗ്നത്തിലേക്കും ലഗ്നാധിപനും; ചരഗ്രഹങ്ങളുടെ ദൃഷ്ടിയുണ്ടായിരിക്കുകയോ ചെയ്താൽ ലഗ്നം സഞ്ചാരപ്രിയനായിരിക്കും. സാമാന്യമായി ലഗ്നത്തിൽ സൂര്യൻ നിന്നാൽ ജാ

യില്ലാത്തവനാം; പെട്ടെന്ന് ക്രോധം വരുന്നവനാം, തലമുടി കുറഞ്ഞവനാം, അലസനാം, ദുഃഖമയനാം; ചന്ദ്രൻ നിന്നാൽ ചന്ദ്രന്റെ പക്ഷബലമനുസരിച്ചുള്ള ഐശ്വൎയ്യവും; സൌന്ദൎയ്യവും; ഉള്ളവനാം; കുജൻ നിന്നാൽ ക്രൂരനാം; സാഹസബുദ്ധിയും; ബുധൻ നിന്നാൽ കലാനിപുണനാം; സൌമ്യശരീരനാം; സംഭാഷണചതുരനാം; നയവിദഗ്ദ്ധനാം; വ്യാഴം നിന്നാൽ ദീൎഘായുഷ്മാനാം; പണ്ഡിതനാം; വേദശാസ്ത്രപാരംഗതനാം; ധനികനാം; ശുക്രൻ നിന്നാൽ സുന്ദരനാം; സ്ത്രീകൾക്ക് ഇഷ്ടമുള്ളവനാം; സാഹിത്യകാരനാം; ഭാഗ്യശാലിയും; സുഖിയും; ശനിനിന്നാൽ ദരിദ്രനാം മടിയനാം; മൂഢനാം; രാഹുനിന്നാൽ കൃതഘ്നനാം; സ്ത്രീജനങ്ങൾക്ക് വിധേയനാം; കേതുനിന്നാൽ ഇതരദ്വേഷമുള്ളവനാം; ഐശ്വൎയ്യമില്ലാത്തവനാം; കൃശാംഗനാം; ദുൎബ്ബുദ്ധിയും; ഗുളികൻ നിന്നാൽ ഉദരരോഗിയും; മലിനനാം; അസുഖിയും ആയിരിക്കും.

2-ാംഭാവം.

2-ാംഭാവാധിപൻ ഉച്ചസ്ഥനാം; വ്യാഴദൃഷ്ടനുമാണെങ്കിൽ അസാമാന്യ ധനികനാം; 2-ാംഭാവാധിപന് ഉച്ചവും; കേന്ദ്രങ്ങളിൽ ശുഭദൃഷ്ടിയും ഉണ്ടെങ്കിൽ ശോഭയുള്ള നേത്രങ്ങളും സൌന്ദൎയ്യവും ഉള്ളവനാം; 2-ാംഭാവാധിപൻ വ്യാഴത്തിനോടുകൂടി നില്ക്കയോ 2-ാംഭാവാധിപനെ ബുധനോ ശുക്രനോ ദൃഷ്ടിചെയ്യുകയോ ചെയ്യുകിൽ വാഗ്മിയും ധനികനാം; ആയിരിക്കും. 2-ാംഭാവാധിപൻ ദുൎബ്ബലനോ നീചനോ ആണെങ്കിൽ ദരിദ്രനായിരിക്കും. 2-ാംഭാവാധിപൻ കേന്ദ്രത്തിൽ ക്രൂരദൃഷ്ടിയോടുകൂടി നിന്നാൽ ജാതകൻ വിരൂപനായിരിക്കും. 2-ാംഭാവാധിപൻ ബലഗ്രഹവും; 2-ാംഭാവാധിപൻ അംശകം ചെയ്തിട്ടുള്ള രാശി ബലത്തിലും ലഗ്നം ബലത്തിലും; ആണെങ്കിൽ ജാതകന് വിദേശവാണിജ്യം കൊണ്ട് വളരെ ധനം ലഭിക്കുന്നതാണ്. അല്ലെങ്കിൽ 2-ാം

ഭാവാധിപനോടുകൂടി യോഗം ചെയ്താലും; 2-ാം ഭാവാധിപനെ ദൃഷ്ടിചെയ്താലും ജാതകൻ സംസാരിക്കുന്നതിൽ പതറിച്ചയും വിക്കലും ഉള്ളവനായിരിക്കും. ബുധൻ കേന്ദ്രത്തിലും 2-ാം ഭാവാധിപൻ ശുഭസ്ഥിതിയിലും നിന്നാൽ ജാതകൻ ജ്യോതിഷ്യത്തിൽ നിപുണനായിരിക്കും. 2-ാം ഭാവാധിപൻ സൂര്യനോടുകൂടി നില്ക്കുകയും; ദുർബ്ബലനായിരിക്കുകയും; 12-ൽ നില്ക്കുകയും ചെയ്താൽ ധനമില്ലാത്തവനും; ധനനാശമുള്ളവനുമായിരിക്കും. 2-ാം ഭാവാധിപൻ 6,8,12 ഈ രാശികളിൽനിന്നാലും; 11-ാം ഭാവാധിപനോടുകൂടി നിന്നാലും ധനനാശമുണ്ടാകും. 2-ാം ഭാവാധിപൻ നീചനായ ഗ്രഹത്തോടുകൂടി നിന്നാൽ ധനം അന്യന്മാർ കരസ്ഥമാകും. 2, 4, 9 ഈ ഭാവാധിപന്മാർ 6, 8, 12 ൽ നിന്നാൽ ജാതകൻ മൂകനായിരിക്കും. വ്യാഴമോ ബുധനോ കേന്ദ്രത്രികോണരാശികളിലോ സ്വക്ഷേത്രത്തിലോ ഉച്ചത്തിലോ നിന്നാൽ ജാതകൻ വിദ്വാനും; വ്യാഴമോ ബുധനോ 2-ാം ഭാവാധിപനായി 6, 8, 12 ഇവകളിൽനിന്നാൽ വിദ്യാഹീനനുമായിരിക്കും. 2-ാം ഭാവാധിപനായ വ്യാഴം ആ ഭാവത്തിൽനിന്നാലും ബലവാനായ ഗ്രഹത്തോടുകൂടി നിന്നാലും ജാതകൻ ധനവാനായിരിക്കും. 2-ാം ഭാവാധിപൻ 11-ലും 11-ാം ഭാവാധിപൻ 2-ലും നിന്നാൽ ജാതകൻ ധനികനായിരിക്കും. 2-ാം ഭാവനാഥനോ 11-ാം ഭാവനാഥനോ കേന്ദ്രസ്ഥിതന്മാരെങ്കിലും ജാതകൻ ധനവാനായിരിക്കും. 2-ാം ഭാവാധിപൻ 6-ൽ 11-ാം ഭാവാധിപനോടുകൂടി ഇരുന്നാൽ ധനമില്ലാത്തവനും, 2-ം 11-ം ഭാവങ്ങളിലെങ്കിലും തൽഭാവനാഥന്മാരെങ്കിലും അശുഭദൃഷ്ടിയുണ്ടെങ്കിൽ ധനനാശമുള്ളവനുമായിരിക്കും. 2-ം 11-ം നാഥന്മാർ അശുഭരോടുകൂടി 6, 8, 12 ഭാവങ്ങളിൽ നിന്നാൽ ജന്മം മുതല്ക്കും; ഭിക്ഷയെടുത്ത് ജീവിതവൃത്തി കഴിക്കുന്നവനായിരിക്കും. 2-ൽ കേതുവും 11-ൽ കുജനും നില്ക്കുകയും 2, 11 ഭാവാധിപന്മാർ ദുർബ്ബലന്മാരായി 6, 8, 12 ഇവയിൽ

നില്ക്കുകയും ചെയ്താൽ ശിക്ഷാനിമിത്തം ധനനാശം ഭവിക്കും. വ്യാഴം 11-ലും; ശുക്രൻ 2-ലും നില്ക്കയും 2-ാം ഭാവനാഥൻ ശുഭഗ്രഹയോഗം ചെയ്തിരിക്കയും; ശുഭഗ്രഹങ്ങൾ 12-ൽ നില്ക്കുകയും ചെയ്താൽ ധർമ്മംകൊണ്ട് ധനനാശം വരുന്നതാണ്. 2-ാം ഭാവാധിപൻ 6, 8, 12 ഇവയിൽ നിന്നാൽ കണ്ണിന് സുഖക്കേടുണ്ടാകും. 2-ാം ഭാവാധിപൻ ശനി, കുജൻ, ഗുളികൻ ഇവരോടുകൂടിയിരിക്കുക 2-ൽ അശുഭന്മാർ നില്ക്കുക; ഇതെല്ലാം നേത്രരോഗങ്ങൾ കാണിക്കുന്നു. 2-ാം ഭാവാധിപൻ ശുഭഗ്രഹങ്ങളോടുകൂടി കേന്ദ്രത്തിലോ ഉച്ചത്തിലോ സ്വക്ഷേത്രത്തിലോ; 11-ാം ഭാവം; ത്രികോണത്തിലോ ഇരുന്നാൽ ജാതകൻ ധനികനും കണ്ണുകൾ ശോഭിക്കുന്നവനും ആയിരിക്കും. അതിനും പുറമെ 2-ാം ഭാവാധിപൻ കേന്ദ്രത്തിലും കൂടി നിന്നാൽ വാഗ്മിയും വളരെ ധനമുള്ളവനുമായിരിക്കും. 2-ാംഭാവാധിപൻ ബലവാനാകയും ആ ഭാവം ഉച്ചത്തിലും, വ്യാഴംലഗ്നത്തിലും, ശനി അഷ്ടമത്തിലും, നിന്നാലും വ്യാഴം കേന്ദ്രത്രികോണങ്ങളിലേതിലെങ്കിലും നില്ക്കുകയും, ശുക്രൻ ഉച്ചസ്ഥനാകയും; 2-ാം ഭാവനാഥൻ ബുധനോടുകൂടികയും ചെയ്താലും ജാതകൻ ഗണിതശാസ്ത്രനിപുണനായിരിക്കും. 2-ാം ഭാവാധിപൻ സൂര്യനായി വരികയും ആ സൂര്യനെ കുജനും, വ്യാഴവും; ശുക്രനും നോക്കുകയും ബുധൻ സ്വസ്ഥിതനാണെങ്കിൽ തർക്കശാസ്ത്രവിശാരദനാകും. കേന്ദ്രത്തിലോ, ത്രികോണത്തിലോ നില്ക്കുന്ന വ്യാഴത്തെ ബുധശുക്രന്മാർ വീക്ഷിക്കുന്നുവെങ്കിൽ ജാതകൻ വേദവേദാംഗവിത്തമനായിരിക്കും. സാമാന്യമായി 2-ൽ ആദിത്യൻ നിന്നാൽ മുഖരോഗം, അശൗചം, ദ്രവ്യനാശം, നേത്രരോഗിയും; ചന്ദ്രൻ നിന്നാൽ കളത്രകീർത്തിയും ധനത്തിനാശം; കുജൻനിന്നാൽ നിർദ്ധന്യം; ബുധൻനിന്നാൽ സുഭഗനും, ധനവാനും, തേജസ്വിയും; വ്യാഴം നിന്നാൽ ഐശ്വര്യസമ്പന്നമായ കുടുംബനാഥനും; ശുക്രൻ നിന്നാൽ സംഗീതസാഹിത്യാദി

വിദ്വാനും, ധനവാനും, പ്രധാനനായകനും, ശനിനിന്നാൽ ദാനശീലനും, ക്രോധമുള്ളവനും, കഴിവുകുറഞ്ഞവനും, ശാസ്ത്രത്തി ലും, കേതുനിന്നാൽ ധനവാനും, കോപിയും, ദാനവാനും, കേന്ദ്രത്തിൽ നിന്നാൽ വിക്രമുള്ളവനും, ആത്മപ്രശംസകനും ഇ ളികൾ നിന്നാൽ എഴുതുന്നതിൽ സമർത്ഥനും, കലാപ്രിയ നും, വേണ്ടാത്ത കാര്യങ്ങൾ നടത്തുന്നവനും ആയിരിക്കും.

3-ാം ഭാവം:—

3-ാം ഭാവത്തിൽ ഒരു ശുഭഗ്രഹം നില്ക്കയും, 3-ാം ഭാവത്തിന്റെ ഇരുപുറവും ശുഭന്മാർ നില്ക്കയും ചെയ്താൽ ഇളയ സഹോദരന്മാർ ഉണ്ടാകയില്ല. 3-ാം ഭാവാധിപൻ, ലഗ്നാലോ 3, 6, 8, 12 ഭാവങ്ങളിൽ നിന്നാൽ സഹോദരന്മാർക്ക് ദോഷകരമാണ്. 3-ാം ഭാവാധിപൻ ശുഭരാശിയിൽ നവാംശകം ചെയ്യുകയും, കുജൻ സ്വക്ഷേത്രമാണെങ്കിൽ ജാതകൻ ധീരനും, ഐശ്വര്യമുള്ള സഹോദരന്മാരുള്ളവനുമായിരിക്കും. 3-ലും 12-ലും, ശുക്രദൃഷ്ടിയുണ്ടെങ്കിൽ ജാതകൻ വില്ലാളിയും പരാക്രമിയും ആകുന്ന രീതിയാ യിരിക്കും. 3-ാം ഭാവാധിപൻ ബലിഷ്ഠനായി നിന്നാൽ ജാതകൻ വിദ്വാനും, ധീരനും, ശൌര്യക്ഷമതനുമായിരിക്കും. 3-ാം ഭാവാധിപൻ പുരുഷാംശകത്തിൽ ചെയ്തിട്ടുണ്ടെങ്കിൽ സഹോദരന്മാരും, ശുക്രൻ സ്ത്രീ നവാംശകം ചെയ്തിട്ടുണ്ടെങ്കിൽ സഹോദരിമാരും, ബുധന്റെ ക്ഷേത്രത്തിൽ നവാംശകത്തിലായാൽ 3-ാം ഭാവത്തിൽ ശുഭന്മാർ സഹോദരന്മാർ ഉണ്ടാകുന്നതായിരിക്കും. 3-ാം ഭാവാധിപൻ, കുജൻ ഇവർ ലഗ്നത്തിൽനിന്നും, ഒരു കേന്ദ്രത്തിൽനിന്നാലും, 3-ാം ഭാവാധിപനേയോ കുജനേയോ ശുഭന്മാർ നോക്കിയാലും സഹോദരന്മാർ ഉണ്ടാ കും. 3-ാം ഭാവാധിപൻ അംശാധിപൻ ലഗ്നാധിപൻ ലഗ്ന ത്തിന്റെ കേന്ദ്രത്തിൽ ഇരുന്നാലും, സഹോദരന്മാർ ഉണ്ടാ കും. 3-ാം ഭാവാധിപനും കുജനും ശുഭഗ്രഹസംയുക്തന്മാർ, ശു

ഭുജിക്കുന്നവനാകും. സുസ്ഥിരമായ ആയുസ്സ് ഇല്ലാതെ ദരിദ്രനാകുകയും ബന്ധുവിൽനിന്നും സുഖം അനുഭവിക്കുകയും ചെയ്യും. 3-ാംഭാവാധിപനായ ചൊവ്വായും ശുക്രനും അംശിച്ച രാശിയിൽ ഇരുന്നാലും കേന്ദ്രത്രികോണങ്ങളിലിരുന്നാലും സഹോദരന്മാർ ഉണ്ടാകും. ലഗ്നാധിപൻ 3-ാംഭാവാധിപന്റെ ബന്ധുവായിരുന്നാൽ സഹോദരന്മാരും ബന്ധുക്കളും, ശത്രുവായിരുന്നാൽ ശത്രുക്കളും ആയിരിക്കും. 3-ാംഭാവാധിപനും, 3-ൽ നില്ക്കുന്ന ഗ്രഹങ്ങളും സ്ത്രീഗ്രഹങ്ങളായാൽ സഹോദരന്മാരിൽ ഉള്ളവർ സ്ത്രീകളായിരിക്കും. ഭാഗ്യാധിപൻ ലഗ്നത്തിൽനിന്നും, എത്രാമത്തെ രാശിയിൽ ഇരിക്കുന്നുവോ അത്രാമത്തേതോ, ലഗ്നരാശിമുതൽ അത്രാമത്തെ രാശിയിൽ സ്ഥിതിചെയ്യുന്ന രാശിയുടെ സ്ഥാനങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങൾ എത്രയെണ്ണമോ അത്രയും, സഹോദരന്മാരുടെ സംഖ്യയിൽ ജനിച്ചവരായിരിക്കും. 3-ാംഭാവാധിപൻ രവിയോടൊ ബലവാനായ ചന്ദ്രനോടൊ കൂടിനിന്നാൽ ധനവാൻ ധീരനും, കുജനോടുകൂടിനിന്നാൽ ശീലവും, കുജനോടുകൂടി നിന്നാൽ കോപിഷ്ഠനും, ബുധനോടുകൂടിനിന്നാൽ സന്തോഷപ്രിയനും, വ്യാഴത്തോടുകൂടി നിന്നാൽ ധീരനും, ദുഷ്ടബുദ്ധിയും, ശുക്രനോടുകൂടിനിന്നാൽ കാമശീലനും, കലഹപ്രിയനും, ശനിയോടുകൂടി നിന്നാൽ മൂഢനും, രാഹുകേതുക്കളോടോ ഗുളികനോടോ കൂടിയോ നിന്നാൽ ദുഷ്പ്രവൃത്തിയുമായിരിക്കും. 3-ാംഭാവാധിപൻ ബുധനോടുകൂടി നിന്നാൽ കഴുത്തിൽ രോഗമുള്ളവനും, മൂന്നാംഭാവാധിപൻ ആറിൽനില്ക്കുന്ന ഗ്രഹത്തോടുകൂടുകയും, ആറാം ലഗ്നത്തിൽ നില്ക്കുകയും ചെയ്താൽ സർപ്പദംശം ഏല്ക്കുന്നവനും ആയിരിക്കും. സാമാന്യമായി 3-ൽ രവിനിന്നാൽ മൂന്ന സഹോദരന്മാരില്ലാത്തവനും, വിദ്യാസമ്പന്നനും, ചന്ദ്രൻ നിന്നാൽ ധാരാളം സഹോദരീസഹോദരന്മാർ ഉള്ളവനും, കുജൻ നിന്നാൽ ധീരനും, സഹോദരന്മാർ അല്പമാത്രം ഉള്ള

വനാം, കുശലില്ലാത്തവനാം, ബുധൻ നിന്നാൽ സഹോദരിമാർ അധികമുള്ളവനാം, ശീലവും, ഗാന്ധൎവ്വജ്ഞനാം, വ്യാഴശുക്രന്മാർ നിന്നാൽ അധികം സഹോദരികളുള്ളവനാം, പിശുക്കനാം, ധീരനാം, ശനി നിന്നാൽ ഉദാരനാം, ബുദ്ധിമാനാം, ശീലവും, ദീൎഘായുസ്സനാം, ചുരുക്കം സഹോദരന്മാർമാത്രം ഉള്ളവനാം, രാഹു നിന്നാൽ ചെറുപ്പവനാം, സമൎത്ഥനായ സഹോദരീസഹോദരന്മാർ ധാരാളമുള്ളവനാം, ധൈര്യവാനാ്, കേതു നിന്നാൽ സഹോദരിമാർ ധാരാളമുള്ളവനാം, ധീരനാം, ധൈര്യവാനാം, കീൎത്തിമാനാം, ഗുളികൻ നിന്നാൽ അഹംഭാവിയും നിൎദ്ദയനാം, സഹോദരന്മാർ ഇല്ലാത്തവനാമായിരിക്കും.

4-ാംഭാവം:— 4-ാംഭാവനാഥൻ ലഗ്നത്തോടുകൂടി ഉച്ചസ്ഥാനത്തുനിന്നാലും, 4-ാംഭാവനാഥൻ കേന്ദ്രത്രികോണങ്ങളിൽ ബലവാനായി നിന്നാലും അനവധി ഗൃഹങ്ങൾ ഉണ്ടാകും. 4-ാംഭാവനാഥൻ വ്യാഴത്തിനോടുകൂടിയോ ബുധനോടുകൂടിയോ യോഗം ചെയ്യുകയും, കേന്ദ്രത്തിൽ നില്ക്കുകയും ചെയ്താൽ ജാതകൻ ഉയൎന്ന കുടുംബാംശവും വളരെ വാഹനങ്ങളുള്ളവനുമായിരിക്കും. 9-ാംഭാവനാഥൻ കേന്ദ്രത്തിലും 4-ാംഭാവനാഥൻ സ്വസ്ഥാനത്തുംനിന്നാൽ വിചിത്രസൗധങ്ങളിൽ വസിക്കുന്നവനാകും. 4-ാംഭാവനാഥൻ 12-ൽ നിന്നാൽ പരമ്പരയായി കിട്ടിയ മുതൽ നശിക്കും. 4-ാംഭാവത്തിൽ ശനി സ്ഥിതിചെയ്യുകയും, ചന്ദ്രൻ ഉച്ചത്തിൽ നില്ക്കുകയും ചെയ്താൽ ജാതകൻ ഒരു നല്ല സാഹിത്യകാരനും, വിദ്യാഭ്യാസാൎത്ഥം വിദേശഗമനം ചെയ്യുന്നവനും, ചെറുപ്പം മുതൽ മാതാപിതാക്കളില്ലാത്തവനുമായിരിക്കും. ലഗ്നാധിപനും, 4-ാംഭാവാധിപനും 11-ൽനിന്നാൽ ജാതകന് വളരെ ഭൂമികൾ ഉണ്ടാകും. ധനലഗ്നവും, ലഗ്നാധിപൻ വ്യാഴം ധനുവോ മീനമോ ക്ഷേത്രത്തിലും, ശനി മകരമോ കും

ക്ഷേത്രത്തിലും സ്ഥിതിചെയ്താൽ വളരെ ഉന്നതമായ നിലയെ പ്രാപിക്കാൻ ജാതകന് സാധിക്കും. ശുക്രൻ, ചന്ദ്രനോ പാപഗ്രഹയോഗം കൂടാതെ 4-ൽ നിന്നാൽ ജാതകൻ സമ്പന്നനായിരിക്കും. 4-ാംഭാവനാഥൻ ഉച്ചനായി ശുഭഗ്രഹങ്ങളോടുകൂടി നിന്നാൽ പദവിയും പ്രസിദ്ധിയും ഉണ്ടായിരിക്കും. അതു 1-ാംഭാവാധിപനോടുകൂടിയോ ചന്ദ്രനോടുകൂടിയോ നിന്നാൽ ജാതകന് ഐശ്വര്യമുണ്ടായിരിക്കും. നാലാംഭാവനാഥൻ പാപഗ്രഹങ്ങളോടുകൂടി നിന്നാൽ ജാതകൻ കളത്രപുത്രാദികളിൽ ദുഃഖിതനായിരിക്കും. നാലാംഭാവനാഥൻ, ലഗ്നാധിപൻ ഇവര് സ്വസ്ഥാനങ്ങളിൽ നിന്നാൽ ജാതകന് ഗൃഹലാഭമുണ്ടാകും. നാലാംഭാവത്തിൽ ശുഭഗ്രഹങ്ങളിരിക്കുകയും, നാലാംഭാവാധിപൻ ഉച്ചനായിരിക്കുകയും, ചന്ദ്രൻ ബലവാനായിരിക്കുകയും ചെയ്താൽ മനോവാഞ്ഛിതം നടക്കുന്നു. നാലാംഭാവാധിപൻ ഉച്ചത്തിലോ സ്വക്ഷേത്രത്തിലോ ബന്ധുക്ഷേത്രത്തിലോ നിന്നാലും, ശുഭഗ്രഹയോഗമുണ്ടായാലും ജാതകന് ഗൃഹലാഭം ഉണ്ടാകും. നാലാംഭാവാധിപനും, ശുക്രനും കേന്ദ്രത്തിലും, ബുധൻ ഉച്ചത്തിലുമാണെങ്കിൽ ജാതകൻ വിദ്വാനായിരിക്കും. ശനി 4-ൽ സൂര്യനോടുകൂടിയും, ചന്ദ്രൻ 9-ലും, കുജൻ 11-ലും ഇരുന്നാൽ ജാതകന് അനവധി പശുക്കളും ധനവും ഉണ്ടാകും. നാലാംഭാവാധിപൻ 9-ാംഭാവാധിപനോടുകൂടിനിന്ന് 4-ാംഭാവത്തെ ദൃഷ്ടിചെയ്താൽ ധനവാഹനസൗഖ്യങ്ങൾ ഉണ്ടാകും. നാലാംഭാവത്തിൽ പാപനും 4-ാം ഭാവാധിപൻ ശത്രുക്ഷേത്രത്തിലോ നീചത്തിലോ ആണെങ്കിൽ ജാതകൻ ഭൂമിയുമില്ലാത്തവനായിരിക്കും. ലഗ്നത്തിന്റെയും നാലാംഭാവത്തിന്റെയും നാഥന്മാർ ബന്ധുക്കളെങ്കിൽ മാതാവിനെ സ്നേഹിക്കും. 4-ാംഭാവനാഥന്മാർ ലഗ്നത്തിന്റെ ശത്രുക്കളും, നാലിൽ പാപദൃഷ്ടി, പാപയോഗം ഇവയുണ്ടാകുകയും

പ്പോൾ ജാതകൻ മാതാവിനോട് വിരോധത്തിൽ വർത്തിക്കും. നാലാംഭാവനാഥൻ, ചന്ദ്രൻ, നാലിലേക്കു് നോക്കുന്ന ഗ്രഹങ്ങൾ ഇവരിൽ ഏറ്റവും ബലവത്തായ ഗ്രഹത്തിന്റെ ദശാന്തർദ്ദശകളിലു മാതാവിനു മരണം സംഭവിക്കും. 2-ാംഭാവനാഥൻ 4-ാംഭാവനാഥനോടുകൂടി ശുഭസ്ഥാനത്തു 9-ൽ നില്ക്കുകയും, ഈ രണ്ടു് ഭാവനാഥന്മാരും ശുഭാംശകം ചെയ്യുകയും ചെയ്താലും 11 ഉം 2-ഉം ഭാവനാഥന്മാർ 4-ൽ ഇരുന്നാലും, 4-ാംഭാവനാഥൻ ശുഭനോടുകൂടി ശുഭക്ഷേത്രത്തിൽ നിന്നാലും; 11-ാം ഭാവാധിപൻ ശുഭനോടുകൂടി 4-ൽ നിന്നാലും ജാതകനു് ഭൂമിലാഭാദിധനങ്ങളും ഉണ്ടാകും. ചന്ദ്രനു് ശുഭദൃഷ്ടിയില്ലാതിരിക്കുകയും 3 പാപന്മാരുടെ ദൃഷ്ടിയുണ്ടായിരിക്കുകയും ചെയ്താൽ ജാതകന്റെ മാതാവു് പ്രസവാനന്തരം മരിക്കുകയും ചന്ദ്രനു് ശുഭദൃഷ്ടിംകൂടി ഉണ്ടെങ്കിൽ രോഗിയായിത്തീരുകയും; ചന്ദ്രനു് പാപസംയോഗമോ പാപദൃഷ്ടിയോ ഇല്ലാതിരുന്നാൽ ദീർഘകാലം ജീവിച്ചിരിക്കുകയും ചെയ്യും. ശുക്രൻ, ശനി, ബുധൻ, രാഹു ഇവർ ഒരുമിച്ചു് ലഗ്നത്തിന്റെ 2-ൽ നിന്നാലും പ്രസവാനന്തരം മാതാവും ജാതകനും ഒരുമിച്ചുതന്നെ പിതാവും മരിക്കും. ചന്ദ്രനു് പാപദൃഷ്ടിയും പാപയോഗമോ ഉണ്ടായിരിക്കുകയും; ചന്ദ്രൻ 8-ലോ 12-ലോ നില്ക്കുകയും ചെയ്താലും മാതാവു് അധികതരമായ ദുഃഖമനുഭവിക്കും. സൂര്യൻ ഉച്ചത്തിൽ നില്ക്കുകയും; അതു ലഗ്നത്തിൽ 7-ാംഭാവമായി വരികയും ചെയ്താൽ ജാതകൻ മാതാവിന്റെ മുലപ്പാൽ കുടിക്കാൻ സംഗതിയില്ലാത്തവനായിരിക്കും. ചന്ദ്രന്റെ 4-ൽ അശുഭഗ്രഹവും ചന്ദ്രകേന്ദ്രങ്ങളിൽ ശുഭന്മാരില്ലാതിരിക്കുകയും ചെയ്താലും മാതാവിനു് മരണം ശീഘ്രം സംഭവിക്കും. വൃശ്ചികം ലഗ്നത്തിലും ശനി 2 ലും രാഹു 3 ലും നിന്നാലും ജാതകന്റെ അമ്മ ഉടനെ മരിക്കും. ചന്ദ്രൻ ബല

ഹീനനായിരിക്കയും ചന്ദ്രന്റെ ത്രികോണങ്ങളിൽ ശുഭഗ്രഹ സ്ഥിതിയില്ലാതിരിക്കയും ചെയ്താൽ മാതാവു് ഉടനെ മരിക്കും. ശനി കുജൻ ഇവർ ചന്ദ്രന്റെ കേന്ദ്രത്തിൽ നില്ക്കുകയും ഒരുമിച്ചു് നോക്കുകയും ചെയ്താലും മാതാവു് ഉടനെ മരിക്കും. ഈ യോഗങ്ങൾ മാതൃഭാവവിചാരത്തിനായ്ക്കൂടി ഉപയോഗിക്കാവുന്നതാണ്. സാമാന്യമായി 4-ാംഭാവത്തിൽ രവി നിന്നാൽ പിതൃഗൃഹത്തിൽ വസിക്കയും, ഭൂസ്വത്തും വിത്തക്ഷയവും ഉണ്ടാകയും; ചന്ദ്രൻ നിന്നാൽ ചതുഷ്പാദങ്ങൾ മൂലം സുഖവും; കുജൻ നിന്നാൽ ഗൃഹകാര്യങ്ങളിൽ വിഘ്നവും; ധനനാശവും; വിദ്യാഭ്യാസവും; ബുധൻ നിന്നാൽ മാതുലന്മാരാലും; വിദ്യാഭ്യാസസുഖങ്ങളും; വസ്ത്രലാഭവും; ഗുരു നിന്നാൽ നല്ല ഭവനങ്ങളും; വാഹനസൗഖ്യങ്ങളും; ശുക്രൻ നിന്നാൽ വാഹനസുഖം; ഭൂലാഭം; സ്ത്രീലാഭം; മാതൃസുഖം ഇവയും ശനി നിന്നാൽ മാതാവിനു് രോഗവും; പുത്രവിനാശവും; ക്ലേശവും; രാഹു നിന്നാൽ മാതാവിനു് രോഗവും; പുത്രവിനാശവും; ക്ലേശവും; രാഹു നിന്നാൽ മാതാവിനു രോഗവും വിദ്യാഭ്യാസതടസ്സവും; കേതു നിന്നാൽ തീർത്ഥയാത്രയും; മാതാപിതാക്കന്മാരുടെ വേർപാടും; സ്വജനനാശവും; ഗുളികൻ നിന്നാൽ ഭവനനാശവും; ആത്മസമാധാനമില്ലായ്മയും; ഉണ്ടാകുന്നതാണ്.

5-ാംഭാവം — 5-ാംഭാവാധിപൻ 3; 6; 8; 12 ഭാവങ്ങളിൽ നില്ക്കുകയും ശത്രുക്കളാൽ വീക്ഷിക്കപ്പെടുകയും ചെയ്താൽ സന്താനനാശം നിശ്ചയം. 5-ാംഭാവാധിപൻ യുഗ്മരാശിയിൽ സ്ത്രീഗ്രഹത്തോടുകൂടി നിന്നാൽ അധികം ജനിക്കുന്നതു് പെൺകുട്ടികളായിരിക്കും. 5ൽ ആദിത്യൻ നീചത്തിലോ ശത്രുസ്ഥാനത്തോ നിന്നാൽ പിതാവിനു് നാശം സംഭവിക്കും. 5-ാംഭാവാധിപനു് ശുഭയോഗവും ശുഭദൃഷ്ടിയും ശുഭസ്ഥാ

ത്വവും ഉണ്ടെങ്കിൽ അനവധി പുത്രന്മാർഉണ്ടാകും. വ്യാഴം 5-ാംഭാവാധിപനായി വരികയും, വ്യാഴത്തെ ലഗ്നാധിപൻ നോക്കുകയും ചെയ്താൽ പുത്രന്മാർ ഉണ്ടാകും. 5 ൽ ശനി നില്ക്കയോ ശനി ലഗ്നത്തെയോ വ്യാഴത്തെയോ വീക്ഷിക്കുകയോ ചെയ്താലും ബുദ്ധിക്ക് പരിച്ഛയമുണ്ടായിരിക്കും. 5-ാംഭാവം രണ്ട് ശുഭന്മാരുടെ മദ്ധ്യത്തിലാണെങ്കിൽ അതിബുദ്ധിമാനായിരിക്കും. ശുഭന്മാർക്കെല്ലാം 4 ൽ നില്ക്കയും, അല്ലെങ്കിൽ 12; 5; 8 ഭാവങ്ങളിൽ നില്ക്കയും ചെയ്താൽ ജാതകനല്ലാതെ കുടുംബത്തിൽ വേറെ അംഗങ്ങൾ ഉണ്ടാകില്ല. വ്യാഴവും 5-ാംഭാവാധിപനും ദുസ്ഥാനത്തു നിന്നാൽ പുത്രന്മാർ ഉണ്ടാകുകയില്ല. അഞ്ചാംരാശി ഓജരാശിയാകുകയും, അഞ്ചാംഭാവാധിപൻ ഓജരാശിയിൽ അംശിക്കുകയും ചെയ്താൽ പുരുഷസന്താനങ്ങളുണ്ടാകും. നേരെ മറിച്ചു രണ്ടും യുഗ്മരാശി എങ്കിൽ സ്ത്രീ സന്താനങ്ങളുണ്ടാകും. അഞ്ചിൽ 2 പാപന്മാർ ഇരുന്നാൽ വളരെ പുത്രന്മാരുണ്ടാകും. ഒരു പാപൻ മാത്രമേ ഉള്ളുവെങ്കിൽ സന്താനനാശമുണ്ടാകും. 7-ാംഭാവാധിപൻ 5 ൽ ശനിച്ചു നില്ക്കുന്നതായാൽ സന്താനമോ ഐശ്വര്യമോ ഉണ്ടാകുകയില്ല. 5 ൽ രാഹുനിന്നാലും സന്താനനാശമുണ്ടാകും. 5-ാംഭാവാധിപൻ ലഗ്നത്തിലും ലഗ്നാധിപൻ 5 ലും നിന്നാൽ പുത്രന്മാർ ഉണ്ടാകുകയില്ല. ലഗ്നാധിപൻ 5-ാംഭാവാധിപൻ വ്യാഴം ഇവരുടെയും, ഇവർ നില്ക്കുന്ന രാശിനാഥന്മാരുടെയും, ഇവർ അംശിച്ച രാശിനാഥന്മാരുടെയും, 7-ാംഭാവനാഥന്റെയും 7 ൽ നില്ക്കുന്നഗ്രഹത്തിന്റെയും ദശാന്തർദശാകാലങ്ങളിൽ പുത്രലാഭം ഉണ്ടാകും. സാമാന്യമായി 5 ൽ സൂര്യൻ നിന്നാൽ ബുദ്ധിമാനും, അല്പപുത്രന്മാർ മാത്രം ഉള്ളവനും, പിതൃനാശംകൊണ്ട് ദുഃഖിയും, അസുഖിയും, കലാവിദഗ്ദ്ധനും, നയകോവിദനും, ചന്ദ്രൻ നിന്നാൽ സുശീലനും, സമർത്ഥനും, അനവധി

സ്ത്രീസന്താനങ്ങളും ഉള്ളവനാം, കുജൻ നിന്നാൽ എല്ലാവരാലും വെറുക്കപ്പെടുന്നവനാം, സന്താനമില്ലാത്തവനാം, ബുദ്ധിമന്ദനും, ചപലനും, ആഭരണങ്ങളൊന്നുമില്ലാത്തവനാം, ധീരനാം, ബുധൻ നിന്നാൽ ജ്ഞാനിയും, കവിയും, രോഗികളായ മാതാപിതാക്കളും ഉള്ളവനാം, നല്ല രണനിപുണതയുമുള്ളവനാം, വ്യാഴം നിന്നാൽ വലിയ കണ്ണുകളുള്ളവനാം സുന്ദരനാം, ചിന്താശീലനാം, ഫലിതകാരനാം, ധനവും, സമർത്ഥന്മാരായ പുത്രന്മാർ ഉള്ളവനാം, ശുക്രൻ നിന്നാൽ ബുദ്ധിമാനാം, വിദ്യാസമ്പന്നനാം, ധൈര്യവും, അനവധിപുത്രന്മാർ ഉള്ളവനാം, ശനി നിന്നാൽ അല്പ ബുദ്ധിയും, പുത്രരില്ലാത്തവനാം, രാഹു നിന്നാൽ പുത്രരില്ലാത്തവനാം, ക്രൂരനാം, കേതു നിന്നാൽ പാപിയും ദുർബുദ്ധിയും പുത്രരില്ലാത്തവനാം, ഗുളികൻ നിന്നാൽ പുത്രരില്ലാത്തവനാം, അല്പായുസ്സും ആയിരിക്കും. 5-ാംഭാവാധിപനോ വ്യാഴമോ എത്ര അംശകങ്ങളിൽ ചെന്നിട്ടുണ്ടോ അത്രയുമോ, 5-ാംഭാവം ലഗ്നത്തിന്റെ എത്രാമത്തെ അംശകത്തിലായി വരുമോ അത്രയും സന്താനങ്ങൾ ജാതകനുണ്ടാകും.

6-ാംഭാവം—6 ൽ രണ്ടോ അതിലധികമോ അശുഭന്മാർ നിന്നാൽ ജാതകൻ നിരന്തരം രോഗിയും, ഇതിലേക്ക് ശുഭദൃഷ്ടിമാത്രമെങ്കിലുമുണ്ടെങ്കിൽ ഇടക്ക് മാത്രം രോഗിയും ആയിരിക്കും. 6-ാംഭാവാധിപൻ ലഗ്നത്തിലോ അഷ്ടമത്തിലോ പാപന്മാരോടുകൂടി ശുഭവീക്ഷണമില്ലാതെ നിന്നാൽ ജാതകൻ സുഖക്കേടുകാരനായിരിക്കും. ചന്ദ്രൻ സൂര്യൻ ഷഷ്ഠഭാവാധിപൻ ഇവർ സൂര്യനോടുകൂടിയും രാഹുവോടുകൂടിയും നിന്നാൽ ജാതകന് ഉഷ്ണരോഗങ്ങളും ഉണ്ടാകും. ലഗ്നാധിപനും 6-ാംഭാവനാഥനും; ചന്ദ്രനോടുകൂടി നിന്നാൽ വെള്ളത്തിൽവീണ് ജാതകന് കേട്സംഭവിക്കും. ലഗ്നാധിപനോടുകൂടി കുജൻ നിന്നാൽ യുദ്ധത്തിൽ നാശം സംഭവിച്ചേ

കും. ശുക്രൻ 6-ാംഭാവാധിപനോടുകൂടിയോ, സൂര്യൻ ചൊവ്വയോടുകൂടിയോ ദുർബലരായി ദുഃസ്ഥാനങ്ങളിൽ നിന്നാൽ രാജാവിൽനിന്ന് ഭയത്തിനും ധനനഷ്ടത്തിനും ഇടവരുന്നതാണ്. 6-ാംഭാവാധിപൻ 10 ൽ ശുക്രദൃഷ്ടിയോടുകൂടി നില്ക്കുന്നതും ദോഷത്തെകാണിക്കുന്നു. ചന്ദ്രൻ 6,8,12 രാശിയിൽ ശനി, രാഹു, ഗുളികൻ ഇവരോടുകൂടി നില്ക്കയും ചന്ദ്രനെ ലഗ്നാധിപൻ നോക്കുകയും ചെയ്താൽ ദുർമരണം ഉണ്ടാകും. സൂര്യനും കുജനും പരസ്പരദൃഷ്ടിയും. സൂര്യന്റെ ക്ഷേത്രത്തിലോ അംശകത്തിലോ കുജനും, കുജക്ഷേത്രത്തിലോ അംശകത്തിലോ സൂര്യനും നിന്നാൽ യുദ്ധത്തിൽ മരണം സംഭവിക്കുന്നതാണ്. ശുഭഗ്രഹങ്ങളെല്ലാം അസ്തമിക്കപ്പെട്ടവരായി ദുർബ്ബലന്മാരായി പാപഗ്രഹങ്ങളോടുകൂടി നിന്നാൽ ജാതകൻ എല്ലാകാര്യങ്ങളിലും അപജയം പറ്റുന്നവനായിരിക്കും. ചന്ദ്രൻ 6 ൽ കുജനോടുകൂടിയോ ഗം ചെയ്താൽ രക്തസ്രാവരോഗങ്ങളും പരസ്ത്രീഗമനമോ ഉണ്ടാകും. കേതു 6 ൽ പാപഗ്രഹങ്ങളുടെ ദൃഷ്ടിയോടുകൂടി നിന്നാൽ ജാതകന് കുഷ്ഠരോഗം മുതലായ രോഗങ്ങൾ ഉണ്ടാകും. ലഗ്നാധിപൻ പൂർണ്ണബലവാനും, ശനിയും, കുജനും, രവി ബുധാദികളുടെ ദൃഷ്ടിയോടെ 6 ൽ നില്ക്കയും ചെയ്താൽ ജാതകൻ ബാല്യത്തിൽ രോഗിയുമായിരിക്കും. ശനി ഗുളികനോടുചേർന്ന് രവി ചന്ദ്രന്മാരുടെ ദൃഷ്ടിയോടെയും, ശുഭദൃഷ്ടിയില്ലാതെയും 6 ൽ നിന്നാലും ബാലാരിഷ്ടരോഗിയായിരിക്കും. ചന്ദ്രൻ 6 ലും ശനി 8 ലും, അർക്കൻ 12 ലും ലഗ്നാധിപൻ പാപഗ്രഹങ്ങളോടുകൂടിയും ഇരുന്നാൽ പീനസരോഗവും, 6-ാംഭാവാധിപൻ ശുഭദൃഷ്ടിയോടെ കേന്ദ്രത്തിലിരിക്കയും, 6 ൽ അധികം ഗ്രഹങ്ങൾ നില്ക്കയും ചെയ്താൽ നേത്രപീഡയും, ലഗ്നാധിപൻ 6 ലും 6-ാംഭാവാധിപൻ ലഗ്നത്തിൽ ശനി രാഹു ഗുളികൻ ഇവരോടുകൂടി

ലും നിന്നാൽ നിരന്തരമൂത്രപീഡയും, ഉണ്ടാകും. ഇന്ദുശു ക്രന്മാർ 6-ാംഭാവാധിപനോടുകൂടി ലഗ്നത്തിൽ ഇരിക്കുകയും, അവരെ ശനി കണ്ടാലുകൾ ദൃഷ്ടിചെയ്യുകയും ചെയ്താൽ സ്വജനങ്ങൾ ശത്രുക്കളായിതീരും. ലഗ്നാധിപൻ ശുക്രയോഗം ചെയ്യുകയും, 6 ൽ ചന്ദ്രനെ ദൃഷ്ടിനില്ക്കുകയും, കേന്ദ്രത്രികോണങ്ങളിൽ പാപന്മാർ നില്ക്കുകയും ചെയ്താൽ സ്വജനങ്ങളെവിട്ടു ദൂരസ്ഥാനത്തിൽ വസിക്കും. 9-ാംഭാവാധിപൻ 8-ാംഭാവാധിപന്റെ ദൃഷ്ടിയോടെ 6 ൽ ഇരിക്കുകയും, 6-ാംഭാവാധിപൻ രവി ശനി ഇവരോടുകൂടി യോഗവും ചെയ്താൽ ശത്രുവർഗ്ഗത്തിൽനിന്നും അഗ്നിയിൽനിന്നും പീഡയുണ്ടാകും. 6 ൽ ചന്ദ്രനും വ്യാഴവും നിന്നാൽ 22 വയസ്സിനകത്തു് കുഷ്ഠരോഗിയായിത്തീരും. 6 ൽ രാഹുവും 8 ൽ ലഗ്നാധിപനും, കേന്ദ്രത്തിൽ ഗുളികനും നിന്നാൽ 26 വയസ്സിനകത്തു് അപസ്മാരരോഗിയായിത്തീരും. 12-ാംഭാവാധിപൻ 6 ലും, 6-ാംഭാവാധിപൻ 12 ലും നിന്നാൽ 30 വയസ്സിനകത്തു് വയറ്റിൽ ജലോദരമായിത്തീരും. ലഗ്നാധിപൻ ലഗ്നത്തിലും, ശനി 6 ലും നിന്നാൽ വാർദ്ധക്യത്തിൽ വാതരോഗവും, ലഗ്നാധിപൻ 6 ലും, 12-ാംഭാവാധിപൻ ലഗ്നത്തിലും, ചന്ദ്രൻ 6-ാംഭാവാധിപനോടുകൂടിയും ഇരുന്നാൽ ബാല്യത്തിൽ മൃഗങ്ങളിൽ നിന്നും പീഡയും ഉണ്ടാകും. ലഗ്നത്തിൽനിന്നു് 6 ലോ 8 ലോ രാഹുവും, രാഹുവിന്റെ അംശത്തിൽ ശനിയും നിന്നാൽ ജനിച്ചു് ഒരു കൊല്ലത്തിനകം അഗ്നിപീഡയുണ്ടാകും. 6 ലോ 8 ലോ സൂര്യനും, സൂര്യന്റെ 12 ൽ ചന്ദ്രനും ഇരുന്നാൽ 9 വയസ്സിനകത്തു് ജലഭീതിയുണ്ടാകും. 11-ാംഭാവാധിപൻ 6 ലും 6-ാംഭാവാധിപൻ 11 ലും നിന്നാൽ 41 വയസ്സിലോ 31 വയസ്സിലോ ശത്രുനിമിത്തം ധനനാശം ഉണ്ടാകും. 5-ാംഭാവാധിപൻ 6 ലും 6-ാംഭാവാധിപൻ ഇരുവരോടുകൂടിയും

12-ാം ഭാവാധിപൻ ലഗ്നത്തിലും ഇരുന്നാൽ ജാതകന്റെ പുത്രന്മാർ ശത്രുക്കളായി ഭവിക്കും. സാമാന്യമായി, സൂര്യൻ 6 ൽ നിന്നാൽ സാമുദായികമായ ആചാരങ്ങളെ ലംഘിക്കുന്നവനും, ജ്ഞാനനിപുണനും, ധീരനും, ഭാഗ്യോദ്യുക്തനും, വിജയിയും, ശത്രുക്കൾക്ക് ഭയമുളവാക്കുന്നവനും, ചന്ദ്രൻ നിന്നാൽ സ്ത്രീകൾ പറഞ്ഞത് കേൾക്കുന്നവനും, മടിയനും, ബുദ്ധിമാനും, ഉപദ്രവംകുറഞ്ഞവനും, വണ്ണംകുറഞ്ഞവനും, മെലിനനും, മദ്യപാനിയും, കള്ളനും, വയറ്റിൽവേദനക്കാരനും, അനവധിശത്രുക്കൾ ഉള്ളവനും, കുജൻ നിന്നാൽ വിജയിയും, ധാരാളം ഭ്രാതൃക്കൾ ഉള്ളവനും, ധനികനും അനുഗ്രഹിയും, ബുദ്ധിമാനും ഇന്ദ്രിയപ്രവർത്തകനും, ശക്തിമാനും, അടുത്തബന്ധുക്കളുടെ അലട്ടലിന്ന് മനഃക്ലേശമുള്ളവനും ബുധൻ നിന്നാൽ ബുദ്ധിമാന്ദ്യനും, വിദ്യാഭ്യാസത്തിന് തടസ്സമുള്ളവനും, കലഹിയും, പരപുച്ഛകാരനും, ധനനഷ്ടമുള്ളവനും, കിലുകൾക്ക് ദോഷമുള്ളവനും, വ്യാഴം നിന്നാൽ നിർഭാഗ്യനും, അർശോരോഗിയും, ഫലിതക്കാരനും പിതൃകാർയ്യങ്ങളിലും അപജയം പറയുന്നവനും, ബുദ്ധിമാനും, ശുക്രൻ നിന്നാൽ ശത്രുക്കളെ നശിപ്പിക്കുന്നവനും, ചീത്തസ്വഭാവിയും അല്പനും സ്ത്രീകളോട് ഇഷ്ടമുള്ളവനും നല്ല ലോകപരിചയമുള്ളവനും, കോപിഷ്ഠനും, ശനി നിന്നാൽ രോഗിയും, ബധിരനും, അല്പപുത്രന്മാർ ഉള്ളവനും, ഉദരരോഗിയും, കലഹക്കാരനും; അഹംഭാവിയും; രാഹു നിന്നാൽ സുഖിയും; ശത്രുക്കളില്ലാത്തവനും; ഉദരരോഗിയും കേതു നിന്നാൽ വ്യഭിചാരപ്രിയനും; സ്വകാര്യമായി സംരക്ഷണം ചെയ്യുന്നവനും; ഉദരരോഗിയും അറിവുള്ളവനും; ഗുളികൻ നിന്നാൽ ക്രൂരനും; സപത്നീജാത പുത്രന്മാരുള്ളവനും; ശത്രുഹരിയുമായിരിക്കും.

7-ാം ഭാവം— 2, 6 ഭാവാധിപന്മാർ പാപഗ്രഹങ്ങളോടുകൂടി 6-ലും 7-ാം ഭാവാധിപൻ ലഗ്നത്തിലും നിന്നാൽ ജാത

കൻ ചാരിത്രമില്ലാത്തവനായിരിക്കും. 7-ാം ഭാവാധിപൻ രാഹുവിനോടോ കേതുവിനോടോ യോഗം ചെയ്യുകയും, കളത്രത്തെയോ തനിയെയോ വീക്ഷിക്കുകയും, ശുക്രൻ ദുർബ്ബലനായിരിക്കുകയും ചെയ്താൽ ചെറുപ്പത്തിൽ ജാതകൻ ദുർമ്മാർഗ്ഗിയായിരിക്കും. 7-ൽ ദുർബ്ബലനായ ചന്ദ്രൻ പാപഗ്രഹങ്ങളോടുകൂടി നിന്നാൽ ജാതകൻ തീരെ ചാരിത്രമില്ലാത്തവനായിരിക്കും. ശുക്രൻ 2, 7, 6 ഭാവാധിപന്മാരോടുകൂടി 6-ൽ നിന്നാലും ദുർമ്മാർഗ്ഗിയായിരിക്കും. 7-ൽ ശുക്രൻ നിന്നാൽ ജാതകൻ ഏതെന്നില്ലാതെ കാമാസക്തിയുള്ളവനായിരിക്കും. 7-ൽ ബുധൻ ശുക്രനോടുകൂടി നിന്നാൽ പരസ്ത്രീനിരതനായിരിക്കും. 7-ൽ വ്യാഴം അനിഷ്ടവീക്ഷണമില്ലാതെ സ്ഥിതി ചെയ്താൽ ജാതകൻ ഉൽകൃഷ്ട ചാരിത്ര്യമുള്ളവനായിരിക്കും. 5-ാംഭാവാധിപൻ 7-ലും, 7-ാംഭാവാധിപൻ അനിഷ്ടഗ്രഹങ്ങളോടുകൂടിയും, ശുക്രൻ ദുർബ്ബലനായും നിന്നാൽ ജാതകന്റെ ഭാര്യ ഗർഭമലഞ്ഞ് മരിക്കും. 2, 7 ഭാവനാഥന്മാർ സ്വക്ഷേത്രസ്ഥിതരാണെങ്കിൽ ഒരു ഭാര്യ മാത്രമേ ഉണ്ടാകുകയുള്ളൂ. 7-ാംഭാവാധിപൻ ഉച്ചനായി കേന്ദ്രത്തിൽ നിന്നാലും ഒരു ഭാര്യ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. 7-ാംഭാവം ചരരാശിയിലും, 7-ാംഭാവാധിപൻ നീചനോ ബലഹീനനോ ആണെങ്കിലും ഒന്നിലധികം ഭാര്യമാരുണ്ടാകും. 7, 12 ഭാവാധിപൻ ശുക്രനും ആ ശുക്രൻ 9-ൽ നില്ക്കുകയും ആ ശുക്രനെ തനി വീക്ഷിക്കുകയും ചെയ്താൽ ജാതകന് ഒന്നിലധികം ഭാര്യമാരുണ്ടാകും, 7-ാംഭാവാധിപൻ 6-ൽ രാഹുവിന്റെ ദൃഷ്ടിയോടുകൂടിയും ശുഭദൃഷ്ടിയില്ലാതെയും നിന്നാൽ രണ്ടു വിവാഹങ്ങൾ ഉണ്ടാകും. 7-ഉം 10-ഉം ഭാവാധിപന്മാർ പരസ്പരം മാറി ഭാവങ്ങളിൽ നില്ക്കുകയും 2-ാംഭാവാധിപൻ ബന്ധുക്ഷേത്രത്തിൽ അംശിക്കുകയും ചെയ്താൽ ജാതകന്റെ വിവാഹജീവിതം സുഖകരമായിരിക്കും. 3 കേന്ദ്രങ്ങളിലും ശുഭയോഗം ഉണ്ടെങ്കിൽ വിവാഹജീ

വിതം കഷ്ടതരമായിരിക്കും. 2, 7, 10 ഭാവനാഥന്മാർ 10-ൽ നിന്നാൽ ജാതകൻ ജാരവൃത്തിക്കാരനും. ശുക്രൻ നീചരാശിയിൽ നില്ക്കയോ, ചന്ദ്രൻ നീചമുണ്ടായിരിക്കുകയോ ചെയ്താൽ ഭാര്യക്ക് ജാരപ്രിയത്വമുണ്ടാകും. സൂര്യനോ ശുക്രനോ 7-ാം ഭാവാധിപനായി ശുഭയോഗമൊന്നുമില്ലാതെ ദൃഷ്ടിയോടുകൂടി നില്ക്കയും, 7-ൽ വ്യാഴം നില്ക്കയും ചെയ്താൽ ജാതകന്റെ ഭാര്യ പതിവ്രതയും ധർമ്മിഷ്ഠയുമായിരിക്കും. ചന്ദ്രൻ 7-ലും ചന്ദ്രരാശ്യധിപൻ 12-ലും, ശുക്രൻ ദുസ്ഥാനത്തും നിന്നാൽ ജാതകൻ ഭാര്യാസുഖമില്ലാത്തവനായിരിക്കും. ബലവാനായ ബുധൻ 10-ലും, ചന്ദ്രൻ 9-ലും നിന്നാൽ ജാതകൻ ബഹുഭാര്യനായിരിക്കും. 11-ഉം 7-ഉം ഭാവാധിപന്മാർ ഒരുമിച്ചു നില്ക്കയോ പരസ്പരം വീക്ഷിക്കുകയോ ചെയ്താൽ ബഹുഭാര്യനാകും. ഏഴാംഭാവാധിപൻ ശുഭക്ഷേത്രത്തിൽ ഇരിക്കുമ്പോഴോ ശുക്രൻ സ്വക്ഷേത്രത്തിലോ ഉച്ചത്തിലോ നിന്നാൽ വിവാഹം വളരെ ചെറുപ്പത്തിൽ നടക്കും. 7-ാംഭാവാധിപൻ ബലവാനായിരിക്കുകയും വ്യാഴം ആ ഭാവനാഥനെ വീക്ഷിക്കുകയും ചെയ്താൽ ഭാര്യ ചാരിത്ര്യവതിയായിരിക്കും 7-ാംഭാവാധിപൻ ശുഭഗ്രഹയോഗം ചെയ്ത് ശുഭവീക്ഷണത്തോടെ ശുഭഗ്രഹക്ഷേത്രത്തിൽ സ്ഥിതിചെയ്താൽ ഭാര്യ പ്രേമവതിയും ചാരിത്ര്യവതിയുമായിരിക്കും. ഏഴാംഭാവാധിപനും ശുക്രനും ശുഭക്ഷേത്രങ്ങളിൽ ഇരിക്കുകയും കർമ്മാധിപൻ ബലവാനായിരിക്കുകയും ചെയ്താലും ഭാര്യ ഗുണവതിയായിരിക്കും. 7-ൽ കുജൻ നിന്നാൽ ഭാര്യാവിരഹം അനുഭവിക്കും. ആ കുജനെ ശനി ദൃഷ്ടിചെയ്താൽ ഭാര്യ മരിക്കും. ശുഭവീക്ഷണമുണ്ടെങ്കിൽ ഭാര്യ രോഗി മാത്രമായിരിക്കും. ലഗ്നാൽ 7-ാംഭാവം ഏകമായിരിക്കയും അവിടെ ബുധൻ നില്ക്കയും ചെയ്താൽ ആദ്യത്തെ ഭാര്യ മരിക്കും. 7-ൽ രാഹുവും; സൂര്യനുമൊരുമിച്ച് നിന്നാൽ ഭാര്യ ജാരിണിയും അഥവാ ദുഷ്ടകം

നിമിത്തം സകലരും നശിപ്പിച്ചുകളയും. 5; 7, 9 ഭാവങ്ങളിൽ ചില ക്രൂരന്മാർ ഒരുമിച്ചു നിന്നാൽ ഭർത്താവ് അന്യദേശവാ ചൃമനമകം. 7-ാംഭാവത്തിൽ നില്ക്കുന്നഗ്രഹം, ആ ഭാവത്തിലേക്ക് വീക്ഷിക്കുന്ന ഗ്രഹങ്ങൾ ഭാവാധിപൻ, ഭാവാധിപന്റെ അംശകരാശ്യാധിപൻ ശുക്രൻ, ചന്ദ്രൻ, ലഗ്നാധിപന്റെ അംശകരാശ്യാധിപൻ ഇത്ര ഇവരുടെ ദശാന്തർദ്ദശാകാലങ്ങളിൽ വിവാഹം നടക്കും. ശുക്രൻ, ലഗ്നാധിപൻ, 7-ാംഭാവാധിപൻ, ചന്ദ്രലഗ്നാധിപൻ ഇവർ ലഗ്നത്തിൽ നിന്നു 7-ാംരാശി, 7-ാംഭാവാധിപൻ ഇരിക്കുന്നരാശി, ഇതുകളുടെ 7-ാംരാശികൾ, 9-ാംരാശി 5-ാംരാശി ഇതുകളിൽ സഞ്ചരിക്കുന്നകാലത്തും, 7-ാംഭാവാധിപൻ അംശിച്ചരാശിയിൽ സഞ്ചരിക്കുന്ന കാലത്തും ഇതുകളുടെ 5, 9 രാശികളിൽ സഞ്ചരിക്കുന്നകാലത്തും വിവാഹം നടക്കുന്നതാണ്. സാമാന്യമായി 7-ൽ സൂര്യൻനിന്നാൽ വളരെ വയസ്സായശേഷം വിവാഹിതനാകുകയും, ദുർബ്ബുദ്ധിയായിരിക്കുകയും ദൈവവിശ്വാസമില്ലാതിരിക്കുകയും, സഞ്ചാരപ്രിയനായിരിക്കുകയും ചെയ്യും. ചന്ദ്രൻ നിന്നാൽ സ്ത്രീകളിൽ അത്യാസക്തനും സുന്ദരിയായ ഭാര്യയുള്ളവനും, അല്പനും, നല്ലകുടുംബത്തേയും, അസൂയാലുവും, പലകാര്യങ്ങളിലും പരിചയവും അറിവുള്ളവനും, കുജൻ നിന്നാൽ ചപലഭാര്യനും, ഭാര്യമരണമനുഭവിക്കുന്നവനും, അപജയകാരനും, നയമില്ലാത്തവനും, ബുദ്ധിമാനും, ഉഗ്രപ്രകാരനും, ബുധൻ നിന്നാൽ നയജ്ഞനും, സമർത്ഥനും സകലകർമ്മ ആനന്ദപ്രിയനും, സാഹിത്യകാരനും, ചെറുപ്പത്തിൽ വിവാഹം കഴിക്കുന്നവനും, സുന്ദരിയും പതിവ്രതയും ആയ ഭാര്യയുള്ളവനും, ഭാര്യനിമിത്തം ധനികനും, വിദ്യാഭ്യാസത്തിന് തടസ്സമുള്ളവനും, ജ്യോത്സ്യജ്ഞാനിയും, ദൈവവിശ്വാസമുള്ളവനും, ധർമ്മനിരതനും, ദൃഢചിത്തനും, വ്യാഴം നിന്നാൽ ബുദ്ധിമാനും, ശരീരമനി

യും നല്ല ഭാൎയ്യയുള്ളവനും, ദീൎഘായുസ്സുള്ളവനും, കൃഷിശൌൎയ്യമുള്ളവനും, വിദ്വാന്മാൎക്ക് ദാസനുമായവനും, തീൎത്ഥയാത്രക്ക് ഭാഗ്യമുള്ളവനും, ശുക്രൻ നിന്നാൽ ക്ഷമയില്ലാത്തവനും, ദുൎമ്മാൎഗ്ഗിയും, പരസ്ത്രീനിരതനും, അസുഖകരമായ വിവാഹാദികളിലും നയിക്കുന്നവനും, ശനി നിന്നാൽ രണ്ടിലധികം ഭാൎയ്യമാരുള്ളവനും, ഉത്സാഹിയും, രോഗിയും, ബധിരനും, സമൎത്ഥനും, ശാസ്ത്രീയകാൎയ്യങ്ങളിൽ വിജയിയും, ഗുരുജനദ്വേഷം ചെയ്യുന്നവനും, ബഹുമതികൾക്കൎഹനും, ഭാൎയ്യാസുഖമില്ലാത്തവനും, രാഹു നിന്നാൽ ഗൎഭപാത്രസംബന്ധമായ രോഗങ്ങളുള്ള ഭാൎയ്യയും, അസുഖവും, പ്രമേഹരോഗവും ഉള്ളവനും, കേതു നിന്നാൽ പ്രേമവതിയായ ഭാൎയ്യയുള്ളവനും, ഗുളികൻ നിന്നാൽ എല്ലാവരാലും വെറുക്കപ്പെടുന്നവനും, ബഹുഭാൎയ്യനുമായിരിക്കും.

8-ാം ഭാവം — 8-ാം ഭാവാധിപൻ 12-ാം ഭാവാധിപനോടും അഷ്ടമനോടും കൂടി നിന്നാൽ അല്പായുസ്സായിരിക്കും. ലഗ്നാധിപനും, 8-ാം ഭാവാധിപനും കൂടി 6 ൽ നിന്നാലും, അല്പായുസ്സായിരിക്കും. ലഗ്നാധിപൻ അഷ്ടമാധിപനോടുകൂടി ശുഭരാശിയിൽ നിന്നാൽ ദീൎഘായുസ്സായിരിക്കും. 8-ൽ അശുഭഗ്രഹങ്ങൾ നിന്നാൽ ജാതകൻ പെട്ടെന്ന് മരിക്കും. ശനി 12ലും, അഷ്ടമാധിപൻ 2 ൽ ചന്ദ്രനോടുകൂടിയും നിന്നാൽ 21 വയസ്സിൽ ജാതകൻ മരിക്കും. 8-ാം ഭാവാധിപൻ 5 ൽ ചന്ദ്രനോടുകൂടിയും, 10-ാം ഭാവാധിപൻ 2 ൽ അശുഭഗ്രഹത്തോടുകൂടിയും നിന്നാൽ 2 വയസ്സിൽ മരിക്കും. കേന്ദ്രങ്ങളിൽ ശുക്രൻ നില്ക്കുകയും, ലഗ്നാധിപൻ വ്യാഴയോഗത്തോടുകൂടിയോ വ്യാഴവീക്ഷണത്തോടുകൂടിയോ നില്ക്കുകയും ചെയ്താൽ ജാതകൻ ദീൎഘായുസ്സായിരിക്കും. ലഗ്നാധിപൻ 8, 10 ഭാവാധിപന്മാരോടും ശനിയോടും കൂടി കേന്ദ്രത്തിൽ നിന്നാൽ ജാതകൻ ദീൎഘായുസ്സായിരി

ക്കും. 2-ാംഭാവാധിപൻ 6-ാംഭാവാധിപനോടും ശനിയോ ടുംകൂടി 3, 6, 12 ഭാവങ്ങളിൽ നിന്നാൽ വിഷഭയമുണ്ടാ കും. 3-ാംഭാവാധിപൻ ബുധശുക്രന്മാരോടും വ്യാഴത്തി ന്റേയും വീക്ഷണത്തോടുകൂടി ശുഭസ്ഥാനങ്ങളിൽ നിന്നാൽ അ നവധി സഹോദരന്മാർ അനുകൂലികളായ് ഭവിക്കും. 8-ാം ഭാവത്തിൽ നിന്നിരിക്കുകയും കുജൻ അതിനോട് വീക്ഷിക്കുക യും ചെയ്യുമ്പോൾ സഹോദരന്മാർ കഷ്ടതയനുഭവിക്കും. 8-ാംഭാവാ ധിപൻ പാപരാശിയിൽ നില്ക്കുകയും, 8 ഭാവത്തിൽ ശനിയിരിക്കു കയും ചെയ്യുമ്പോൾ സഹോദരന്മാർ വിദേശത്തും, ശനാശനിച്ച് ഒരു സ്ഥിരരാശിയെങ്കിൽ സമത്വത്തിൽ സ്വഗൃഹത്തിൽവെച്ചും സഹോദരൻമരിക്കും. സാമാന്യമായി രവി ഭാഗ്യത്തിൽ നിന്നാ ൽ ദീർഘായുസ്സും നിർദ്ദയത്വവും, ക്രൂരപ്രകൃതിയും, നേത്ര രോഗവും ദാരിദ്ര്യവും അല്പതയും ഉള്ളവനാം, ചന്ദ്രൻ നിന്നാൽ രോഗിയും; കൃശനുമാകും; ക്ഷയിതമതിയും ചപലചിത്തനാം മിത്രസൗഖ്യമില്ലാത്തവനാം; അല്പസന്താനങ്ങളും മിത്രങ്ങളുള്ളവനാം കുജൻ നിന്നാൽ അല്പായുസ്സും; ബന്ധുവിരോധിയും; വ്യഭി ചാരവൃത്തിയിൽ തല്പരനും; ബുധൻ നിന്നാൽ ദീർഘായുസ്സും, അനവധി സന്താനങ്ങളും ഉള്ളവനാം; ധൈര്യവും, ബുദ്ധിമാന്ദ്യ നാം; വ്യാഴം നിന്നാൽ അസുഖിയും; ദീർഘായുഷ്മാനാം: അല്പ നാം; പിത്തരോഗപീഡിതനാം; അപമാനിതനാം; ശുക്രൻ നി ന്നാൽ മിത്രസൗഖ്യം കുറഞ്ഞവനാം; സുഖിയും; ദുഃഖപീഡിത നാം; അല്പായുസ്സും; അനവധിസന്താനങ്ങൾക്കു ക്ലേശകനാം; കാ ര്യത്തിന് ശാന്തിയില്ലാത്തവനാം, വൈവാഹിക കാര്യങ്ങളിൽ നിർഭാഗ്യനാം; ശനിനിന്നാൽ ചപലബുദ്ധിയനാം; ദരിദ്രനാം; ക ലിയനാം; ദൈവഭക്തനാം, നേത്രരോഗിയും, സമർത്ഥനാം, അറിവു ള്ളവനാം, കാമസക്താസക്തരോഗിയും, അസത്യവാദിനാം; നന്ദിയി ല്ലാത്തവനാം; ക്രൂരനാം ദീർഘായുഷ്മാനാം; രാഹു നിന്നാൽ അപ കീർത്തിതനാം; കലഹിയും അല്പനാം; ദുർമ്മദിയും; കേതുനി

ന്നാൽ മൂഢനാം; ഗുളികൻനിന്നാൽ ദുസ്സാമർത്ഥ്യനാം. നേത്രരോഗിയും; കുരൂപനും ആയിരിക്കും.

9-ാം ഭാവം — 9 ൽ ശുഭഗ്രഹങ്ങൾ നില്ക്കുകയും 9-ാം ഭാവാധിപന് ശുഭയോഗം ഉണ്ടായിരിക്കുകയും ചെയ്താൽ ജാതകൻ ചാരിത്ര്യമുള്ളവനും, 9-ാം ഭാവാധിപൻ വ്യാഴത്തിനോടുകൂടി അംശകം ചെയ്താൽ ജാതകൻ ധർമ്മിഷ്ഠനും ആയിരിക്കും. 9 ൽ ശുക്രൻ കേതു രവി ഇവർനിന്നാൽ ജാതകന് പലവിദ്യകളിലും അറിവുണ്ടാകും. 9 ൽ കേതുനിന്നാൽ ജാതകൻ [illegible]നായിരിക്കും. 9-ാം ഭാവാധിപൻ 4 ൽ ശനിയുടെ വീക്ഷണത്തോടുകൂടി നിന്നാൽ ജാതകൻ ധർമ്മനിഷ്ഠനും അസാമാന്യമായ കർമ്മമനുഷ്ഠിക്കുന്നവനും, കോപിഷ്ഠനുമായിരിക്കും. ലഗ്നാധിപനും 9-ാം ഭാവാധിപനും ശക്തിയുള്ളവരായിരിക്കുകയും; രവി ശുഭന്മാരാൽ വീക്ഷിക്കപ്പെടുകയും ചെയ്താൽ ജാതകൻ പിതാവിനോട് അനുസരണയുള്ളവനായിരിക്കും. 9-ാം ഭാവാധിപൻ കേന്ദ്രത്രികോണങ്ങളിൽ സ്ഥിതിചെയ്യുകയും; വ്യാഴം അതിനെ വീക്ഷിക്കുകയും ചെയ്താൽ ജാതകൻ വേദാന്തിയായിരിക്കും. 9 ൽ രാഹുവും ശനിയും ഒരുമിച്ചായി നിന്നാൽ ജാതകൻ ക്രൂരനും പാവപ്പെട്ടവരെ ഉപദ്രവിക്കുന്നവനും ആയിരിക്കും. കേതുവും ചന്ദ്രനും 9 ലും വ്യാഴം 2 ലും; ബുധൻ 5 ലും; സൂര്യൻ 6 ലും ശുക്രൻ 7 ലും നിന്നാൽ ജാതകൻ കോടീശ്വരനായിരിക്കും. ലഗ്നാധിപൻ 9-ഉം 5-ഉം ഭാവാധിപന്മാരോടുകൂടിനിന്നാൽ ജാതകന് ധനവർദ്ധനവും അനവധി പുത്രന്മാരുമുണ്ടാകും. 9-ാം ഭാവാധിപൻ ബുധനായിരിക്കയും; 9-ാം ഭാവത്തെ ബുധൻ വീക്ഷിക്കുകയും ചെയ്യുകയും; വ്യാഴം ബലവാനായിരിക്കുകയും ചെയ്താൽ ജാതകൻ തത്വചിന്തകനായിരിക്കും. സാമാന്യമായി 9 ൽ രവിനിന്നാൽ ജാതകൻ ധർമ്മിഷ്ഠനും; ഈശ്വരവിശ്വാസിയും; ഐശ്വര്യവാനും; വിജയിയും; അനുസരണയുള്ള

പുത്രന്മാരുള്ളവനും; [illegible] ഉള്ളവനും; [illegible]ചിത കനും; [illegible]; ഉത്സാഹിയും; ശാസ്ത്രങ്ങളിൽ അറിവുള്ളവനും; ചന്ദ്രൻ നിന്നാൽ പരോപകാരിയും; വിദ്യ സമ്പന്നനും; [illegible]; ധർമ്മിഷ്ഠനും; ധനികനും; [illegible] [illegible]ള്ളവനും; [illegible] ധനികനും; കീർത്തിമാനും; എല്ലാവർക്കും ഇഷ്ടനും; കുജൻ നിന്നാൽ ക്രൂരനും; [illegible] [illegible]; [illegible]; തൻ്റെ കാര്യം മാത്രം നോക്കുന്നവനും; [illegible]; [illegible]നും; ബുധൻ നിന്നാൽ നല്ല വിദ്യാഭ്യാസമുള്ളവനും; സംഗീത വിശാരദനും; അനവധി സമ്പത്തുകളുള്ളവനും; ഉദാരനും, [illegible]; [illegible]; കീർത്തിയും; [illegible]; വ്യാഴം നിന്നാൽ ധർമ്മിഷ്ഠനും; ഈശ്വരോപാസിയും; [illegible]; [illegible]യും; [illegible]; [illegible], നല്ല സംസ്കാരം സിദ്ധിച്ചവനും; [illegible]; [illegible]; മന്ത്രിമാരുടെ [illegible] ഉള്ളവനും; [illegible]ഉള്ളവനും; ശുക്രൻ നിന്നാൽ സമ്പത്തിയും പിതൃധനങ്ങളെ [illegible] ഉള്ളവനും വിജയിയും; കലാസ്വാദിയും; ഈശ്വരോപാസിയും; ശനി നിന്നാൽ [illegible]; ധർമ്മിഷ്ഠനും; പിശുക്കനും; [illegible]; [illegible] [illegible]; [illegible]; [illegible] നിന്നാൽ [illegible] [illegible] നടക്കുന്നവനും; [illegible]; [illegible], [illegible] നിന്നാൽ പാപിയും അസത്യവാനും; അനവധി പുത്രന്മാരും നല്ല [illegible]ള്ളവനും; ഗുളികൻ നിന്നാൽ പുത്രന്മാരില്ലാത്തവനും; പിതാവിനെയും ഗുരുവിനെയും ദ്വേഷിക്കുന്നവനും ആയിരിക്കും.

10-ാംഭാവം—10-ാംഭാവാധിപൻ [illegible] [illegible] ബലവാനായി [illegible]

ഷും ജാതകൻ പൈതൃകമായികിട്ടിയ സ്വത്തുക്കൾകൊണ്ടോ, മത
ന്ന വ്യാപാരങ്ങൾകൊണ്ടോ കഴിഞ്ഞുകൂടുന്നവനാണ്. ചന്ദ്രൻ
10ൽനില്ക്കുകയും, കുജൻ അതിനെ വീക്ഷിക്കുകയും ചെ
യ്താൽ ജാതകൻ ലോഹവ്യാപാരങ്ങൾകൊണ്ടോ, പ്രഭുകുടുംബ
ങ്ങളുടെ കാര്യസ്ഥനായോ, കൃഷികൊണ്ടോ കഴിഞ്ഞുകൂടും.
കുജൻ 10-ാം ഭാവാധിപനായിരിക്കയോ, 10ൽ നില്ക്കു
കയോ, ചെയ്കയും, സൂര്യനോ ചന്ദ്രനോ കുജനെ നോക്കു
കയും ചെയ്താൽ ജാതകൻ ഒരു സൈന്യാധിപനാം, ശനിനോ
ക്കിയാൽ ഒരു ശസ്ത്രസംഘ നേതാവും, ബുധൻ നോക്കി
യാൽ ഒരു വൈദ്യവിചക്ഷണനും ആയിരിക്കും. 10ൽ ബു
ധൻ നിന്നാൽ ജാതകൻ ഒരു കലാനിരൂപകനാം, അ
തിൽ ഒരു പ്രൊഫസ്സറായോ കാലംകഴിക്കും. 10ൽ വ്യാഴം
നില്ക്കുകയോ, വ്യാഴം 10-ാം ഭാവത്തെ വീക്ഷിക്കുകയോ
ചെയ്താൽ പ്രഭുകുടുംബങ്ങളുടെ ഉപദേഷ്ടാവായിരിക്കും.
19-ാം ഭാവാധിപൻ ശുക്രനോ ശുക്രൻ 10 ലേക്ക് വീക്ഷി
ക്കയോ ചെയ്താൽ ജാതകൻ ഭക്ഷണാംശങ്ങളായവയുടെ കച്ചവ
ടംകൊണ്ട് പണമുണ്ടാക്കും. ശനി 10ൽ നില്ക്കയോ വീ
ക്ഷിക്കയോ ചെയ്താൽ സാമാന്യമായ ഉദ്യോഗസ്ഥനാ
യിരിക്കും. വ്യാഴം ബുധനോടോ, കുജനോടോ യോഗംചെ
യ്താൽ ജാതകൻ കീർത്തിപ്പെട്ട പലയത്നകാര്യങ്ങളും ചെ
യ്യിക്കും. ചന്ദ്രൻ കേന്ദ്രത്തിൽനില്ക്കുകയും വ്യാഴം ചന്ദ്രനെ
വീക്ഷിക്കുകയും ചെയ്താൽ ജാതകന്റെ ജോലിയെയും; സൽ
സ്വഭാവത്തെയും സത്യത്തെയും പറ്റി പരക്കെ ബോദ്ധ്യ
മാകും. 10ൽ ശനിയും കുജനും നില്ക്കുകയും; 10-ാം ഭാവത്തെ
ബൃഹസ്പതി വീക്ഷിക്കുകയും ചെയ്താൽ ജാതകന് ആത്മിക
മായ കൃത്യങ്ങളുമായി സംബന്ധമുണ്ടായിരിക്കും. 10-ാം ഭാവം
ജലരാശിയാകയും; ആ ഭാവാധിപൻ ചരരാശിയിൽ സ്ഥി
തിചെയ്യുകയും; ജലചരരാശിയിൽ അംശിക്കുകയും ചെ

സ്ഥിതനായാൽ ജാതകൻ സമുദ്രതരണംചെയ്തു് ദീർഘമായ യാത്ര ചെയ്യും. 10 ൽ സൂര്യൻ നില്ക്കുന്നുവെങ്കിൽ ആ യാത്ര രാഷ്ട്രീയകാര്യങ്ങളെ സംബന്ധിച്ചായിരിക്കും. 10 ൽ കുജരാഹുക്കൾ നിന്നാൽ ജാതകൻ എക്സൈസ് ഡിപ്പാർട്ടുമെന്റ് സംബന്ധിച്ച ഉദ്യോഗസ്ഥനായിരിക്കും. 10_ാംഭാവാധിപൻ വ്യാഴമാണെങ്കിൽ സാധാരണയായി സർക്കാർ ഉദ്യോഗസ്ഥനായിരിക്കും. സാമാന്യമായി 10ൽ രവിനിന്നാൽ ധീരനും ;കീർത്തിമാനും; ധനസമ്പാദനത്തിൽ സമർത്ഥനും; ആരോഗ്യവും; വിദ്യാസമ്പന്നനും; സംഗീതപ്രിയനും; ചന്ദ്രൻ നിന്നാൽ ധർമ്മിഷ്ഠനും; നയവിദഗ്ദ്ധനും; ധീരനും ദീർഘായുഷ്മാനും; ഉന്നതനിലയുള്ളവനും, ഉത്സാഹിയും, നല്ലവർക്കു് ഉപകാരിയും, ധാരാളം സ്നേഹിതരുള്ളവനും; ധനികനും, എല്ലാവർക്കും പ്രിയനും; കുജൻനിന്നാൽ ആരോഗ്യവും; സാമർത്ഥ്യംകൊണ്ടു ഔന്നത്യത്തിൽ എത്തിയവനും, ക്ഷാത്രവീര്യമുള്ളവനും; കർമ്മങ്ങളിൽ നല്ല ആദായമുണ്ടാക്കുന്നവനും; ബന്ധുജനങ്ങൾക്കു് ആനന്ദപ്രദനും; ബുധൻനിന്നാൽ ഉന്നതിയോഗമുള്ളവനും ഐശ്വര്യവാനും ബുദ്ധിമാനും; ഉത്സാഹിയും സന്തോഷമുള്ളവനും ധർമ്മിഷ്ഠനും; വ്യാഴംനിന്നാൽ അതീവ യശസ്വിയും ധനവാനും നല്ല പുത്രന്മാർ ഉള്ളവനും; ആരെയും ദ്രോഹിക്കാൻ ആഗ്രഹമില്ലാത്തവനും; അന്ധവിശ്വാസിയും; ശുക്രൻ നിന്നാൽ വിദ്വാന്മാരെ ബഹുമാനിക്കുന്നവനും; വിദ്യാസമ്പന്നനും; ധനികനും; വിജയിയും ധാരാളം സ്നേഹിതന്മാരുള്ളവനും; പ്രസിദ്ധിയുള്ളവനും; ശനിനിന്നാൽ തീർത്ഥയാത്രാനിരതനും; പെട്ടെന്നുണ്ടാകുന്ന ഉയർച്ചയും താഴ്ചയും ഉള്ളവനും; അന്യദേശത്തിൽ വസിക്കുന്നവനും; വാർദ്ധക്യത്തിൽ സന്യാസജീവിതം നയിക്കുന്നവനും; രാഹുനിന്നാൽ കവിതയിലും സാഹിത്യത്തിൽ സാമാന്യമായും വാസനയുള്ളവനും; നല്ല ചിത്രകാരനും ചാരിത്രമില്ലാത്തവനും; ബുദ്ധിമാനും; അറിവു

ള്ളവനും; കേന്ദ്രനിന്നാൽ അസാമാന്യ ബുദ്ധിമാനും സുഖിയും, മതവിശ്വാസിയും, തീർത്ഥയാത്രകൾ ചെയ്യുന്നവനും, ഇളികൻ നിന്നാൽ ക്രൂരനും, നിർദ്ദയനും, ഭാഗ്യഹീനനുമായിരിക്കും.

11-ാം ഭാവം:— 11-ാം ഭാവാധിപൻ ഉച്ചത്തിൽ കേന്ദ്രത്തിൽ നില്ക്കുകയും 2-ാം ഭാവാധിപൻ ബുധനായിവരികയും ചെയ്താൽ ജാതകൻ കച്ചവടംകൊണ്ട് വളരെ ധനവാനായിത്തീരും. 11-ാം ഭാവാധിപനോ 2-ാം ഭാവാധിപനോ 2-ാം ഭാവത്തിൽ സ്ഥിതിചെയ്യുന്ന ഗ്രഹമോ വീക്ഷിക്കുകയും അതുപോലെ 4-ാം ഭാവാധിപനോ 4-ൽ സ്ഥിതിചെയ്യുന്ന ഗ്രഹമോ വീക്ഷിക്കുകയും, 11-ാം ഭാവാധിപൻ 9-ാം ഭാവാധിപനോടുകൂടി സ്ഥിതിചെയ്യുകയും ചെയ്താൽ ജാതകൻ വമ്പിച്ച ധനികനായിരിക്കും. 11-ാം ഭാവാധിപൻ ശുക്രനും ശുഭവീക്ഷണമുള്ളവനും ആണെങ്കിൽ ജാതകൻ ജനപ്രിയനായിരിക്കും. 11-ൽ വ്യാഴം നില്ക്കുകയും, ബുധൻ വ്യാഴത്തെ വീക്ഷിക്കുകയും ചെയ്താൽ ജാതകൻ ഒരു ഗ്രന്ഥകാരനും പ്രശംസികനും, കീർത്തിമാനുമായിരിക്കും. 11-ാം ഭാവാധിപൻ ശുഭനോടുകൂടിയും, ശുഭവീക്ഷണത്തോടുകൂടി ശുഭസ്ഥാനങ്ങളിൽ നിന്നാൽ ജാതകനു ലാഭങ്ങൾ ഉണ്ടാകും. 11-ാം ഭാവാധിപൻ ശനിയോടും കുജനോടുംകൂടി യോഗംചെയ്താൽ ജാതകൻ ബധിരനായിരിക്കും. 11-ാം ഭാവാധിപന്റെയും ആ ഭാവത്തിൽ സ്ഥിതിചെയ്യുന്ന ഗ്രഹങ്ങളുടെയും ബലമനുസരിച്ചാണ് ജ്യേഷ്ഠത്തിക്കും സഹോദര്യമദ്ധ്യത്തിലുള്ള സ്ഥിതിയും സ്വാധീനശക്തിയും അറിയേണ്ടുന്നത്. 11-ാം ഭാവാധിപൻ ദുർബ്ബലനും 11-ൽ ശനിയോ കേതുവോ രാഹുവോ സൂര്യനോ നില്ക്കുകയും അവരോട് ഒരു ശുഭഗ്രഹവും ദൃഷ്ടിചെയ്യാതിരിക്കുകയും ചെയ്താൽ ജാതകൻ നിർഭാഗ്യനും കഷ്ടപ്പാടുകാരനുമായിരിക്കും. സാമാന്യമായി 11-ൽ രവി നിന്നാൽ ജാതകൻ ബു

ബലിഷ്ഠനും, ധനികനും കീർത്തിമാനും, ബഹുഭൃത്യന്മാരുള്ളവനും, ആശീർവാദിയും, ജനങ്ങളുടെ ഉപകാരമാകുവാൻ സമർത്ഥനും, വിജയിയും, ചന്ദ്രൻ നിന്നാൽ ബഹുപുത്രന്മാരുള്ളവനും, കീർത്തിമാനും, ധർമ്മനിരതനും, സൗഭാഗ്യവാനും ജനസഹായിയും, അനവധി സ്നേഹിതന്മാർ ഉള്ളവനും, ഭൂമികളും ധനവും ഉള്ളവനും, സകലമായ ആഗ്രഹങ്ങളെ അനുഭവിച്ചു ജീവിക്കുന്നവനും, കുജൻ നിന്നാൽ ബുദ്ധിമാനും, ശൂരനും, ധനികനും, സുഖിയും, സ്വാധീനതയില്ലാത്തവനും, ബുധൻ നിന്നാൽ ധനികനും, കണക്കിൽ വിദഗ്ദ്ധനും, നല്ല സൗന്ദര്യനും, താർക്കികനും, സുഖിയും ഉന്നതനിലയിലുള്ള സ്നേഹിതന്മാരുള്ളവനും, വ്യാഴം നിന്നാൽ സംഗീതപ്രിയനും, ധനികനും, നല്ലപ്രവൃത്തിയുള്ളവനും, സൽക്കർമ്മിയും, ഈശ്വരവിശ്വാസിയും, ധർമ്മനിരതനും, ശുക്രൻ നിന്നാൽ സ്വാധീനശക്തിയുള്ളവനും, ബുദ്ധിമാനും, ധനികനും, വിജയിയും, അനവധിസ്നേഹിതന്മാർ ഉള്ളവനും, ജനങ്ങൾക്ക് പ്രിയനും, നല്ലവാഹനങ്ങൾ ഉള്ളവനും, ശനി നിന്നാൽ വിദ്യാസമ്പന്നനും. എല്ലാവരാലും ബഹുമാനിക്കപ്പെടുന്നവനും, ധനികനും, ഭൂസ്വത്തുകൾ ഉള്ളവനും, രാഷ്ട്രീയകാര്യപ്രസക്തനും, സമുദായത്തിലും സ്വാധീനമുള്ളവനും, രാഹു നിന്നാൽ ധനികനും, അനവധിപുത്രന്മാർ ഉള്ളവനും, താഴ്ന്നവരുടെ ഇടയിൽ പ്രമാണിയും നല്ല ശുഷ്കാന്തിക്കാരനും, കേതു നിന്നാൽ നേരമ്പോക്കുകാരനും, ബുദ്ധിമാനും, ധനികനും, ഗുളികൻ നിന്നാൽ പുത്രസൗഖ്യമുള്ളവനും, ധനലാഭമുള്ളവനുമായിരിക്കും.

12-ാംഭാവം — 12-ാംഭാവാധിപനെ 7-ാംഭാവാധിപൻ വീക്ഷിക്കുകയും, രണ്ടുപേരും ഇല്ല്യബലവന്മാരെങ്കിൽ സ്ത്രീനിമിത്തം ജാതകന് ധനം മുഴുവൻ നശിക്കും. 12-ൽ ശുക്രൻ നില്ക്കുകയും ആ രാശിനാഥൻ ഒരു ഉച്ചനായിരിക്കുക

ണും ചെയ്താൽ പശ്ചാത്താപരമായി ജാതകൻ പണം മുഴവൻ കളയും. 12-ാംഭാവനാഥൻ ദുർബ്ബലനായി ശുഭസ്ഥാനത്ത് അംശിച്ചാൽ ജാതകൻ ദരിദ്രനായിരിക്കും. 12-ാംഭാവാധിപൻ വ്യയേശനായിരിക്കണം ആ വ്യയേശത്തിനെ ശുഭഗ്രഹങ്ങൾ വീക്ഷിക്കാതിരിക്കുകയും ചെയ്യുന്നപക്ഷം, ജാതകൻ ദാരിദ്ര്യനിരതനായി ജീവിതം കഴിയും. 12-ാംഭാവാധിപൻ ക്രൂരനായിരിക്കുകയും, ആ ഭാവത്തിൽ ശനി നില്ക്കുകയും ചെയ്താൽ ജാതകന് നേത്രസംബന്ധമായ രോഗങ്ങളുടെ ക്ലേശങ്ങളോ ഉണ്ടാകും. 12-ാംഭാവാധിപൻ ദുർബ്ബലനും, 6-ാംഭാവാധിപനാൽ വീക്ഷിതനും ആണെങ്കിൽ ജാതകന് വ്യവഹാരംകൊണ്ട് പണം മുഴുവനും നശിപ്പിക്കും. 12-ാം ഭാവാധിപൻ ദുർബ്ബലനായിരിക്കുകയും, ബുധൻ ദുർബ്ബലനായി ദുസ്ഥാനത്തു നില്ക്കുകയും ചെയ്താൽ ജാതകൻ ഏഷണിയായിരിക്കും. സാമാന്യമായി 12-ൽ രവിനിന്നാൽ ജാതകൻ പാപിയും ദരിദ്രനും, കള്ളനും, അജ്ഞാനും, ചന്ദ്രൻനിന്നാൽ നീചമനസ്സുള്ളവനും, ക്രൂരനും, ബലഹീനനും, ചതിയനും, ഏകാന്തവാസിയും കുജൻ നിന്നാൽ ദരിദ്രനും, എല്ലാവർക്കും അപ്രിയനും രോഗിയും, ആകസ്മികവ്യയവാനും, കഷ്ടപ്പാടുകാരനും, ബുധൻനിന്നാൽ അനാചാരശീലനും, ലുബ്ധനും, മനസ്സ് സദാ ദുഃഖമിച്ചുകൊണ്ടിരിക്കുന്നവനും, കൊതിയനും, ഉത്തമനും, നിർമ്മലനും, അല്പപുത്രനും ഭാര്യാസുഖം കുറഞ്ഞവനും, വ്യാഴംനിന്നാൽ ക്രൂരനും, പുത്രന്മാർ ഇല്ലാത്തവനും, നിർദ്ദയനും, ജീവിതാന്ത്യത്തിൽ സന്യാസിയായിത്തീരുന്നവനും, അനവധി ദ്രോഹികന്മാർ ഉള്ളവനും, മന്ദബുദ്ധനും, ശുക്രൻനിന്നാൽ ധനികനും, പിശുക്കനും, ആരോഗ്യമില്ലാത്തവനും, [illegible], സമർത്ഥനും, ആഡംബരമായ ജീവിതം നയിക്കുന്നവനും, ശനിനിന്നാൽ കുരൂപിയും കോങ്കണ്ണനും, [illegible]കൊണ്ട് പണം നശിപ്പിക്കുന്നവനും, ധാരാളം ശത്രുക്കൾ ഉള്ളവനും, [illegible]

ദ്രോഹമുള്ളവനാം, ജനങ്ങൾക്ക് അപ്രിയനാം, ദേശത്തിനിന്നൽ കുശപനാം, പുത്രരില്ലാത്തവനാം, കണ്ണുകൾക്ക് രോഗമുള്ളവനാം, വനിച്ച ധനനാശമുള്ളവനാം, തപസ്വിയും ദേശത്തിനിന്നാൽ അസഹിഷ്ണുതവനാം, വിദേശവാസിയും, ദുഷ്പ്രവൃത്തികളാലായി പീഡിപ്പിക്കപ്പെട്ടവനാം, യാത്രക്കാരനാം, ഇതരോപവിശ്വാസിയും ഉളികൾചിന്നാൽ ഒരിക്കലും സുഖം ലഭിക്കാത്തവനാം, സദാ ദുഃഖിയും ആയിരിക്കും.

അദ്ധ്യായം ൧൬.

നക്ഷത്ര ദശാഫലങ്ങൾ.

ഒരു ഗ്രഹത്തിന്റെ ദശാഫലം അറിയുന്നതിന്നു മുമ്പ് ആ ഗ്രഹം ജാതകന്നു് ശുഭഫലത്തെ ചെയ്യുന്നതോ അശുഭഫലത്തെ ചെയ്യുന്നതോ മിശ്രഫലത്തെ ചെയ്യുന്നതോ എന്നു് ജാതകത്തിൽ ആ ഗ്രഹത്തിന്റെ സ്ഥിതി നോക്കി പരിശോധിച്ചു് അറിഞ്ഞിരിക്കണം. ശുഭഗ്രഹമദ്ധ്യസ്ഥിതിക്ക്, ശുഭവീക്ഷണമുണ്ടായിരിക്കുക, ശുഭസ്ഥാനത്തു നില്ക്കുക, ശുഭയോഗം ചെയ്തിരിക്കുക, ശുഭവർഗ്ഗാധിപത്യം ഉണ്ടായിരിക്കുക, ശുഭാംശകം ചെയ്തിരിക്കുക എന്നിങ്ങിനെ ശുഭനിലകൾ ഉള്ള ശുഭഗ്രഹം ശുഭഫലങ്ങളും; നേരെമറിച്ചു് അശുഭനിലകൾ ഉള്ള ശുഭഗ്രഹം അശുഭഫലങ്ങളും, ശുഭഫലങ്ങൾ ചെയ്വാൻ പ്രാപ്തന്മാരായി സ്ഥിതിചെയ്യുന്ന അശുഭഗ്രഹങ്ങൾ! അവരവർക്കാവുന്ന ശുഭഫലങ്ങളും, അശുഭനിലയിൽ നില്ക്കുന്ന അശുഭഗ്രഹങ്ങൾ അതിവമായ അശുഭഫലങ്ങളും പ്രദാനം ചെയ്യുന്നതാണു്. സാമാന്യമായി നാലാമത്തെ ദശ ശനിയുടേതാണെങ്കിൽ ആകപ്പാടെ ജാതകന്നു് ദോഷവും, വ്യാഴത്തെ 6-ാം ദശയാണെങ്കിൽ ജാതകന്നു് ദോഷകരവും, ആയിരിക്കും.

6-ാംഭാവാധിപന്റെയും 8-ാംഭാവാധിപന്റെയും ദശകളും ഭാവസന്ധിയിൽ നില്ക്കുന്ന ഗ്രഹങ്ങളുടെ ദശകളും ദോഷകരമായിരിക്കും. ലഗ്നാധിപന്മാർ അവരവരുടെ ഭാവസംബന്ധമായും, കാരകത്വമനുസരിച്ചുമുള്ള ഫലങ്ങളാണ് അവരുടെ ദശാകാലങ്ങളിൽ പ്രദാനം ചെയ്യുക. ദശാകാലങ്ങൾ അതാതു കാലങ്ങളിലെ ഗോചാരവശാലുള്ള ഗ്രഹസ്ഥിതികളെക്കൊണ്ട് ഒട്ടൊക്കെ ഭേദപ്പെട്ടേക്കാം. ലഗ്നാധിപൻ ബലവാനാണെങ്കിൽ ലഗ്നാധിപന്റെ ദശാകാലത്ത് ജാതകൻ ഉയൎന്ന നിലയെ പ്രാപിക്കും. 2-ാംഭാവനാഥന്റെ ദശാകാലത്ത് ധനവും, 3-ാംഭാവനാഥന്റെ ദശാകാലത്തു് ജനനേതൃത്വവും കൎമ്മാധിപന്റെ ദശാകാലത്ത് കൎമ്മപുഷ്ടിയും, 7-ാംഭാവാധിപന്റെ ദശാകാലത്ത് കളത്രസൗഖ്യവും അനുഭവിക്കുന്നതാണ്. ഭാവനാഥന്മാർ ദുർബ്ബലന്മാരും ദുഃസ്ഥിതന്മാരുമാണെങ്കിൽ വിപരീതഫലങ്ങളും അനുഭവിക്കുന്നതാണ്. 5-ാംഭാവാധിപന്റെയും 9-ാംഭാവാധിപന്റെയും ദശകൾ ഗുണകരമായിരിക്കും. കേന്ദ്രഭാവങ്ങളിൽ സ്ഥിതിചെയ്യുന്ന ഗ്രഹങ്ങളും ശുഭഫലദാതാക്കളാകുന്നു. ദശാകാലത്തെ ശുഭാശുഭഫലങ്ങൾ അപഹാരനാഥന്റെ ശുഭാശുഭഫലങ്ങൾ ചെയ്യാനുള്ള പ്രാപ്തിയനുസരിച്ച് മാറുന്നതാണ്. 5-ാംഭാവാധിപന്റെ ദശയിൽ 9-ാംഭാവാധിപന്റെ അപഹാരകാലവും; 9-ാംഭാവാധിപന്റെ ദശയിൽ 5-ാംഭാവാധിപന്റെ അപഹാരകാലവും, വളരെ ഗുണകരമായിരിക്കും. ചന്ദ്രൻ ഏതു നക്ഷത്രപാദത്തിലാണോ നില്ക്കുന്നത് ആ നക്ഷത്രത്തിന്റെ അധിപൻ ഏതു ഗ്രഹമാണോ ആ ഗ്രഹത്തിന്റെ ശുഭാശുഭഫലങ്ങളും ദശാകാലങ്ങളിൽ അനുഭവിക്കും.

ദശകളുടെ സാമാന്യഫലങ്ങൾ.

1. സൂൎയ്യദശ — 6 കൊല്ലം.

സ്വാപഹാരം—3 മാസം 18 ദിവസം. ബന്ധുക്കളും മേലധികാരികളുമായി അസുഖം, എപ്പോഴും മനഃക്ലേശങ്ങൾ, ക

ശരീരക്ഷീണം, ചെവിവേദന. ക്രൂരന്മാരെക്കൊണ്ടു ശല്യം, മരണഭയം, ധനനഷ്ടം, പിത്തരോഗം, വയററിൽ വേദന, വിഷഭയം.

ചന്ദ്രാപഹാരം — 6 മാസം.

ബന്ധുക്കളും സ്നേഹിതരും ആയി വലിയ ഐശ്വര്യത്തിൽ; രാജാക്കന്മാരിൽ നിന്ന് ഉദ്യോഗത്തിൽ ഉയർച്ച, അവയിൽ പുതിയ ചില ശത്രുക്കൾ, സ്ത്രീകൾ നിമിത്തം അസുഖം; കണ്ണിന് സുഖക്കേട്; ധൈര്യമില്ലായ്മകൾക്ക് ഇളപ്പി; ശരീരത്തെ കാര്യങ്ങൾക്ക് വാസന; മനസ്സന്തുഷ്ടി; സുഖവും ഐശ്വര്യവും, നല്ല ഭക്ഷണം, വിശ്രമവും ബഹുമാനം.

കുജന്റെ അപഹാരം, 4 മാസം 6 ദിവസം

വാതരോഗം, കലഹങ്ങൾ, അഗ്നിഭയം, ബന്ധുക്കൾക്ക് കഷ്ടങ്ങൾ, ധനനഷ്ടം, അപകടങ്ങൾ, സുവർണ്ണത്തിനെ ദിനേക്ഷണങ്ങൾ, രാജകീയമായ ബഹുമതി, ദൌർബല്യങ്ങൾ, അഗ്നിഭയം, അനാരോഗ്യം, അവമതി, ക്ലേശം.

രാഹുവിന്റെ അപഹാരം — 10 മാസം 24 ദിവസം

അപവാദങ്ങൾ, പലതരത്തിലുള്ള ദുഃഖങ്ങൾ, കുടുംബകലഹം, മരണഭയം, ശത്രുഭയം, ധനനഷ്ടം, ഇഷ്ടജനങ്ങളിൽ നിന്നു വിയോഗം.

വ്യാഴാപഹാരം 9 മാസം 18 ദിവസം

ബഹുമതി, സജ്ജനങ്ങളിൽ സഹായം, ബന്ധുക്കളിൽ നിന്നും സ്നേഹിതന്മാരിൽനിന്നും ഗുണങ്ങളും, വിദ്യാഭ്യാസം ഉയർന്ന നിലയിൽ ഉദ്യോഗം, സന്താനലാഭം, ധർമ്മകർമ്മങ്ങളെ ചെയ്യും.

ശനിയുടെ അപഹാരം 10 മാസം 6 ദിവസം

കള്ളന്മാരിൽനിന്നും ഭയം, കുടുംബാംഗങ്ങൾക്ക് ഏർപ്പെടും രോഗങ്ങൾ, പുതിയ ശത്രുക്കൾ, സമ്പത്തുനാശം; അസു

ഖം, നാട്ടിൽനിന്നും വീട്ടിൽനിന്നും പുറത്താകൽ, ധനനാശം മുറിവുകൾപറ്റുക, രോഗങ്ങൾ, മനസ്സിന് സമാധാനസുഖം.

ബുധാപഹാരം, 10 മാസം 6 ദിവസം

പുത്രന്മാർസ്നേഹത്തോടെ വർത്തിക്കുകയില്ല, കലഹങ്ങൾ, അപമാനം, പുതിയവിദ്യകൾപഠിക്കുക, ധനലാഭം, മനസ്സിന് ക്ലേശങ്ങൾ, നേത്രങ്ങൾക്ക് രോഗം, ബന്ധുക്കൾ ശത്രുക്കളാകുക, അനാരോഗ്യം.

കേതുവിന്റെ അപഹാരം—4 മാസം 6 ദിവസം

ധനനാശം, വിദേശസഞ്ചാരം, താമസിക്കുന്ന ഗൃഹം കലഹങ്ങൾനിമിത്തം വിട്ടു ബന്ധുക്കളുമായി അസുഖമായി, അകർമ്മകരണം സംബന്ധിച്ചുള്ള, ഭാര്യയിൽ സുഖക്കേട്, തെറ്റിദ്ധാരണകൾ, സംശയം, ഭയം, ദുഃഖം.

ശുക്രാപഹാരം —1 കൊല്ലം

ക്ഷീണം, ദുഷ്കർമ്മങ്ങളിൽ ധനവ്യയം, ശ്രേഷ്ഠസ്ത്രീകളുമായിസംസർഗ്ഗം, വിവാഹം, ധനലാഭം; വാഹനങ്ങൾലഭിക്കും; നാനാവസ്ത്രാഭരണങ്ങൾ.

2. ചന്ദ്രദശ —10 കൊല്ലം

സ്വാപഹാരം—10 മാസം

ബന്ധുക്കൾക്ക് അഭിവൃദ്ധി ഉന്നതനില; ജനസമ്പാദനത്തിൽ സ്വാധീനപ്രവൃത്തി അഭിരുചി; സൗന്ദര്യവാസന; നല്ലവസ്ത്രങ്ങൾ; മഹാന്മാരുമായി പരിചയം; ആരോഗ്യം; സന്താനലാഭം; ധനലാഭം; ഭാഗ്യകർമ്മങ്ങൾ; ഭൂമിവാഹനാദി നേട്ടങ്ങൾ; ബഹുമാനം; നഷ്ടപ്പെട്ടധനം വീണ്ടുകിട്ടുക; വിവാഹം; പൊതുകാര്യപ്രസക്തി;

കുജാപഹാരം — 7 മാസം

വ്യവഹാരം; ശത്രുമിത്രകലഹം; രോഗങ്ങൾ; ധനനാ

ങ്ങൾ; സഹോദരന്മാരിൽനിന്നും ക്ലേശങ്ങൾ; ദുഃഖിതം; പനി; കണ്ണുരോഗം; വീട്ടുകാർക്ക് രോഗം നാശം മുറിവുകൾ; രോഗങ്ങൾ.

രാഹുവിന്റെ അപഹാരം—1 കൊല്ലം 6 മാസം

മാതാപിതാക്കന്മാർക്ക് രോഗങ്ങൾ പരിഭ്രമിക്കത്തക്കവിധത്തിലുള്ള രോഗങ്ങൾ; ധനനാശം; ദുരവസ്ഥ; ശത്രുക്കൾ; മേലധികാരികൾക്കും കോപമുണ്ടാകുവാൻ വിരോധം; ബന്ധുനിമിത്തം കഷ്ടങ്ങൾ; അപമാനം; വനവാസം; വിഷഭയം; വിശപ്പ്; അസ്ഥൈര്യം.

വ്യാഴാപഹാരം—1 കൊല്ലം 4 മാസം

വിജ്ഞാനവർദ്ധനം; ബഹുമാനം; ധനലാഭം; വസ്ത്രലാഭം; ക്ഷേമസുഖം; മേലധികാരികളിൽനിന്നും സമ്മാനങ്ങൾ; അനേകം വാഹനങ്ങൾ; വസ്ത്രാലങ്കാരാദിലാഭങ്ങൾ.

ശനിയുടെ അപഹാരം—1 കൊല്ലം 7 മാസം

ബന്ധുക്കളുമായി കലഹം; മനസ്സിന് അസുഖം; ധനനഷ്ടം; മാതൃവിയോഗം അഥവാ മാതൃതുല്യരുടെ മരണം ദാരിദ്ര്യം; മദ്യവ്യസനനിമിത്തം മനഃക്ലേശങ്ങൾ; പിത്തരോഗം; ശത്രുക്കളുമായി വഴക്കുകൾ; ദഹനക്കുറവു നിമിത്തമുള്ള രോഗങ്ങൾ;

ബുധാപഹാരം—1 കൊല്ലം 5 മാസം

പണ്ഡിതകളുടെ ഉപദേശത്തിനാൽ വാസന; ധനലാഭം; ആത്മസൌഹൃദ്യം സമ്മാന്യമായി സുഖം സ്ത്രീകളിൽനിന്നും സുഖം; സന്താനങ്ങളിൽനിന്നും ആഹ്ലാദം; വസ്ത്രാലങ്കാര ലാഭങ്ങൾ; മാതൃഗൃഹത്തിൽനിന്നും ധനലാഭം.

കേതുവിന്റെ അപഹാരം—7 മാസം

അപമാനം; പിതാവിന് രോഗകരം; ദുഷിച്ചസാധനങ്ങൾ ഭക്ഷിക്കും; ദുഷ്പ്രവൃത്തികൾ; ദുഷ്ടസംസർഗ്ഗമായി ക്രൂ

ട്ടകെട്ട്; വയററിൽവേദന; മൂത്രക്ലേശം; ബന്ധുനാശം; വസ്തുനാശം; നേത്രരോഗം; പൊന്നുങ്ങൾക്ക് വെളുപ്പ്; ഭർത്താവിനും കുട്ടികൾക്കും രോഗം.

ശുക്രാപഹാരം — 1 കൊല്ലം 8 മാസം

വിവാഹം; നല്ലകർമ്മങ്ങൾ; വസ്തുലാഭം; നല്ലഭക്ഷണം; വാസം ചെയ്യുവാൻ ഗൃഹം കിട്ടും; സന്താനലാഭം; വിവാഹാദികാര്യങ്ങളിൽ ധനനാശം; കൃഷിഭാഗ്യം; രാജഗൃഹത്തിൽ നിന്നും ഉൽകൃഷ്ടമായ ധനം വസ്ത്രമുതലായവ ലഭിക്കും;

സൂര്യാപഹാരം — 6 മാസം

ദേശസഞ്ചാരങ്ങൾ; പുത്രനാശം; ക്ഷീണം; പിതൃമരണഭീതി; പനി; കണ്ണിന് രോഗം; നിയമലംഘനം; ശത്രുക്കൾക്ക് അപകടം; സുഖവും അഭിവൃദ്ധിയും; പിത്തരോഗങ്ങളും ഫലം

3. കുജദശ — 7 കൊല്ലം.

സ്വാപഹാരം. — 4മാസം 27 ദിവസം

ചോരക്ലേശങ്ങൾ, ധനനഷ്ടം, അത്യുഷ്ണം, ബന്ധുകലഹം, സ്നേഹിതനാശം, വേദന, സഹോദരന്മാർ ബുദ്ധിമുട്ടിക്കും, എല്ലാകാര്യങ്ങളിലും പരാജയം, ക്ഷയരോഗം, കെട്ടുകലഹം, യുദ്ധങ്ങൾ, സഹോദരനഷ്ടം.

രാഹുവിൻെറ അപഹാരം — 1 കൊല്ലം 18 ദിവസം

അപമാനം: കന്നുകാലികൾ നശിക്കും, കരോഗ്രഹബാധയും രാജകോപം, തസ്കരഭയം, ധനനഷ്ടം, യുദ്ധങ്ങളിൽ വിജയം, വിഷഭയം, ബന്ധുനാശം. ഗൃഹംമാറിത്താമസിക്കൽ, മർക്കറവ്; ശത്രുഭയം, ഉദരരോഗങ്ങൾ.

വ്യാഴാപഹാരം — 11 മാസം 6 ദിവസം

സന്താനലാഭം, മംഗളകരം, ദിവ്യജനങ്ങളുമായി ജന

ഷ്ടം; അരോഗത; ജനസമ്മതി; സുഖം; ഉന്നതി; ആദ്യകാലങ്ങളിൽ ധനനഷ്ടം; ശത്രുക്കൾ, അന്ത്യകാലം ഐശ്വര്യം; ധനലാഭം; മേലധികാരികളിൽ നിന്നും ബഹുമതികൾ.

ശനിയുടെ അപഹാരം— 1 കൊല്ലം 1 മാസം 9 ദിവസം

ധനനഷ്ടം രോഗങ്ങൾ ബന്ധുനാശം അപ്രീതി; കലഹങ്ങൾ; വ്യവഹാരം; വസ്തുനാശം; തൊഴിൽനാശം; വല്ലാത്ത മനശ്ചാഞ്ചല്യം.

ബുധാപഹാരം— 11 മാസം 27 ദിവസം

വിവാഹം, ജനസമ്മതം, ധനം, രോഗനാശം, വിജയം, ധർമ്മിഷ്ഠ ഗുണങ്ങൾ; ഐശ്വര്യം, വ്യവഹാരത്തിൽ ജയം; ധനലാഭം.

കേതുവിന്റെ അപഹാരം:— 4 മാസം 27 ദിവസം

ബഹുശത്രുക്കൾ, ഭാര്യയുമായി കലഹവും ശത്രുഭയം; ദുഷ്കർമ്മങ്ങൾക്ക് വാസന; ദുഷ്ടജനങ്ങളുമായി ഇടപെടൽ, തന്നിമിത്തം ക്ലേശങ്ങൾ സഹിക്കും; കുടുംബത്തിലും, ധനനാശം.

ശുക്രാപഹാരം— 1 കൊല്ലം 2 മാസം

കുടുംബസുഖം; പ്രണയാദികാര്യങ്ങളിൽ വിജയം; മതകർമ്മാനുഷ്ഠാനങ്ങൾ ചെയ്യാൻ ഉത്സാഹം; സൽപുത്രന്മാർ ഉണ്ടാകും. ഉത്സാഹം; നല്ലജനങ്ങളുമായി കൂട്ടുകെട്ട്; ബുദ്ധിവൈഭവം; സ്ത്രീസുഖം; ധനലാഭം; ദേഹത്തിൽ കുരുക്കൾ ഉണ്ടാകും; സഞ്ചാരസുഖം; ആഭരണങ്ങൾ വസ്ത്രാലങ്കാരാദികൾ ഇവ ധാരാളം.

സൂര്യാപഹാരം— 4 മാസം 6 ദിവസം.

ബഹുശത്രുക്കൾ; ചീത്തമാർഗ്ഗങ്ങളിൽക്കൂടി ധനസമ്പാദ്യം; അജ്ഞാനം; ബഹുമതി; ദീർഘയാത്രയോ വിദേശയാത്രയോ; മനസ്സിന്

ഭീതി; ഭൃത്യന്മാരുമായി കലഹം; പനി; അഗ്നിഭയം; ഉദ്വേഗം.

ചന്ദ്രാപഹാരം:— 7 മാസം.

ധനസമ്പാദ്യം; സ്ത്രീസുഖം; നിദ്രാസുഖം; ഗൃഹം വലുതാക്കും; ആഭരണങ്ങൾ.

4. രാഹുർദശ:— 18 കൊല്ലം.

സ്വാപഹാരം:— 2 കൊല്ലം 8 മാസം 12 ദിവസം.

മനസ്സിന് അസുഖം; ഭാര്യക്ക് രോഗം; കലഹങ്ങൾ; പലതരത്തിലുമുള്ള അപമാനങ്ങൾ; ബന്ധുക്കളുമായികലഹം; കുടുംബനാഥനെപ്പോലുള്ള ബന്ധുവിന്റെ മരണം; മാതാപിതാക്കന്മാരുമായികലഹം; രോഗങ്ങൾ; ധനനഷ്ടം; സ്ഥലമാറ്റം.

വ്യാഴാപഹാരം—2 കൊല്ലം 4 മാസം 24 ദിവസം

ശത്രുക്കളും രോഗങ്ങളും നിശ്ശേഷം നശിക്കും, രാജകീയ ബഹുമതി, ധനസമ്പാദ്യം, സന്താനലാഭം, സുഖം, വിവാഹം, വ്യവഹാരം, തീർത്ഥസ്നാനം, സുഖപ്രാപ്തി, എല്ലാ കാര്യങ്ങളിലും വിജയം.

ശനിയുടെ അപഹാരം—2 കൊല്ലം 10 മാസം 6 ദിവസം.

ആക്ഷേപങ്ങൾ, വീഴ്ച, വിദേശവാസം, ബന്ധുക്കൾക്കു കഷ്ടങ്ങൾ, വാതരോഗം, പിത്തം, ഭാര്യാവിരോധം, അഥവാ ശത്രുവിരോധം, ഭൃത്യന്മാരുമായി ഇടക്കേട്.

ബുധാപഹാരം:— 2 കൊല്ലം 6 മാസം 18 ദിവസം.

ധനം, രാജകീയബഹുമതി, വിവാഹം, സ്ത്രീസുഖം, വ്യഭിചാരിണികളുമായി സംസർഗ്ഗം, വ്യാപാരാദികളിൽ വിജയം, സന്താനലാഭം, ശത്രുവധം.

കേതുവിന്റെ സ്വാപഹാരം—1 കൊല്ലം 18 ദിവസം.

സമയത്തിന് ഭക്ഷണം ലഭിക്കില്ല, സാംക്രമികരോഗങ്ങൾ, സന്താനനാശം, കന്നുകാലികൾക്ക് നാശം, പലവിധത്തിലുള്ള ദാരിദ്ര്യങ്ങൾ, വിഷഭയം, അരക്കെട്ടിൽ രോഗം, ഭാര്യാനിമിത്തം കഷ്ടപ്പാടുകൾ, ധനനഷ്ടം.

ശുക്രാപഹാരം—3 കൊല്ലം.

വിവാഹം, സന്താനലാഭം, [illegible] വർദ്ധിക്കുക, ഭാര്യാസുഖം; രാജാധികാരികളിൽനിന്നും പലപല നേട്ടങ്ങളും; ജാതിയിൽ കലഹവും; കള്ളന്മാരായ സ്നേഹിതന്മാർ; ശത്രുഭയം; രോഗങ്ങൾ.

സൂര്യാപഹാരം—10 മാസം 21 ദിവസം.

പരീക്ഷാവിജയം; ബുദ്ധിശക്തി; മനസ്സിന് അസ്വാസ്ഥ്യം; കുടുംബകലഹം; ഭാര്യയുമായി അസ്വാരസ്യം; ഗൃഹം മാറിത്താമസിക്കും; ധർമ്മപ്രവൃത്തികൾ ചെയ്യുവാൻ ഉത്സാഹം; സംതൃപ്തി; ജനങ്ങൾക്ക് ഭയവും ശത്രുത്വം.

ചന്ദ്രാപഹാരം— 1 കൊല്ലം 6 മാസം.

ആരോഗ്യത്തിന് ഹാനികരം; സമുദ്രയാത്ര; ധനലാഭം; വസ്ത്രലാഭം; ഭാര്യാകുട്ടികൾക്ക് അപകടം; സുഖങ്ങൾ വളരെ അനുഭവിക്കും; ബന്ധുനാശം; ഭാര്യാനിമിത്തം ധനനാശം.

കുജാപഹാരം—1 കൊല്ലം 18 ദിവസം.

മനോസ്വാസ്ഥ്യം; രോഗങ്ങൾ; രാജാവിൽനിന്നും ശത്രുക്കളിൽനിന്നും ഭയം; വ്യവഹാരത്തിൽ പരാജയം; ശത്രുക്കളുടെ വർദ്ധന; ശക്തിക്കുറവ്; സകലവിധത്തിലുമുള്ള കഷ്ടപ്പാടുകൾ; എല്ലാ ജോലികളിലും പരാജയം.

5. വ്യാഴദശ — 16 കൊല്ലം.

സ്വാപഹാരം — 2 കൊല്ലം 1 മാസം 18 ദിവസം.

ഗുരുജനങ്ങൾ ഉപദേശം, കുടുംബസൗഖ്യം, തൊഴിലിൽ അഭിവൃദ്ധി, പുത്രലാഭം, കീർത്തി, നല്ലഭോജനം, സൽകാര്യങ്ങൾ, ആരോഗ്യം, [illegible], എല്ലാ കാര്യങ്ങളിലും വിജയം, തീർത്ഥയാത്ര.

ശനിയുടെ അപഹാരം — 2 കൊല്ലം 6 മാസം. 12 ദിവസം.

ദുഃഖം; തൊഴിലിൽ നഷ്ടങ്ങൾ; പുത്രന്മാർനിമിത്തം ധനനാശം; ദേഹത്തിൽ വേദന; ധനവ്യയം; ശത്രുഭയം; ബന്ധുനിമിത്തം കഷ്ടപ്പാടുകൾ; വാതരോഗം; അപകീർത്തി; കുടുംബത്തിലും മനസ്സിന് അസുഖം.

ബുധാപഹാരം — 2 കൊല്ലം 3 മാസം 6 ദിവസം.

മേലധികാരികൾക്ക് തൃപ്തി, ബന്ധുക്കളുമായി ഐക്യം, സുഖം, ശാസ്ത്രജ്ഞാനം, മിത്രങ്ങളാൽ സഹായം, കലാജ്ഞാനം, പുണ്യം, അന്നിമിത്തം ധനാഗമം, സന്താനലാഭം, ഭാഗ്യവർദ്ധനം.

കേതുവിന്റെ അപഹാരം — 11 മാസം 18 ദിവസം.

ധനലാഭം, തീർത്ഥയാത്ര, ഗൃഹം മാറിത്താമസിക്കൽ, ബന്ധുക്കളിൽനിന്നും സ്നേഹിതന്മാരിൽനിന്നും വിരോധം, വിഷഭയം. തൊഴിൽ ഉപേക്ഷിക്കും ധനനാശവും രോഗവും.

ശുക്രാപഹാരം — 2 കൊല്ലം 8 മാസം.

ഉന്നതപദവി, ഉദ്യോഗലാഭം, ധനാഗമം, കീർത്തി, പുത്രപൗത്രന്മാർക്ക് നല്ലനില, ആഭരണാലങ്കാരങ്ങൾ, മംഗളകർമ്മങ്ങൾ, വിവാഹാദിവിവിധ സുഖങ്ങൾ, ഭൂമിലാഭം, സ്ത്രീകൾ നിമിത്തം കഷ്ടപ്പാടുകൾ.

രവിയുടെ അപഹാരം— 9 മാസം 18 ദിവസം.

ശത്രുനാശം, ജയം, ദേഹത്തിന് സുഖം, സൽകർമ്മങ്ങൾ, രാജബഹുമതി, ധനാഗമം.

ചന്ദ്രാപഹാരം—1 കൊല്ലം 4 മാസം.

അഭിവൃദ്ധി, കീർത്തി, ഐശ്വര്യം, ധനാഗമം, പുത്രന്മാരിൽനിന്നും നേട്ടങ്ങൾ, സുന്ദരസ്ത്രീകളുമായി സുഖജീവിതം, നല്ല ഭക്ഷണം, വസ്ത്രം, സ്ത്രീസന്താനലബ്ധി, കുടുംബത്തിൽ സുഖം.

കുജാപഹാരം—11 മാസം 6 ദിവസം.

തീർത്ഥകർമ്മം, അടുത്തബന്ധുക്കൾക്ക് നാശം, ഉദരരോഗം, പനി, ധനനാശം, മനഃസന്താപം, തസ്കരഭയം.

രാഹുവിന്റെ അപഹാരം—2 കൊല്ലം 4 മാസം 24 ദിവസം.

രോഗമുണ്ടെന്ന സംശയം, ധനനഷ്ടം, സുഹൃത്തുക്കളിൽനിന്നും പണം ഉണ്ടാകും, കുടുംബത്തിൽ പല കഷ്ടപ്പാടുകളും ഉണ്ടാകും.

6. ശനിദശ:— 19 കൊല്ലം.

സ്വാപഹാരം—3 കൊല്ലം 3 ദിവസം.

മനോവ്യാധികൾ, ധനനഷ്ടം, വിഷഭയം, കുടുംബത്തിൽ കഷ്ടപ്പാടുകൾ, പനി, കഫരോഗങ്ങൾ, പുത്രനാശം, ശത്രുഭയം, കലഹം, ബന്ധുക്കളിൽനിന്നും കഷ്ടപ്പാടുകൾ, രക്തപിത്തം, [illegible].

ബുധാപഹാരം— 2 കൊല്ലം 8 മാസം 9 ദിവസം.

ധർമ്മകർമ്മങ്ങൾ; ധനാഗമം, പുത്രലാഭം, കൃഷിവ്യാപാരാദികളിൽ ഉന്നതി, സുഖം, കീർത്തി, മതകർമ്മനിരത, മേലധികാരികൾക്ക് തൃപ്തി.

കേതുവിന്റെ അപഹാരം. 1 കൊല്ലം 1 മാസം 9 ദിവസം.

രോഗം, (അധികപക്ഷവും വാതരോഗം) വിഷഭയം, ദുസ്വപ്നങ്ങൾ, കുടുംബകലഹങ്ങൾ, ദുഷ്ടസംസർഗ്ഗം, ധനനഷ്ടം.

ശുക്രാപഹാരം— 3 കൊല്ലം 2 മാസം.

ശുഭകരം, സുഖം, സമ്മാനലാഭങ്ങൾ, ശത്രുജയം, ജീവിതത്തിൽ ഐശ്വര്യകരമായ കാലം, ബന്ധുസുഖം, മിത്രങ്ങളെ സമ്പാദിക്കും.

രവിയുടെ അപഹാരം— 11 മാസം 12 ദിവസം.

ഭാര്യാപുത്രവിയോഗം, അസ്വസ്ഥമയം, ഹൃദ്രോഗം, കണ്ഠദോഷ്യം, കരൾ സംബന്ധിച്ച രോഗങ്ങൾ, നേത്രരോഗം, ഭാര്യാപുത്രാദികൾക്കും രോഗം.

ചന്ദ്രാപഹാരം— 1 കൊല്ലം 7 മാസം.

സ്നേഹിതന്മാർ, ബന്ധുക്കൾ ഇവർ ശത്രുക്കളായിത്തീരും, ഏറ്റം നീരിളക്കം, ധനനഷ്ടം, കന്നുകാലികൾ വർദ്ധിക്കും, വസ്തുക്കൾ പണയപ്പെടുത്തും, ദുഃഖം, വായുസംബന്ധമായ രോഗങ്ങൾ, കുടുംബകലഹങ്ങൾ.

കുജാപഹാരം— 1 കൊല്ലം 1 മാസം 9 ദിവസം.

കഠിനമായ രോഗം, ഉദ്യോഗമില്ലാതെ ജീവിതം, അപകടം, കഠിനമായ ശത്രുബാധകൾ, ദേശസഞ്ചാരം, ധനനഷ്ടം, സഹോദരീസഹോദരന്മാർക്ക് ബുദ്ധിമുട്ടുകൾ, ഉഷ്ണസംബന്ധമായ രോഗങ്ങൾ.

രാഹുവിന്റെ അപഹാരം— 2 കൊല്ലം 10 മാസം 6 ദിവസം.

ധനനഷ്ടം, പനി, ശത്രുഭയം, നിരന്തരക്ലേശങ്ങൾ.

വ്യാഴാപഹാരം — 2 കൊല്ലം 6 മാസം 12 ദിവസം.

ഈശ്വരസേവ; മഹാന്മാരുമായി സംബന്ധം; ഐശ്വര്യം അഭീഷ്ടങ്ങളെല്ലാം; കുടുംബസുഖം.

7. ബുധദശ — 17 കൊല്ലം

സ്വാപഹാരം — 2 കൊല്ലം 4 മാസം 27 ദിവസം.

നല്ല ബുദ്ധി, ധർമ്മപ്രവൃത്തികൾ, കലാവാസന, സ്വാമിഭക്തി, കീർത്തി, എല്ലാ സംഗതികളിലും ജയം, ധന ലാഭം സ്ഥാനമായി ഉണ്ടാകും.

കേതുവിന്റെ അപഹാരം — 11 മാസം 27 ദിവസം.

ദുഃഖം; രോഗം. ബന്ധുജനങ്ങളുമായി കലഹങ്ങൾ, വസ്തുനഷ്ടം; ബന്ധുക്കൾക്ക് കഷ്ടം. മനോവ്യഥ, ധനഹാനി, ശത്രുഭയം.

ശുക്രാപഹാരം — 2 കൊല്ലം 10 മാസം.

വസ്തുക്കൾ സമ്പാദിക്കും; വസ്ത്രാഭരണാദികൾ; പുത്രന്മാർ ഉണ്ടാകും, വിവാഹാദിസുഖങ്ങൾ, ബന്ധുക്കൾക്ക് സുഖം, അന്നസമൃദ്ധി; വാഹനം, ഗൃഹം, ധനലാഭം, ഇവ ഉണ്ടാകും, മഹാന്മാർ അനുഗ്രഹിക്കും.

സൂര്യാപഹാരം — 10 മാസം 6 ദിവസം.

തലയിലും വയറ്റിലും സുഖക്കേടുകൾ; ശത്രുഭയം; അപമാനം; ധനനഷ്ടം; കലഹങ്ങൾ; രാജഭയം.

ചന്ദ്രാപഹാരം — 1 കൊല്ലം 5 മാസം.

ആരോഗ്യത്തിന് ഹാനി; സ്ത്രീകൾവഴി ധനനഷ്ടം; വിജയം; സുഖം; ശത്രുക്കളുടെ ഉപദ്രവങ്ങൾ ഉണ്ടാകും; ഗുരുക്കന്മാരിൽനിന്നുള്ള ഭയം; സ്ത്രീകൾനിമിത്തം കലഹങ്ങൾ.

കുജാപഹാരം—11 മാസം 27 ദിവസം.

ധർമ്മകർമ്മങ്ങൾനിമിത്തം കീർത്തി, രാജകീയബഹുമതി, മതപ്പിത്തം, ശത്രുക്ഷയം, മദ്യപാനാസക്തി; വനാന്തരങ്ങളിൽ വാസം; ദുർബ്ബലനായ കള്ളനെങ്കിൽ ജയിൽവാസം; തലവേദന.

രാഹുവിന്റെ അപഹാരം _ 2 കൊല്ലം 6 മാസം 18 ദിവസം.

വ്യവഹാരങ്ങൾനിമിത്തം ധനനഷ്ടം, അവയിൽ അപജയവും; വ്യഭിചാരിണികളുമായി സംസർഗ്ഗം; അസത്തുക്കളുമായി കൂട്ടുകെട്ട്; വസ്തുക്കൾ സംബന്ധിച്ചു കലഹങ്ങൾ; ബന്ധുക്കളിൽനിന്നും സ്നേഹിതന്മാരിൽനിന്നും ധനലാഭം; സുഖം.

വ്യാഴാപഹാരം—2 കൊല്ലം 3 മാസം 6 ദിവസം.

ബന്ധുക്കൾക്ക് പൊലിപ്പ്, പുത്രലാഭം, രോഗങ്ങൾ, കീർത്തി, സുഖം, വിവാഹം.

ശനിയുടെ അപഹാരം—2 കൊല്ലം 8 മാസം 9 ദിവസം.

ബന്ധുക്കൾക്ക് നാശം; രോഗം കലഹം പുത്രനാശം; അപമാനം; ധർമ്മകർമ്മങ്ങൾ; കൃഷിമോഷം; നിർഭാഗ്യം ശത്രുഭയം.

8. കേതുദശ _7 കൊല്ലം.

സ്വാപഹാരം—4 മാസം 27 ദിവസം.

ധനനഷ്ടം; സുഖഹാനി; ബന്ധുവിരോധം; വിഷഭയം; ഭാര്യാപുത്രനാശം.

ശുക്രാപഹാരം _1 കൊല്ലം 2 മാസം.

ധനവും സുഖവും പുത്രലാഭം, ഭാര്യക്ക് രോഗം; പനി; പുത്രന്മാർക്ക് അനാരോഗ്യം; കലഹാദികൾ.

രവിയുടെ അപഹാരം—4 മാസം 6 ദിവസം.

നിരാശ; അനാരോഗ്യം; വിദേശവാസം; അപജയം ജ്ഞാനസമ്പാദനം; ഭാര്യയുടെ ആരോഗ്യത്തിനു കുറവു്.

ചന്ദ്രാപഹാരം— 7 മാസം.

പുത്രന്മാർനിമിത്തം ദുരിതങ്ങൾ, ബന്ധുനാശം, ധനനാശം, മനഃക്ലേശം.

കുജാപഹാരം—4 മാസം 27 ദിവസം.

ശത്രുഭയം; അധഃപതനകാലം; കണ്ണുശല്യങ്ങൾ; പല വിധത്തിലുള്ള കലഹങ്ങൾ; സ്ത്രീകൾനിമിത്തം പല കുഴപ്പങ്ങളും; പനി; തസ്കരഭയം; പുത്രന്മാരുടെരോഗങ്ങൾ.

രാഹുവിന്റെ അപഹാരം—1 കൊല്ലം 18 ദിവസം.

വസ്തുനാശം; കലഹങ്ങൾ; രക്തദൂഷ്യം; മാനനഷ്ടം; തസ്കരഭയം; നിന്ദ്യസ്ത്രീകളുമായി സംസർഗ്ഗം.

വ്യാഴാപഹാരം—11 മാസം 6 ദിവസം.

വസ്തുക്കൾ ഉണ്ടാകും; ഉദ്യോഗോന്നതി; പുത്രലാഭം; സജ്ജനങ്ങളും മഹാന്മാരുമായി സംസർഗ്ഗം: വിജയം, വിവാഹജീവിതം സുഖകരം.

ശനിയുടെ അപഹാരം—1 കൊല്ലം
1 മാസം 9 ദിവസം.

ഭർത്തൃവിയോഗം, ശത്രുഭയം, ജയിൽവാസം, ധനനഷ്ടം, മനഃക്ലേശങ്ങൾ, ബന്ധുക്കളുമായി അസുഖനില.

ബുധാപഹാരം—11 മാസം 27 ദിവസം.

പുത്രന്മാരെപ്പറ്റി ഉൽക്കണ്ഠ; അസൂയ; കള്ളപ്രവൃത്തികൾ; ജ്ഞാനസമ്പാദനം; ബന്ധുക്കളുമായി സഹവാസം.

ശുക്രദശ - 20 കൊല്ലം.

സ്വാപഹാരം—3 കൊല്ലം 4 മാസം.

പുത്രന്മാരും കീർത്തിയും ഉണ്ടാകും. എല്ലാ കാര്യങ്ങളിലും വിജയം നല്ല ഭൃത്യന്മാർ ധാരാളം ഐശ്വര്യം.

സൂര്യാപഹാരം—1 കൊല്ലം.

എല്ലാകാര്യങ്ങളിലും ഉൽകണ്ഠ; മറ്റുള്ളവരുമായി അസുഖം; കുടുംബകലഹങ്ങൾ; ശിരസ്സിന്നും കണ്ണിന്നും രോഗങ്ങൾ; കൃഷിനാശം; അധഃപതനം.

ചന്ദ്രാപഹാരം—1 കൊല്ലം 8 മാസം.

വിദ്യാഭ്യാസം; ധനാഗമം; പുത്രവാഹനാദിലാഭങ്ങൾ; ഈശ്വരഭക്തി; ശുഭകർമ്മസാധികം; മറ്റുള്ളവരുമായി അസുഖം; (ആദ്യകാലം മാത്രം)

കുജാപഹാരം—1 കൊല്ലം 2 മാസം.

നേത്രരോഗം; കഠിനാദ്ധ്വാനം; ധനാഗമം; വിവാഹം വസ്ത്രലാഭം; ഉദരരോഗങ്ങൾ; വിദേശവാസം; കർമ്മങ്ങളിൽ വൈമുഖ്യം; സുഖസമ്പാദനത്തിനുവേണ്ടി വളരെ പാടുപെടും.

രാഹുവിന്റെ അപഹാരം—3 കൊല്ലം.

ബന്ധുക്കളുമായി അസുഖം; ചതിപ്രവൃത്തികൾക്ക് വാസന; പിശുക്ക്; കള്ളന്മാരെക്കൊണ്ടു വിഷമങ്ങൾ; ബന്ധുക്കളുടെ വെറുപ്പ്; അഗ്നിഭയം; ഏകാന്തവാസം.

വ്യാഴാപഹാരം—2 കൊല്ലം 8 മാസം.

ജ്ഞാനസമ്പാദനം, അലൗകികമായ ശക്തികളെ സേവിക്കും; സുഖവും ആരോഗ്യവും; വിവാഹജീവിതം സുഖകരം, ജീവിതമൊട്ടുക്കും ഉയർച്ച; കർമ്മങ്ങളിൽനിന്നും ധനലാഭം; ഉദ്യോഗത്തിൽ ശമ്പളക്കയറ്റം.

ശനിയുടെ അപഹാരം—3 കൊല്ലം 2 മാസം.

ഐശ്വര്യവൃദ്ധി; അനാരോഗ്യം; രാജകോപ്; മഹാപുരുഷസംഗതി; കന്നിന് സുഖക്കേട്; ധനവും വസ്തുക്കളും ഉണ്ടാകും; മൂലക്കുരു മുതലായ രോഗങ്ങൾ വാതരോഗങ്ങൾ.

ബുധാപഹാരം—2 കൊല്ലം 10 മാസം.

വ്യഭിചാരിണികളുമായി സംസർഗ്ഗം; സുഖം; ജ്ഞാനം വ്യവഹാരങ്ങളിൽ ജയം; സംഗീതം പഠിക്കാൻ ആഗ്രഹം, കുടുംബജീവിതം സുഖകരം; അഭിവൃദ്ധി ആരോഗ്യം.

കേതുവിന്റെ അപഹാരം—1 കൊല്ലം 2 മാസം.

ബന്ധുക്കളുമായി അസുഖം; ശത്രുഭയം; തെറ്റിദ്ധാരണകൾ; ധനനഷ്ടം, മറ്റുനിമിത്തം കഷ്ടപ്പാടുകൾ; അപസ്മാരാദിരോഗശങ്കകൾ, ബന്ധനാശം, സജ്ജനങ്ങളുമായി സംസർഗ്ഗം; ഏകാന്തജീവിതം; നിരവധിദുഃഖങ്ങൾ. എന്നാൽ അന്ത്യത്തിൽ എല്ലാബുദ്ധിമുട്ടുകളും തീർന്ന് സുഖം അനുഭവിക്കുകയും ചെയ്യും.

Printed at the Saraswathi (Elec.) Ptg. & Pbg. House Trichur.


കേരള സാഹിത്യ
അക്കാദമി